بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11
ലക്കം 08-09

# ബദർ
വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

2026 ഫെബ്രുവരി 19-26 • ഹി.ശം 1405 തബ്‌ലീഗ് 19-26 •ഹിജ്‌രി ഖമരി 1447 റമദാൻ 01-08



## അല്ലാഹുവിന്റെ വചനം

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ هُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡهُدٰی وَالۡفُرۡقَانِ ۚ فَمَنۡ شَهِدَ مِنۡكُمُ الشَّهۡرَ فَلۡیَصُمۡهُ ؕ وَمَنۡ كَانَ مَرِیۡضًا اَوۡ عَلٰی سَفَرٍ فَعِدَّةٌ مِّنۡ اَیَّامٍ اُخَرَ ط یُرِیۡدُ اللّٰهُ بِكُمُ الۡیُسۡرَ وَلَا یُرِیۡدُ بِكُمُ الۡعُسۡرَ وَلِتُكۡمِلُوا الۡعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰی مَا هَدٰىكُمۡ وَلَعَلَّكُمۡ تَشۡكُرُوۡنَ ﴿۱۸۶﴾ سورۃ البقرہ :(186)

സമസ്ത മനുഷ്യർക്കും സൻമാർഗ ദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട്, നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ (ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളാരെങ്കിലും (താൽക്കാലികമായി) രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സൻമാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും, നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.



തിരുനബിﷺയുടെ തിരുവചനങ്ങൾ:

## റമദാൻ : സ്വർഗീയ കവാടങ്ങൾ തുറക്കപ്പെടുന്നു!

حَدَّثَنَا يَحْيَى بْنُ أَيُّوبَ وَقُتَيْبَةُ وَابْنُ حُجْرٍ، قَالُوا حَدَّثَنَا إِسْمَاعِيلُ وَهُوَ ابْنُ جَعْفَرٍ، عَنْ أَبِي سُهَيْلٍ، عَنْ أَبِيهِ، عَنْ أَبِي هُرَيْرَةَ رَضِيَ اللّٰهُ عَنْهُ، أَنَّ رَسُولَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ قَالَ: إِذَا جَاءَ رَمَضَانُ فُتِّحَتْ أَبْوَابُ الْجَنَّةِ، وَغُلِّقَتْ أَبْوَابُ النَّارِ، وَصُفِّدَتِ الشَّيَاطِينُ۔

(صحیح مسلم کِتَابُ الصِّیَام باب نمبر 1, حدیث نمبر 1779)

ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) പറയുന്നു:

റമദാൻ സമാഗതമാകുമ്പോൾ സ്വർക്ഷകവാടങ്ങൾ മലർക്കെ തുറക്കപ്പെടുകയും നരകാഗ്നിയുടെ വാതിലുകൾ പാടെ അടയ്ക്കപ്പെടുകയും പിശാചുക്കൾ ചങ്ങലക്കിടപ്പെടുകയും ചെയ്യുന്നു.



## നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുകയും നോമ്പ് ഹൃദയത്തെ പ്രഭാമയമാക്കുകയും ചെയ്യുന്നു

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:

നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുകയും നോമ്പ് ഹൃദയത്തെ പ്രഭാമയമാക്കുകയും ചെയ്യുന്നു. സൂര്യന്റെ താപത്തിനാണ് **റമദ്** എന്ന് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളും മറ്റെല്ലാ ശാരീരിക സുഖങ്ങളും ക്ഷമയോടെ വർജ്ജിക്കുന്നതിനാലും, അല്ലാഹുവിന്റെ കല്പനകൾക്കായി അന്ത:കരണത്തിൽ ഒരു ആവേശവും താപവും ജ്വലിപ്പിക്കുന്നതിനാലും ആ ആത്മീയവും ശാരീരികവുമായ താപം ഒത്തുചേർന്നതിനെയാണ് റമദാൻ എന്ന് പറയുന്നത്. ഉഷ്ണകാലത്ത് വന്നതുകൊണ്ടാണ് ഇതിന് റമദാൻ എന്ന് പേര് വന്നതെന്ന് ഭാഷാപണ്ഡിതന്മാർ പറയുന്നത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, അറബികൾക്ക് മാത്രമായി ഇങ്ങനെയൊരു പ്രത്യേകത ഉണ്ടാകാൻ കഴിയില്ല. ആത്മീയമായ റമദ് എന്നത് ആത്മീയമായ അനുഭൂതിയെയും മതപരമായ ആവേശത്തെയുമാണ് സൂചിപ്പിക്കുന്നത്. കല്ലുകൾപോലും ചൂടുപിടിക്കുന്ന താപത്തെയും റമദ് എന്ന് പറയാറുണ്ട്. *(അൽ ഹകം, വാല്യം 5, ലക്കം 27, 1901 ജൂലൈ 24, പേജ് 2)*

റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാക്കുന്നതിന് شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ എന്ന വാചകം മാത്രം മതി. ഹൃദയത്തെ പ്രകാശിപ്പിക്കുന്നതിന് (തൻവീറെ ഖൽബ്) ഏറ്റവും ഉത്തമമായ മാസമാണിതെന്നും ഇതിൽ ധാരാളമായി മുകാശഫാത്തുകൾ (ആത്മീയ വെളിപാടുകൾ) ഉണ്ടാകുമെന്നും സൂഫികൾ രേഖപ്പെടുത്തിയിട്ടുണ്ട്. നമസ്കാരം മന:ശുദ്ധീകരണവും നോമ്പ് ഹൃദയപ്രകാശവുമാണ് നൽകുന്നത്. മന:ശുദ്ധീകരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശാരീരിക ഇച്ഛകളുടെ അടിമത്തത്തിൽ നിന്നും അകലം പാലിക്കുക എന്നതാണ്. ഹൃദയപ്രകാശം എന്നാൽ ഈശ്വരദർശനം സാധ്യമാകുംവിധം വെളിപാടുകളുടെ (കശ്ഫ്) വാതിൽ തുറക്കപ്പെടുക എന്നതാണ്. اُنۡزِلَ فِیۡهِ الۡقُرۡاٰنُ എന്നതിൽ ഇതിലേക്ക് തന്നെയാണ് വിരൽ ചൂണ്ടുന്നത്. ഇതിൽ യാതൊരു സംശയവുമില്ല; നോമ്പിന് വലിയ പ്രതിഫലമുണ്ട്, എന്നാൽ രോഗങ്ങളും മറ്റു താല്പര്യങ്ങളും ഈ അനുഗ്രഹത്തിൽ നിന്ന് മനുഷ്യനെ തടയുന്നു. *(അൽ ബദ്ർ, വാല്യം 1, ലക്കം 7, 1902 ഡിസംബർ 12, പേജ് 52)*

**തഫ്സീർ കബീറിൽ നിന്ന്:**
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## റമദാൻ മാസത്തിന്റെ പ്രാധാന്യം

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ (സൂറത്തുൽ ബഖറ : 186)

റമദാൻ സവിശേഷ പ്രാധാന്യമുള്ള ഒരു മാസമാണ്. ഇസ്‌ലാമിനോടും ഈമാനിനോടും ആദരവുള്ള ഏതൊരു വ്യക്തിക്കും ഈ മാസം കടന്നുവരുന്നതോടെ തന്റെ ഹൃദയത്തിൽ ഒരു പ്രത്യേക ചലനവും ശരീരത്തിൽ ഒരുതരം വിറയലും അനുഭവപ്പെടാതിരിക്കില്ല. തിരുനബി(സ)ക്കും നമുക്കുമിടയിൽ എത്ര നൂറ്റാണ്ടുകൾ കടന്നുപോയാലും, എത്ര വർഷങ്ങൾ നമ്മെ തമ്മിൽ വേർപ്പെടുത്തിയാലും, എത്ര ദിവസങ്ങളുടെ ദൂരം നമുക്കിടയിൽ തടസ്സമായി നിന്നാലും ശരി, റമദാൻ മാസം വരുമ്പോൾ ഈ നൂറ്റാണ്ടുകളെയും വർഷങ്ങളെയും എല്ലാം ഈ മാസം ചുരുട്ടിക്കൂട്ടി ചെറുതാക്കിയതായും നമ്മൾ തിരുനബി(സ)യുടെ സമിപത്ത് എത്തിയതായും അനുഭവപ്പെടുന്നു.

തിരുനബി(സ)യുടെ അടുത്ത് മാത്രമല്ല, വിശുദ്ധ ഖുർആൻ അല്ലാഹുവിൽ നിന്ന് അവതരിക്കപ്പെട്ടതായതുകൊണ്ട് ഈ ദൂരങ്ങളെയെല്ലാം റമദാൻ ഒതുക്കി നമ്മെ അല്ലാഹുവിനോട് അടുപ്പിച്ചതായും അനുഭവപ്പെടുന്നു. ഒരു മനുഷ്യന് അല്ലാഹുവിനോടുള്ള അകലം, ഒരു സൃഷ്ടിക്ക് തന്റെ സ്രഷ്ടാവിനോടുള്ള അകലം, ദുർബലനും നിസ്സാരനുമായ ഒരുവന് ആകാശഭൂമികളുടെ നാഥനായ അല്ലാഹുവിനോടുള്ള ആ അകലം,അത് സൂര്യകിരണങ്ങളാൽ രാത്രിയിലെ

ശേഷം പേജ് 16 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

(എഡിറ്റോറിയൽ)

# പരിശുദ്ധ റമദാൻ : തിരുനബി(സ)യുടെ മഹത്തായ സത്യസാക്ഷ്യം

പുണ്യമാസമായ റമദാൻ അല്ലാഹുവിനുള്ള ആരാധനയെയും സൃഷ്ടിസേവനത്തെയും കുറിച്ച് ഓർമ്മിപ്പിക്കുന്നത് പോലെ തന്നെ, തിരുനബി(സ)യുടെ സത്യസാക്ഷ്യത്തിനുള്ള ഒരു മുദ്ര കൂടിയാകുന്നു. തിരുനബി(സ)യുടെ നിറവേറ്റപ്പെട്ടതും അന്ത്യനാൾ വരെ നിറവേറിക്കൊണ്ടിരിക്കുന്നതുമായ എണ്ണമറ്റ പ്രവചനങ്ങളിൽ ഒന്നിൽ ഇങ്ങനെ കാണാം:

തിരുനബി(സ) പറയുന്നു: **നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങളുണ്ട്. ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടത് മുതൽ ഇത്തരത്തിലൊരു അടയാളം മറ്റാർക്കും വേണ്ടി പ്രകടമായിട്ടില്ല. റമദാൻ മാസത്തിലെ ചന്ദ്രഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ട തീയതികളിൽ (13,14,15) ആദ്യ ത്തെ രാത്രിയിൽ ചന്ദ്രഗ്രഹണവും, അതേ റമദാനിൽ തന്നെ സൂര്യഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ട തീയതികളിൽ (27,28,29) മധ്യദിവസത്തിൽ സൂര്യഗ്രഹണവും സംഭവിക്കും. അല്ലാഹു ആകാശഭൂമികൾ സൃഷ്ടിച്ചത് മുതൽ ഈ രണ്ട് അടയാളങ്ങൾ മറ്റാർക്കും വേണ്ടിയും വെളിപ്പെട്ടിട്ടില്ല.**

ഈ മഹത്തായ അടയാളം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത കാലഘട്ടത്തിലാണ് വെളിപ്പെട്ടത്. അദ്ദേഹം 1891ൽ ഇമാം മഹ്ദിയും വാഗ്ദത്ത മസീഹും ഠ ആണെന്ന വാദം ഉന്നയിച്ചു. ഈ വാദത്തിന് കൃത്യം 3 വർഷങ്ങൾക്ക് ശേഷം 1894ലെ റമദാൻ മാസത്തിൽ ചന്ദ്രഗ്രഹണം സംഭവിച്ചു. 1311 ഹിജ്റ റമദാൻ 13ന് (1894 മാർച്ച് 21 ബുധനാഴ്ച വൈകുന്നേരം 7 മുതൽ 9 വരെ) ചന്ദ്രഗ്രഹണമുണ്ടായി. അതുപോലെ അതേ റമദാനിൽ തന്നെ റമദാൻ 28ന് (1894 ഏപ്രിൽ 6ന് രാവിലെ 9 മുതൽ 11 വരെ) സൂര്യഗ്രഹണവും സംഭവിച്ചു. ഇങ്ങനെ ഇമാം മഹ്ദി ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അവകാശവാദം ഉന്നയിച്ചു കഴിഞ്ഞതിനു ശേഷം തിരുനബി(സ)യുടെ ഈ പ്രവചനം അതീവ പ്രതാപത്തോടെ പുലരുകയുണ്ടായി.

ആ കാലഘട്ടത്തിൽ ഈ അടയാളം കണ്ട് നിരവധി ആളുകൾ ഇമാം മഹ്ദിയെ സ്വീകരിച്ചു. ആ വർഷം റമദാൻ 13ന് ചന്ദ്രഗ്രഹണം ഉണ്ടായപ്പോൾ ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ജമാഅത്തിലെ അംഗങ്ങളും ഖാദിയാന് ചുറ്റുമുള്ളവരും സൂര്യഗ്രഹണത്തിനായി അതീവ താല്പര്യത്തോടെ കാത്തിരുന്നു. അവരിൽ പലരും സൂര്യഗ്രഹണം ദർശിക്കുന്നതിന് ഖാദിയാനിലെത്തി. റമദാൻ 28ന് സൂര്യഗ്രഹണം ദർശിച്ചതോടെ അവർക്കെല്ലാം തിരുനബി(സ)യുടെയും ഹദ്റത്ത് മസിഹ് മൗഊദ്(അ)ന്റെയും സത്യസാക്ഷ്യത്തിൽ ദൃഢബോധ്യം വരികയും തിരുനബി(സ)യുടെ ഈ അത്ഭുത ദൃഷ്ടാന്തം കണ്ട് അവർ തിരുനബി(സ)നു മേൽ ഹൃദയയാത്മനാ നിന്ന് സ്വലാത്തുകൾ നേരുകയും കൊണ്ടിരുന്നു.

ഈ ആകാശ അടയാളം വെളിപ്പെട്ട സമയത്ത് ഖാദിയാനിലെ സാഹചര്യങ്ങൾ എപ്രകാരമായിരുന്നു? ഹദ്റത്ത് മിർസ അയ്യൂബ് ബേഗ് കലാനൂരി(റ), അദ്ദേഹത്തിന്റെ സഹോദരൻ എന്നിവർ നിവേദനം ചെയ്യുന്ന വിശ്വാസ വർദ്ധക വിവരണം: (അസ്ഹാബെ അഹ്മദ്, വാല്യം 1, പേജ് 8081) താഴെ നൽകുന്നു:

'റമദാൻ മാസത്തിൽ ചന്ദ്രനും സൂര്യനും ഗ്രഹണം ബാധിക്കുമെന്ന പ്രവചനം ദാറഖുത്നി തുടങ്ങിയ ഹദീസുകളിൽ മഹ്ദിയുടെ അടയാളമായി വിവരിക്കപ്പെട്ടിട്ടുണ്ട്. 1894 മാർച്ചിലെ റമദാനിൽ ആദ്യം ചന്ദ്രഗ്രഹണം സംഭവിച്ചു. ആ റമദാനിൽ തന്നെ സൂര്യഗ്രഹണം നടക്കാനുള്ള ദിവസങ്ങൾ അടുത്തപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം ഈ അടയാളം കാണുന്നതിനും കുസൂഫ് (ഗ്രഹണ) നമസ്കാരം നിർവഹിക്കുന്നതിനുമായി രണ്ട് സഹോദരന്മാരും നിശ്ചയിച്ചു. വ്യാഴാഴ്ച വൈകുന്നേരം ലാഹോറിൽ നിന്ന് പുറപ്പെട്ട് രാത്രി ഏകദേശം 11 മണിക്ക് ബട്ടാലയിലെത്തി. അടുത്ത ദിവസം അതിരാവിലെ (1894 ഏപ്രിൽ 6, വെള്ളിയാഴ്ച) ഗ്രഹണം നടക്കേണ്ടതായിരുന്നു.'

ശക്തമായ കാറ്റും ഇടിമിന്നലുമുണ്ടായിരുന്നു. കാറ്റ് എതിർദിശയിൽ നിന്നായിരുന്നു വീശിയിരുന്നത്, മണ്ണ് കണ്ണുകളിൽ വന്നു വീഴുന്നുണ്ടായിരുന്നു. കാൽപ്പാദങ്ങൾ ശരിയായി മുന്നോട്ട് വെക്കാൻ കഴിയാത്ത അവസ്ഥ, മിന്നൽ പിണരുകളുടെ വെളിച്ചത്തിൽ മാത്രമാണ് വഴി കാണാൻ കഴിഞ്ഞിരുന്നത്. കൂടെ നാട്ടുകാരനായ മൗലവി അബ്ദുൽ അലാ(റ) ഉണ്ടായിരുന്നു. എന്തുതന്നെയായാലും രാത്രിതന്നെ ഖാദിയാനിൽ എത്തണമെന്ന് എല്ലാവരും ഉറപ്പിച്ചു. അങ്ങനെ മൂവരും വഴിയിൽ നിന്ന് അങ്ങേയറ്റം വിനയത്തോടെ ഇപ്രകാരം ദു:ആ ചെയ്തു: അല്ലാഹുവേ, നീ ആകാശഭൂമികളുടെ സർവ്വശക്തനായ നാഥനാണ്. ഞങ്ങൾ നിന്റെ നിസ്സാരരായ ദാസന്മാരാണ്. നിന്റെ മസീഹിനെ സന്ദർശിക്കാൻ പോകുന്ന ഞങ്ങളോട് നീ കരുണ കാണിക്കേണമേ. ഞങ്ങൾക്ക് വഴി എളുപ്പമാക്കിത്തരികയും ഈ എതിർകാറ്റിനെ ദൂരീകരിക്കുകയും ചെയ്യേണമേ.

ദു:ആയുടെ അവസാന വാക്ക് ഉച്ചരിക്കുമ്പോൾ തന്നെ കാറ്റിന്റെ ദിശ മാറി. അത് മുന്നിൽ നിന്ന് വീശുന്നതിന് പകരം പിന്നിൽ നിന്ന് വീശാൻ തുടങ്ങുകയും യാത്രയ്ക്ക് സഹായകമാവുകയും ചെയ്തു. വായുവിലൂടെ പറന്നുപോകുന്നതുപോലെയാണ് ഞങ്ങൾക്ക് തോന്നിയത്. കുറച്ചുസമയത്തിനുള്ളിൽ കനാലിന് അടുത്തെത്തി. അവിടെ ചെറിയ തോതിൽ മഴ ചാറാൻ തുടങ്ങിയപ്പോൾ കനാലിനടുത്തുള്ള ഒരു ചെറിയ മുറിയിൽ കയറി നിലത്ത് ഉറങ്ങി. കുറച്ചു കഴിഞ്ഞ് കണ്ണ് തുറന്നപ്പോൾ ആകാശം തെളിഞ്ഞ നിലയിലായിരുന്നു, നക്ഷത്രങ്ങൾ ഉദിച്ചുനിൽക്കുന്നു. കാറ്റിന്റെയോ മേഘത്തിന്റെയോ യാതൊരു ലക്ഷണവുമില്ലായിരുന്നു.

അങ്ങനെ വീണ്ടും യാത്ര തിരിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദസ്തർഖാനിൽ (സുപ്രയിൽ) നിന്ന് അത്താഴം കഴിക്കുകയും ചെയ്തു. രാവിലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം കുസൂഫ് നമസ്കാരം നിർവഹിച്ചു. മസ്ജിദ് മുബാറക്കിന്റെ മുകളിൽ വെച്ച് ഹദ്റത്ത് സയ്യിദ് മുഹമ്മദ് അഹ്സൻ അംറോഹി(റ) ആണ് നമസ്കാരത്തിന് നേതൃത്വം നൽകിയത്. മൂന്ന് മണിക്കൂറോളം നമസ്കാരവും മറ്റും നീണ്ടുനിന്നു. പല സുഹൃത്തുക്കളും ഗ്ലാസ്സുകളിൽ മഷി പുരട്ടി ഗ്രഹണം കാണാൻ ഒരുങ്ങിയിരുന്നു. ഗ്ലാസ്സിൽ ചെറിയ തോതിൽ കറുപ്പ് പടർന്നു തുടങ്ങിയപ്പോൾ തന്നെ സൂര്യഗ്രഹണം ആരംഭിച്ചു എന്ന് ആരോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു. അദ്ദേഹം ഗ്ലാസ്സിലൂടെ അത് ദർശിച്ചു.

ഈ സന്ദർഭത്തിൽ ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ അംറോഹി(റ) ഈ മഹത്തായ ആകാശ ദൃഷ്ടാന്തത്തെക്കുറിച്ച് റമദാൻ 28ന് തന്നെ നാല് പേജുകളുള്ള ഒരു പരസ്യം പ്രസിദ്ധീകരിച്ചു. അതിൽ മുഹമ്മദിയ്യാ ഉമ്മത്തിനു ആശംസകൾ നേരുകയും യഥാർഥ മഹ്ദിയെ സ്വീകരിക്കാൻ അവരെ ക്ഷണിക്കുകയും ചെയ്തു.

ചുരുക്കത്തിൽ ഓരോ റമദാനും അഹ്മദികളെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ തിരുനബി(സ)യുടെ പ്രവചനത്തിന്റെ സത്യസന്ധതയെക്കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ) യഥാർഥ മഹ്ദിയാണെന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. ഇതിനുള്ള നന്ദി പ്രകാശനം എന്നത്, റമദാൻ മാസത്തെ അതിന്റെ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ട് സ്വീകരിക്കുകയും അതീവ ജാഗ്രതയോടെ അതിനെ പൂർത്തിയാക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിനോടുള്ള ഇബാദത്തുകളും സ്നേഹവും നമ്മുടെ ആഹാരമായി മാറണം, സൃഷ്ടികളോടുള്ള സഹതാപം നമ്മുടെ ശീലമാകണം. കൂടാതെ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) നൽകുന്ന എല്ലാ നിർദ്ദേശങ്ങളും സശ്രദ്ധം കേൾക്കുകയും അവ പൂർണ്ണഹൃദയത്തോടെ പ്രാവർത്തികമാക്കുകയും ചെയ്യുന്നവരായി നമ്മൾ മാറണം.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹ്) 2023 മാർച്ച് 31ലെ ജുമുഅ ഖുത്ബയിൽ പറയുന്നു:

നമുക്ക് റമദാനിന്റെ യഥാർത്ഥ അനുഗ്രഹങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ ഖുർആൻ പാരായണം ചെയ്യുന്നതിലും അതിനെക്കുറിച്ച് ചിന്തിക്കുന്നതിലും നമ്മൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. പള്ളികളിൽ ദർസുകൾ (ക്ലാസ്സുകൾ) ഏർപ്പെടുത്തിയിട്ടുള്ള ഇടങ്ങളിൽ അവ കേൾക്കുകയും വേണം. ഖുർആന്റെ

ശേഷം പേജ് 16 ൽ

# ഖുത്ബ ജുമുഅ

**2026 ജനുവരി 9, 1405 സുൽഹ് 9 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

**പിശുക്കും ഈമാനും (വിശ്വാസം) ഒരേ ഹൃദയത്തിൽ ഒന്നിച്ചുനിൽക്കില്ലെന്ന് ഞാൻ തീർച്ചയായും വിശ്വസിക്കുന്നു. സന്നദ്ധമായ ഹൃദയത്തോടെ അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാൾ തന്റെ പെട്ടിയിൽ പൂട്ടിവെച്ചിരിക്കുന്ന സമ്പാദ്യത്തെ മാത്രമല്ല തന്റെ ധനമായി കാണുന്നത്; മറിച്ച് അല്ലാഹുവിന്റെ സകല ഖജനാവുകളെയും അവൻ സ്വന്തം ഖജനാവുകളായി കരുതുന്നു. പ്രകാശം വരുമ്പോൾ ഇരുട്ട് അകലുന്നതുപോലെ അവനിൽ നിന്ന് പിശുക്ക് ഇല്ലാതാകുന്നു. (ഹദ്റത്ത് മസീഹ് മൗഊദ്(അ))**

**അല്ലാഹു പറയുന്നു: നിങ്ങൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന കാര്യങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുമ്പോൾ മാത്രമാണ് യഥാർത്ഥ ത്യാഗമാകുന്നത്. എങ്കിൽ മാത്രമേ നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രീതി നേടാനും അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകാനും സാധിക്കുകയുള്ളൂ.**

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അഹ്മദിയ്യാ ജമാഅത്തിലെ ഭൂരിഭാഗം ആളുകളും വളരെ സന്തോഷത്തോടെ സാമ്പത്തിക ത്യാഗങ്ങളിൽ പങ്കുചേരുന്നു. എന്നാൽ എന്നാൽ ഞാൻ പറഞ്ഞതുപോലെ ചിലരിൽ ഇതിനോട് വൈമനസ്യമുണ്ട്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കേണ്ടത് അനിവാര്യമാണെന്ന കാര്യം അവർ ഓർത്തിരിക്കേണ്ടതാണ്.**

**ജനങ്ങളോടുള്ള അനുകമ്പയും മാനുഷിക പരിഗണനയും മുൻനിർത്തി നാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കേണ്ടതുണ്ട്. അങ്ങനെ അതിലൂടെ ജനങ്ങളെ സഹായിക്കാനും ഇസ്‌ലാമിന്റെ സന്ദേശ പ്രചാരണത്തിനുമായി ഈ തുക വിനിയോഗിക്കപ്പെടുന്നു.**

**സാധാരണക്കാരും ഇടത്തരക്കാരുമായ ആളുകളാണ് പലപ്പോഴും വലിയ സാമ്പത്തിക ത്യാഗങ്ങൾ ചെയ്യുന്നത് എന്ന് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. കാരണം, തങ്ങൾ നൽകുന്ന ഈ ധനം അല്ലാഹു തിരികെ നൽകുമെന്നും തങ്ങൾ അവന്റെ അനുഗ്രഹങ്ങൾക്ക് അർഹരാകുമെന്നും ഉള്ള ബോധ്യം അവർക്കുണ്ട്.**

**അല്ലാഹു എങ്ങനെയാണ് ആളുകളെ അനുഗ്രഹിക്കുന്നത് എന്ന് നാം അനുഭവിച്ചറിഞ്ഞതാണ്. കാരണം എല്ലാ ഖജനാവുകളും അല്ലാഹുവിന്റെ പക്കലാണെന്ന് അവർ വിശ്വസിക്കുന്നു.**

**അല്ലാഹുവിന്റെ അനുഗ്രഹത്താൽ, വഖ്ഫെ ജദീദിന്റെ 68-ാം വർഷത്തിൽ ലോകമെമ്പാടുമുള്ള അഹ്മദികൾ ഏകദേശം 14.97 മില്യൺ പൗണ്ട് (ഏകദേശം 15 മില്യൺ പൗണ്ട്) സാമ്പത്തിക ത്യാഗമായി സമർപ്പിച്ചു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 1.3 മില്യൺ പൗണ്ട് അധികമാണ്.**

**ഈ ത്യാഗങ്ങളിൽ പങ്കുചേർന്ന എല്ലാവരുടെയും സമ്പത്തിലും ജീവിതത്തിലും അല്ലാഹു സമൃദ്ധമായി അനുഗ്രഹങ്ങൾ ചൊരിയട്ടെ.**

**വഖ്ഫെ ജദീദ് 68-ാം വർഷത്തിലെ സാമ്പത്തിക ത്യാഗങ്ങളുടെ അവലോകനവും 69-ാം നവവത്സര വിളംബരവും**

**വിവിധ രാജ്യങ്ങളിലെ ആത്മാർത്ഥതയുള്ള അഹ്മദികളുടെ സാമ്പത്തിക ത്യാഗങ്ങളുടെ ഈമാൻ വർദ്ധിപ്പിക്കുന്ന സംഭവവിവരണങ്ങൾ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

لَنْ تَنَالُوا الْبِرَّ حَتّٰی تُنْفِقُوْا مِمَّا تُحِبُّوْنَ ۵ وَمَا تُنْفِقُوْا مِنْ شَیْءٍ فَاِنَّ اللّٰہَ بِہٖ عَلِیْمٌ - (آل عمران:93)

അർഥം: നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്നു നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ (പരിപൂർണ) നൻമ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്നു ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

ഇതിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) എഴുതുന്നു:

'വിശുദ്ധ ഖുർആനിൽ സൂറത്തുൽ ബഖറയിലെ ആദ്യത്തെ റുകൂഅ് ആരംഭിക്കുന്നിടത്ത് മുത്തഖിയെക്കുറിച്ച്

وَمِمَّا رَزَقْنَاھُمْ یُنْفِقُوْنَ (البقرۃ ۴)

എന്ന് പ്രസ്താവിച്ചിരിക്കുന്നു. അതായത് അല്ലാഹു അവർക്ക് നല്കിയതിൽ നിന്നും അവർ ചിലവഴിക്കുന്നു. ഇത് ആദ്യ റുകൂഅിലെ പരാമർശമാണ്. പിന്നീട് ഈ സൂറത്തിൽ പലയിടത്തും അല്ലാഹുവിന്റെ മാർഗത്തിലുള്ള ധനവ്യയത്തിന് (ഇൻഫാഖ് ഫീ സബീലില്ലാഹ്) വലിയ ഊന്നൽ നല്കിയിട്ടുണ്ട്. അതിനാൽ, നിങ്ങളുടെ ധനത്തിൽ നിന്ന് നിങ്ങൾ ചിലവഴിക്കുന്നത് വരെ നിങ്ങൾക്ക് യഥാർത്ഥ നന്മ കൈവരിക്കാനാവില്ല. **മിമ്മാ തുഹിബ്ബൂൻ** (നിങ്ങൾ ഇഷ്ടപ്പെടുന്നവയിൽ നിന്ന്) എന്നതിന്റെ അർത്ഥം എന്റെ വീക്ഷണത്തിൽ ധനമാണ്, കാരണം അല്ലാഹു പറയുന്നു:

وَاِنَّہٗ لِحُبِّ الْخَیْرِ لَشَدِیْدٌ (العادیات۹)-

'തീർച്ചയായും മനുഷ്യന് ധനത്തോട് കടുത്ത സ്നേഹമുണ്ട്. അതിനാൽ യഥാർത്ഥ നന്മ ലഭിക്കുന്നതിന് നിങ്ങളുടെ പ്രിയപ്പെട്ട വസ്തുവായ ധനത്തിൽ നിന്ന് ചിലവഴിച്ചുകൊണ്ടിരിക്കുക എന്നത് അത്യാവശ്യമാണ്.'

(حقائق الفرقان جلد 1 صفحہ 500)

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമും പലയിടങ്ങളിൽ ഇതിന് വ്യാഖ്യാനം നല്കിയിട്ടുണ്ട്. ഒരിടത്ത് അദ്ദേഹം പറയുന്നു:

**'ധനത്തോട് സ്നേഹം പാടില്ല. അല്ലാഹു അരുളിച്ചെയ്യുന്നു:**

تَنَالُوا الْبِرَّ حَتّٰی تُنْفِقُوْا مِمَّا تُحِبُّوْنَ

**നിങ്ങൾ ഇഷ്ടപ്പെടുന്ന വസ്തുക്കളിൽ നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നത് വരെ നിങ്ങൾക്ക് ഒരിക്കലും പുണ്യം നേടാനാവില്ല.'**

തുടർന്ന് അദ്ദേഹം പറയുന്നു:

'ഉപയോഗശൂന്യവും നിസ്സാരവുമായ വസ്തുക്കൾ ചിലവഴിക്കുന്നതിലൂടെ ഒരാൾക്കും നന്മ ചെയ്യുന്നു എന്ന് അവകാശപ്പെടാനാവില്ല. നന്മയിലേക്കുള്ള വാതിൽ ഇടുങ്ങിയതാണ്. അതിനാൽ, നിസ്സാരമായ കാര്യങ്ങൾ ചിലവഴിക്കുന്നതിലൂടെ ആർക്കും അതിൽ പ്രവേശിക്കാനാവില്ല എന്ന കാര്യം മനസ്സിലാക്കുക. കാരണം ഖണ്ഡിതമായ പ്രമാണം ഇതാണ്:

تَنَالُوا الْبِرَّ حَتّٰی تُنْفِقُوْا مِمَّا تُحِبُّوْنَ

ഏറ്റവും പ്രിയപ്പെട്ടതും ഇഷ്ട

പ്പെട്ടതുമായ വസ്തുക്കൾ ചിലവഴിക്കുന്നത് വരെ പ്രിയപ്പെട്ടവൻ എന്ന പദവി ലഭിക്കില്ല. പ്രയാസം സഹിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, യഥാർത്ഥ നന്മ സ്വായത്തമാക്കാൻ തയ്യാറല്ലെങ്കിൽ നിങ്ങൾക്ക് എങ്ങനെ വിജയികളും ലക്ഷ്യം പ്രാപിച്ചവരും ആകാൻ കഴിയും?' (تفسیر حضرت مسیح موعودؑ جلد2 صفحہ 130-131)

ചിലപ്പോൾ നന്നായി സമ്പാദിക്കുന്നവർ സാമ്പത്തിക ത്യാഗങ്ങളിൽ ഒരു സാധാരണ ഇടത്തരം വരുമാനക്കാരനായ അഹ്മദിയുടെ നിലവാരത്തിൽ എത്തുന്നില്ല. അങ്ങനെയുള്ളവർ ചിന്തിക്കണം. അല്ലാഹു പറയുന്നു: നിങ്ങൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന കാര്യങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുമ്പോൾ മാത്രമാണ് യഥാർത്ഥ ത്യാഗമാകുന്നത്. എങ്കിൽ മാത്രമേ നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രീതി നേടാനും അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകാനും സാധിക്കുകയുള്ളൂ.

അല്ലാഹു ഒന്നോ രണ്ടോ സ്ഥലത്തല്ല, മറിച്ച് **ഖുർആനിൽ പലയിടത്തും അല്ലാഹുവിന്റെ മാർഗത്തിലുള്ള ധനവ്യയത്തിന് കൽപ്പന നല്കിയിട്ടുണ്ട്.**

ഉദാഹരണത്തിന് ഒരിടത്ത് അല്ലാഹു അരുളിച്ചെയ്യുന്നു:

وَاَنۡفِقُوۡا فِیۡ سَبِیۡلِ اللّٰہِ وَلَا تُلۡقُوۡا بِاَیۡدِیۡکُمۡ اِلَی التَّہۡلُکَۃِ وَاَحۡسِنُوۡا اِنَّ اللّٰہَ یُحِبُّ الۡمُحۡسِنِیۡنَ
(البقرہ۔۱۹۶)

അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ (ധനം) ചെലവുചെയ്യുക. നിങ്ങളുടെ കൈകളാൽ നിങ്ങളെ (സ്വയം) നാശത്തിൽ ആപതിപ്പിക്കരുത്. നിങ്ങൾ നന്മ ചെയ്യുക. നിശ്ചയമായും നന്മ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.

അതിനാൽ അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കാതിരിക്കുന്നത് ചിലപ്പോൾ നാശത്തിൽ എത്തിക്കും.

**ഒരു വശത്ത് ഈ കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിക്കുന്നവരാണെന്നും നബി തിരുമേനി(സ)യുടെ പ്രവചനം പൂർത്തീകരിക്കുന്നവരാണെന്നും അദ്ദേഹത്തിന്റെ പ്രവചനപ്രകാരം മസീഹ് മൗഊദിന്റെ ജമാഅത്തിൽ പ്രവേശിച്ചവരാണെന്നുമുള്ള അവകാശവാദവും മറുവശത്ത് ചിലപ്പോൾ സാമ്പത്തിക ത്യാഗങ്ങളിൽ വൈമനസ്യം ഉണ്ടാകുന്നതും ശരിയല്ല.**

പൊതുവെ ജമാഅത്തിൽ ഇക്കാര്യത്തിൽ വലിയ ശ്രദ്ധയുണ്ട്, എന്നാൽ അല്ലാഹു ധാരാളം ഐശ്വര്യം നല്കിയിട്ടുള്ള ചിലരിൽ ഇങ്ങനെയുള്ള ചിന്തകൾ ഉണ്ടാകാറുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അഹ്മദിയ്യാ ജമാഅത്തിലെ ഭൂരിഭാഗം ആളുകളും വളരെ സന്തോഷത്തോടെ സാമ്പത്തിക ത്യാഗങ്ങളിൽ പങ്കുചേരുന്നു. എന്നാൽ എന്നാൽ ഞാൻ പറഞ്ഞതുപോലെ ചിലരിൽ ഇതിനോട് വൈമനസ്യമുണ്ട്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കേണ്ടത് അനിവാര്യമാണെന്ന കാര്യം അവർ ഓർത്തിരിക്കേണ്ടതാണ്.

കൂടുതൽ സമ്പാദിക്കുന്നവർ തീർച്ചയായും പല തഹ്‌രീക്കുകളിലും (പദ്ധതി) വലിയ തോതിൽ പങ്കുചേരുന്നുണ്ട്, എന്നാൽ അനുബന്ധമായി ഞാൻ ഇതും കൂടി പറയട്ടെ, സ്വന്തം വരുമാനത്തിന്റെ ഹിസ്സ ആമദ് ചന്ദ ശരിയായ നിരക്കിൽ നല്കാത്തവരും അതിൽ കൃത്യനിഷ്ഠ പാലിക്കാത്തവരും സ്വയം പരിശോധന നടത്തേണ്ടതുണ്ട്. പിന്നീട് അല്ലാഹു ഖുർആനിൽ മറ്റൊരിടത്ത് അരുളിച്ചെയ്യുന്നു:

اٰمِنُوۡا بِاللّٰہِ وَرَسُوۡلِہٖ وَاَنۡفِقُوۡا مِمَّا جَعَلَکُمۡ مُّسۡتَخۡلَفِیۡنَ فِیۡہِ فَالَّذِیۡنَ اٰمَنُوۡا مِنۡکُمۡ وَاَنۡفَقُوۡا لَہُمۡ اَجۡرٌ کَبِیۡرٌ (الحدید۔۸)

നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങളെ അവൻ ഏതൊന്നിൽ അവകാശികളാക്കിയിട്ടുണ്ടോ, അതിൽനിന്ന് (അല്ലാഹുവിന്റെ മാർഗത്തിൽ) ചെലവു ചെയ്യുക അപ്പോൾ, നിങ്ങളിൽനിന്ന് വിശ്വസിക്കുകയും ചെലവഴിക്കുകയും ചെയ്യുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ട്.

**അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നവർക്ക് അല്ലാഹു വലിയ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു.**

അതുപോലെ അല്ലാഹു അരുളിച്ചെയ്യുന്നു:

وَمَا لَکُمۡ اَلَّا تُنۡفِقُوۡا فِیۡ سَبِیۡلِ اللّٰہِ وَلِلّٰہِ مِیۡرَاثُ السَّمٰوٰتِ وَالۡاَرۡضِ (الحدید۔۱۱)

അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കാൻ നിങ്ങൾക്കെന്തു കാരണമാണുള്ളത്? ആകാശങ്ങളുടെയും ഭൂമിയുടെയും മുഴുവൻ അവകാശവും അല്ലാഹുവിന്റേതാണല്ലോ.

അതായത് ഈ ഭൗതിക ലോകത്ത് മനുഷ്യൻ തന്റെ കൈവശമുള്ളതെല്ലാം ഒടുവിൽ ഉപേക്ഷിച്ച് മരിക്കുന്നതാണ്. അത് അല്ലാഹുവിന്റെ അധീനതയിൽ തന്നെ വരും. മനുഷ്യന്റെ കൈവശം ഒന്നും അവശേഷിക്കില്ല. അല്ലെങ്കിൽ അനന്തരാവകാശം വിഭജിക്കപ്പെടും, അവകാശികൾ ശരിയല്ലെങ്കിൽ അവർ അത് നശിപ്പിക്കും. അവന്റെ കൈവശം ഈ ലോകത്തോ പരലോകത്തോ ഒന്നും ബാക്കിയുണ്ടാവില്ല. അതിനാൽ നേരത്തെ തന്നെ അല്ലാഹുവിനെ ഭയപ്പെടുകയും അവനുവേണ്ടി ചിലവഴിക്കുകയും ചെയ്താൽ അല്ലാഹു അതിൽ അനുഗ്രഹം ചൊരിയുകയും തലമുറകളെ സംരക്ഷിക്കുകയും ചെയ്യും.

അല്ലാഹു ഖുർആനിൽ മറ്റൊരിടത്ത് അരുളിച്ചെയ്യുന്നു:

فَاتَّقُوا اللّٰہَ مَا اسۡتَطَعۡتُمۡ وَاسۡمَعُوۡا وَاَطِیۡعُوۡا وَاَنۡفِقُوۡا خَیۡرًا لِّاَنۡفُسِکُمۡ وَمَنۡ یُّوۡقَ شُحَّ نَفۡسِہٖ فَاُولٰٓئِکَ ہُمُ الۡمُفۡلِحُوۡنَ۔ (التغابن۔۱۷)

അതുകൊണ്ട് നിങ്ങൾ കഴിവതും അല്ലാഹുവിനെ സൂക്ഷിക്കുക. ശ്രദ്ധിച്ചുകേൾക്കുകയും അനുസരിക്കുകയും (അവന്റെ മാർഗത്തിൽ ധനം) ചെലവഴിക്കുകയും ചെയ്യുക. അത് നിങ്ങൾക്കുതന്നെ ഗുണകരമായിരിക്കും. തങ്ങളുടെ മനസ്സിന്റെ പിശുക്കിൽ നിന്നു രക്ഷപ്പെടുന്നവരാരോ, അവർതന്നെയാണ് വിജയികൾ.

അതിനാൽ ഈ പിശുക്കും ലുബ്ധും ശരിയല്ലെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശിയാകണമെങ്കിൽ അവന്റെ മാർഗത്തിൽ ചിലവഴിക്കേണ്ടി വരും.

**ഇതുപോലെ ഖുർആനിൽ ധാരാളം ആയത്തുകളുണ്ട്, അവ നമ്മെ ധനത്തിൽ നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കാൻ പ്രേരിപ്പിക്കുന്നു. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പലതവണ പരാമർശിച്ചതുപോലെ മതപ്രചാരണത്തിനും മതപരമായ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഇസ്ലാമിക പ്രബോധനത്തിനും ധനം ആവശ്യമാണ്. ധനത്തിൽ നിന്ന് നിങ്ങൾ ചിലവഴിക്കേണ്ടതുണ്ട്.**

ദീനിനു വേണ്ടി ധനം ചിലവഴിക്കുന്നവർക്ക് അതിന്റെ ഗുണം അവർക്ക് മാത്രമല്ല, മറിച്ച് മുഴുവൻ ജനതയ്ക്കും ലഭിക്കുന്നു എന്ന് ഞാൻ ആയത്തോതി വിശദീകരിച്ചത് ഓർത്തിരിക്കണം. അതിനാൽ

ജനങ്ങളോടുള്ള അനുകമ്പയും മാനുഷിക പരിഗണനയും മുൻനിർത്തി നാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കേണ്ടതുണ്ട്. അങ്ങനെ അതിലൂടെ ജനങ്ങളെ സഹായിക്കാനും ഇസ്‌ലാമിന്റെ സന്ദേശ പ്രചാരണത്തിനുമായി ഈ തുക വിനിയോഗിക്കപ്പെടുന്നു.

ഹദീസുകളിലും നബി തിരുമേനി(സ) പലയിടത്തും സാമ്പത്തിക ത്യാഗം ചെയ്യണമെന്ന് ഉപദേശിച്ചിട്ടുണ്ട്.

ഹദ്റത്ത് ഹസൻ(റ)ൽ നിന്നുള്ള നിവേദനം, ഇതൊരു ഹദീസ് ഖുദ്സിയാണ്, നബി തിരുമേനി(സ) അല്ലാഹുവിൽ നിന്ന് ഇപ്രകാരം ഉദ്ധരിച്ചു:

**അല്ലയോ ആദമിന്റെ മകനേ, നിന്റെ നിധി എന്റെ അടുക്കൽ നിക്ഷേപിച്ച് സമാധാനമായിരിക്കുക. അത് തീ പിടിക്കുമെന്നോ വെള്ളത്തിൽ മുങ്ങുമെന്നോ കള്ളൻ മോഷ്ടിക്കുമെന്നോ ഭയപ്പെടേണ്ടതില്ല. എന്റെ അടുക്കൽ വച്ച നിധി നിനക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ള ദിവസം ഞാൻ പൂർണ്ണമായി നിനക്ക് നല്കും.**

(الجامع لشعب الایمان جلد 5 صفحہ 45، الثانی والعشرون من شعب الایمان، باب التحریض علی صدقۃ التطوع حدیث 3071، مکتبہ الرشد)

അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിച്ചാൽ അല്ലാഹു ആ ധനം പൂർണ്ണമായി തിരിച്ചുനല്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഖുർആനിൽ അല്ലാഹു പറയുന്നു:

وَمَا تُنۡفِقُوۡا مِنۡ خَیۡرٍ یُّوَفَّ اِلَیۡکُمۡ وَاَنۡتُمۡ لَا تُظۡلَمُوۡنَ (البقرہ۔۲۷۳)

ഏതൊരു നല്ലധനം നിങ്ങൾ ചെലവഴിക്കുന്നുവോ അതു (അതിനുള്ള പ്രതിഫലം) നിങ്ങൾക്കു തന്നെയാണ് (ലഭിക്കുക). നിങ്ങളോട് അനീതി ചെയ്യപ്പെടുകയുമില്ല.

മറ്റൊരിടത്ത് അത് പല മടങ്ങായി വർദ്ധിപ്പിച്ചു നല്കുമെന്നും അരുളിച്ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നവർക്ക് നല്കുന്ന അല്ലാഹുവിന്റെ രീതികളാണിവ. നമ്മൾ ഭാഗ്യവാന്മാരാണ്.

ഞാൻ നേരത്തെ പറഞ്ഞതുപോലെ അഹ്മദികളിൽ ഭൂരിഭാഗവും ഇക്കാര്യത്തിൽ ബോധവാന്മാരാണ്.

അവർ അല്ലാഹുവിന്റെ മാർഗത്തിൽ ധാരാളം ചിലവഴിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും ഇത്തരം ത്യാഗങ്ങളുടെ ഉദാഹരണങ്ങളുണ്ടായിരുന്നു. അവ കണ്ടിട്ട് ഒരിക്കൽ അദ്ദേഹം പ്രസ്താവിച്ചു:

പാവപ്പെട്ടവരായ ഈ ആളുകൾ മതത്തിന് വേണ്ടി ഇത്രയധികം ത്യാഗങ്ങൾ ചെയ്യുന്നത് കണ്ട് ഞാൻ അത്ഭുതപ്പെടുന്നു. (ملفوظات جلد10 صفحہ263)

ഇന്നും സ്ഥിതി ഇതുതന്നെയാണ്. അഹ്മദികളിൽ ഭൂരിഭാഗവും അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കേണ്ടതുണ്ടെന്ന കാര്യത്തിൽ വലിയ ബോധമുള്ളവരാണ്.

സാധാരണക്കാരും ഇടത്തരക്കാരുമായ ആളുകളാണ് പലപ്പോഴും വലിയ സാമ്പത്തിക ത്യാഗങ്ങൾ ചെയ്യുന്നത് എന്ന് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. കാരണം, തങ്ങൾ നൽകുന്ന ഈ ധനം അല്ലാഹു തിരികെ നൽകുമെന്നും തങ്ങൾ അവന്റെ അനുഗ്രഹങ്ങൾക്ക് അർഹരാകുമെന്നും ഉള്ള ബോധ്യം അവർക്കുണ്ട്.

അത് എങ്ങനെ എന്നത് അല്ലാഹുവിന് നന്നായറിയാം.

**ഈ ലോകത്തും പരലോകത്തും. പരലോകത്ത് അല്ലാഹു അത് തിരിച്ചുനല്കുകയും പുണ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും എന്നതാണ് പ്രധാനം. ഈ ത്യാഗങ്ങൾ അവരുടെ പദവികൾ ഉയരാൻ കാരണമാകും.**

മറ്റൊരു ഹദീസിൽ നബി തിരുമേനി(സ) പറഞ്ഞു:

**ആരെങ്കിലും ശുദ്ധമായ വരുമാനത്തിൽ നിന്ന് ഒരു ഈത്തപ്പഴമെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ നല്കിയാൽ - അല്ലാഹു ശുദ്ധമായവ മാത്രമേ സ്വീകരിക്കുകയുള്ളൂ - അല്ലാഹു ആ ഈത്തപ്പഴത്തെ തന്റെ വലതുകൈ കൊണ്ട് സ്വീകരിക്കുകയും അത് ഒരു മലയോളം വലുതാകുന്നത് വരെ വർദ്ധിപ്പിക്കുകയും ചെയ്യും. നിങ്ങളിൽ ഒരാൾ തന്റെ ചെറിയ കന്നുകുട്ടിയെ വളർത്തി വലുതാക്കുന്നതുപോലെ നിങ്ങളുടെ ധനവും വർദ്ധിക്കും.**

( صحیح البخاری جلد3 صفحہ28 تا29 کتاب الزکاۃ باب الصدقۃ من کسب طیب روایت نمبر1410 شائع کردہ نظارت اشاعت ربوہ)

പക്ഷേ ധനം ശുദ്ധമായിരിക്കണം എന്ന നിബന്ധനയുണ്ട്. തെറ്റായ വഴിയിലൂടെ സമ്പാദിച്ചതോ തെറ്റായ രീതിയിൽ ലാഭമുണ്ടാക്കി ചന്ദ നല്കുന്നതോ ആകരുത്. മറിച്ച് ധനം ശുദ്ധമാകുമ്പോൾ മാത്രമേ അല്ലാഹു അത് സ്വീകരിക്കുകയുള്ളൂ.

മറ്റൊരു ഹദീസിൽ നബി തിരുമേനി(സ) പറഞ്ഞു:

അന്ത്യദിനത്തിൽ വിചാരണ അവസാനിക്കുന്നത് വരെ അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നവൻ തന്റെ ധനത്തിന്റെ തണലിലായിരിക്കും.

(مسند احمد بن حنبل جلد5 صفحہ895 مسند عقبۃ بن عامر حدیث17466 مکتبہ عالم الکتب بیروت)

അതിനാൽ അന്ത്യദിനത്തിലും സാമ്പത്തിക ത്യാഗങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹം ആകർഷിക്കുന്നവയായിരിക്കും, അവ സദുദ്ദേശ്യത്തോടെയും ശുദ്ധമായ ധനത്തിൽ നിന്നുമാണ് നിർവഹിച്ചതെങ്കിൽ. ഞാൻ നേരത്തെ പറഞ്ഞതുപോലെ ജമാഅത്ത് അംഗങ്ങൾ ഇത് മനസ്സിലാക്കുന്നു, തഖ്‌വയുള്ളവരുടെ സാമ്പത്തിക ത്യാഗങ്ങൾ സ്വീകരിക്കപ്പെടുമെന്നും അല്ലാഹു അവർക്ക് അനേകം അനുഗ്രഹങ്ങൾ നല്കുമെന്നും അല്ലാഹു അരുളിച്ചെയ്തിട്ടുണ്ട്. ജമാഅത്തിലെ മിക്കവരും ഇത് പ്രവർത്തിക്കാൻ ശ്രമിക്കുന്നു.

അല്ലാഹു ഖുർആനിൽ അരുളിച്ചെയ്യുന്നു:

وَمَنۡ يَّتَّقِ اللّٰهَ يَجۡعَلۡ لَّهٗ مَخۡرَجًا ۔ وَّيَرۡزُقۡهُ مِنۡ حَيۡثُ لَا يَحۡتَسِبُ ؕ وَمَنۡ يَّتَوَكَّلۡ عَلَى اللّٰهِ فَهُوَ حَسۡبُهٗ ؕ اِنَّ اللّٰهَ بَالِغُ اَمۡرِهٖ ؕ قَدۡ جَعَلَ اللّٰهُ لِكُلِّ شَىۡءٍ قَدۡرًا (الطلاق:4-3)

അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും. തന്റെ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നവനാരോ അവന് അല്ലാഹു മതിയായവനാകുന്നു. അല്ലാഹു തന്റെ (ഉദ്ദിഷ്ട) കാര്യം പ്രാപിക്കുന്നവൻ തന്നെയാണ്. ഓരോ വസ്തുവിനും അല്ലാഹു ഓരോ അളവു നിർണയിച്ചിട്ടുണ്ട്. അതനുസരിച്ചാണ് അവൻ നൽകുന്നതും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

നാം തഖ്‌വയിലും പരിശുദ്ധിയിലും എത്രത്തോളം പുരോഗതി കൈവരിച്ചു എന്നതിന്റെ മാനദണ്ഡം ഖുർആനാണെന്ന് എപ്പോഴും ഓർക്കണം. മുത്തഖിയുടെ അടയാളങ്ങളിൽ ഒന്നായി അല്ലാഹു വച്ചിരിക്കുന്നത്, അല്ലാഹു മുത്തഖിയെ ഭൗതികമായ പ്രയാസങ്ങളിൽ നിന്ന് മോചിപ്പിക്കുകയും അവന്റെ കാര്യങ്ങൾ സ്വയം ഏറ്റെടുക്കുകയും ചെയ്യും എന്നതാണ്.

وَمَنۡ يَّتَّقِ اللّٰهَ يَجۡعَلۡ لَّهٗ مَخۡرَجًا ۔ وَّيَرۡزُقۡهُ مِنۡ حَيۡثُ لَا يَحۡتَسِبُ (الطلاق:3،4)

എന്ന് അരുളിച്ചെയ്തതുപോലെ. അല്ലാഹുവിനെ ഭയപ്പെടുന്നവന് ഓരോ വിപത്തിലും അല്ലാഹു മോചനത്തിന്റെ വഴി തുറന്നു കൊടുക്കുന്നു. അല്ലാഹുവിനെ ഭയപ്പെടുന്നവർ ക്ക് മാത്രമേ അവനുവേണ്ടി ത്യാഗം ചെയ്യാൻ സാധിക്കൂ. അവർ അങ്ങനെ ചെയ്യുമ്പോൾ ഞങ്ങളുടെ ആവശ്യങ്ങൾ എങ്ങനെ പൂർത്തിയാകും എന്ന ആശങ്ക അവർക്കുണ്ടാവില്ല. അല്ലാഹു അവർക്കായി വഴികൾ തുറക്കുന്നു. അല്ലാഹു അവർക്ക് മോചനത്തിന്റെ വഴി നല്കുമെന്നും അവന്റെ അറിവിലോ പ്രതീക്ഷയിലോ ഇല്ലാത്ത രീതിയിൽ ഉപജീവന മാർഗങ്ങൾ നല്കുമെന്നും അദ്ദേഹം പറഞ്ഞു.

(ملفوظات جلد اول صفحہ10۔11، ایڈیشن2022ء)

മറ്റൊരിടത്ത് അദ്ദേഹം പറയുന്നു:

“അല്ലാഹു തനിക്ക് വേണ്ടി ത്യാഗം ചെയ്യുന്നവരെയും തഖ്‌വ പാലിക്കുന്നവരെയും വിപത്തുകളിൽ നിന്ന് സംരക്ഷിക്കുന്നു.

അല്ലാഹു ആരുടെയെങ്കിലും സംരക്ഷണം ഏറ്റെടുത്താൽ അവർ ലോകത്തിലെ ദുഖങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടുകയും സമാധാനപൂർണ്ണമായ ജീവിതത്തിൽ പ്രവേശിക്കുകയും ചെയ്യും. അവർക്കായി അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്:

وَمَنۡ يَّتَّقِ اللّٰهَ يَجۡعَلۡ لَّهٗ مَخۡرَجًا ۔ وَّيَرۡزُقۡهُ مِنۡ حَيۡثُ لَا يَحۡتَسِبُ (الطلاق:3،4)

തഖ്‌വ പാലിക്കുന്നവനെ അല്ലാഹു തന്റെ അനുഗ്രഹത്താൽ എല്ലാ വിപത്തുകളിൽ നിന്നും പുറത്തുകൊണ്ടുവരും. അവന്റെ ഉപജീവനത്തിന് ഉത്തരവാദിത്വമേൽക്കു കയും നിനച്ചിരിക്കാത്ത രീതിയിൽ പ്രദാനം ചെയ്യുകയും ചെയ്യും.”

(ملفوظات جلد6 صفحہ217، ایڈیشن2022)

അതുപോലെ ഒരിടത്ത് അദ്ദേഹം പറഞ്ഞു:

തവക്കൽ (ഭരമേല്പിക്കൽ) ചെയ്യുന്നവരും അല്ലാഹുവിലേക്ക് തിരിയുന്നവരും ഒരിക്കലും നശിക്കില്ല.

അദ്ദേഹം തുടരുന്നു: ‘യഥാർത്ഥ ഉപജീവനം നല്കുന്നവൻ അല്ലാഹുവാണ്, അവനിൽ ഭരമേൽപ്പിക്കുന്നവന് ഒരിക്കലും ഉപജീവനം നഷ്ടപ്പെടില്ല. അല്ലാഹു ആകാശത്തുനിന്ന് വർഷിക്കുമെന്നും കാൽക്കൽ നിന്ന് പുറപ്പെടുവിക്കുമെന്നും അരുളിച്ചെയ്തിട്ടുണ്ട്. അതിനാൽ എല്ലാവരും അല്ലാഹുവിൽ ഭരമേൽപ്പിക്കണം.’

(ملفوظات جلد9 صفحہ241-240)

ഇത്തരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പലയിടങ്ങളിലും ഉപദേശങ്ങൾ നല്കുകയും ഈ ആയത്തിന് വ്യാഖ്യാനം നല്കുകയും ചെയ്തിട്ടുണ്ട്.

ജമാഅത്തിലെ അംഗങ്ങൾ ഇത് മനസ്സിലാക്കുന്നു എന്നത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. അവർ ജമാഅത്തിന് വേണ്ടി ത്യാഗങ്ങൾ ചെയ്യുന്നവരും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കാണുന്നവരുമാണ്. ലോകത്ത് അനേകം ഉദാഹരണങ്ങൾ ഓരോ വർഷവും നമ്മുടെ മുന്നിൽ വരുന്നു.

ഇപ്പോൾ ഞാൻ വഖ്ഫെ ജദീദിനെക്കുറിച്ചാണ് സംസാരിക്കുന്നത്. അതിനാൽ വഖ്ഫെ ജദീദിലേക്ക് ചന്ദ നൽകുകയും, അതിലൂടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രമാവുകയും ചെയ്ത ചിലരുടെ ഉദാഹരണങ്ങൾ ഞാൻ സമർപ്പിക്കാം. അല്ലെങ്കിൽ, തങ്ങൾ ത്യാഗം ചെയ്താൽ അല്ലാഹു തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരുമെന്ന് അല്ലാഹുവിൽ അവർക്ക് എത്രത്തോളം ഉറപ്പും വിശ്വാസവും ഉണ്ടായിരുന്നു എന്നതിന്റെ ഉദാഹരണങ്ങൾ ഞാൻ വിവരിക്കാം.

ഞാൻ നേരത്തെ പറഞ്ഞതുപോലെ തന്നെ, ഇടത്തരക്കാരോ കുറഞ്ഞ വരുമാനമുള്ളവരോ ആയ ആളുകളിലാണ് ത്യാഗമനോഭാവം കൂടുതലായി കാണപ്പെടുന്നത്. പൊതുവെ അങ്ങനെയുള്ളവരുടെ ഉദാഹരണങ്ങളാണ് നമ്മുടെ മുന്നിൽ വരാറുള്ളതും.

ഇന്തോനേഷ്യയിലെ പംഗീർ ജമാഅത്തിലെ താഹിറ സാഹിബ എന്ന സ്ത്രീ പറയുന്നു: ഞാൻ ഒരു പാർട്ട് ടൈം ടീച്ചറായിരുന്നു, ശമ്പളം വളരെ കുറവായിരുന്നു. വഖ്ഫെ ജദീദ് സാമ്പത്തിക വർഷത്തിന്റെ അവസാനം എനിക്ക് നാഷണൽ സെക്രട്ടറി സാഹിബിന്റെ സന്ദേശം ലഭിച്ചു, എന്റെ ഒരു ലക്ഷത്തി മുപ്പതിനായിരം രൂപയുടെ വാഗ്ദാനം ബാക്കിയുണ്ട്. എന്റെ പക്കൽ ഒരു ചെറിയ ബിസിനസ്സ് തുടങ്ങാൻ വച്ചിരുന്ന അത്രയും തുക മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഉള്ളിൽ ചെറിയൊരു സംഘർഷം ഉണ്ടായെങ്കിലും പിന്നീട് ഞാൻ അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് ആ തുക മുഴുവൻ വഖ്ഫെ ജദീദിൽ നല്കി. അല്ലാഹുവിന്റെ കൃപയാൽ എനിക്ക് സ്കൂളിൽ നിന്ന് അപ്രതീക്ഷിതമായി ഒരു ബോണസ് ലഭിച്ചു. അതോടൊപ്പം ഗവൺമെന്റിന്റെ സബ്സിഡി പട്ടികയിൽ

എന്റെ പേര് ഉൾപ്പെട്ടതായും അറിയിപ്പ് ലഭിച്ചു. ഞാൻ അല്ലാഹുവിന് നന്ദി പറഞ്ഞുതീരുന്നതിന് മുമ്പ് തന്നെ എന്റെ ടീച്ചർ രജിസ്ട്രേഷൻ നമ്പറും ലഭിച്ചു, വർഷങ്ങളായി ഞാൻ അതിനായി കാത്തിരിക്കുകയായിരുന്നു. ഈ ചന്ദ നല്കിയതിന്റെ ഫലമായാണ് അല്ലാഹു ഈ അനുഗ്രഹം നല്കിയതെന്ന് എനിക്ക് ഉറപ്പാണ്.

കിഴക്കൻ ആഫ്രിക്കൻ രാജ്യമായ കെനിയ.

**ഇന്തോനേഷ്യയും കെനിയയും തമ്മിൽ ആയിരക്കണക്കിന് മൈൽ ദൂരമുണ്ട്, പക്ഷേ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എല്ലായിടത്തും ഒരുപോലെയാണ്.**

കെനിയയിലെ അമീർ സാഹിബ് ഒരു സംഭവം എഴുതുന്നു: ഒരു മുഅല്ലിം, ഒരു സ്ത്രീയുടെ അനുഭവം വിവരിക്കുകയുണ്ടായി. അവർ കൃത്യമായി ചന്ദ നല്കുന്നവരാണ്, കാര്യമായ വരുമാനമില്ലെങ്കിലും ഇക്കാര്യത്തിൽ സ്ഥിരതയുള്ളവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്താവിച്ചതുപോലെ അല്ലാഹുവിന്റെ മാർഗത്തിൽ ധനം നല്കുക എന്നത് ഹൃദയം പറിച്ചു നല്കുന്നതുപോലെയാണ്. ആ വർഷം അവരുടെ വഖ്ഫെ ജദീദ് വാഗ്ദാനം നാനൂറ് ഷില്ലിംഗ് ആയിരുന്നു, അത് അവർ നല്കി. എന്റെ പക്കൽ ആകെ ഉണ്ടായിരുന്ന തുക ഇതാണെന്നും ഇപ്പോൾ എന്റെ കൈവശം ഒന്നുമില്ലെന്നും അവർ പറഞ്ഞു. എന്നാൽ അല്ലാഹു എങ്ങനെയാണ് അവരോട് പെരുമാറിയത്? അല്ലാഹു അരുളിച്ചെയ്യുന്നു: ഞാൻ നിങ്ങളെ വെറുംകയ്യോടെ ആക്കുകയില്ല. അവർ തന്റെ കൈവശം ഒന്നുമില്ലെന്നു പറഞ്ഞപ്പോൾ അല്ലാഹു പറയുന്നു: ഞാൻ നിങ്ങളെ വെറുംകയ്യോടെ ആക്കുകയില്ല. നിങ്ങൾ വിചാരിക്കാത്തിടത്തുനിന്ന് ഞാൻ ഉപജീവനം നല്കും. കുറച്ചു ദിവസങ്ങൾക്ക് ശേഷം മകളിൽ നിന്ന് പതിനാലായിരം ഷില്ലിംഗ് അവർക്ക് ലഭിച്ചു. മകൾ എഴുതി, ഈ സംഖ്യയിൽ നിന്നു ചന്ദ അടച്ചു ബാക്കിയുള്ളതു കൊണ്ടു ചെലവു പൂർത്തിയാക്കുക. പിന്നീട് മരുമകൻ ഫോൺവിളിച്ചു. വിവാഹശേഷം മകളുടെ ഹഖ് മഹർ മാതാപിതാക്കൾ കൊടുക്കുന്നത് അവിടെയുള്ള സമ്പ്രദായമാണ്. മരുമകൻ ഹഖ് മഹർ രണ്ട് പശുക്കളെ അയച്ചുകൊടുത്തു. അവയ്ക്ക് തൊണ്ണൂറായിരം ഷില്ലിംഗ് വിലയുണ്ടായിരുന്നു. അത്രമാത്രമല്ല, അവർ പറഞ്ഞു, താൻ നാനൂറ് ഷില്ലിംഗ് നല്കി, എന്നാൽ അല്ലാഹു അപ്രതീക്ഷിതമായി അനേകം അനുഗ്രഹങ്ങൾ നല്കി. അപ്രതീക്ഷിതമായ നിലയിൽ കുടുംബക്കാരിൽ നിന്നും മറ്റുകുട്ടികളുടെ ഭാഗത്തുനിന്നും ഉപഹാരങ്ങളും നിത്യവൃത്തിയ്ക്കായുള്ള പണം ലഭിച്ചുതുടങ്ങി. അതിൽ അവർ അല്ലാഹുവിനു നന്ദി പ്രകടിപ്പിച്ചു. അതുമുഖേന അവർക്ക് ചന്ദ നല്കിയതിലൂടെയാണ് ഇങ്ങനെ സംഭവിച്ചതെന്ന് പൂർണവിശ്വാസമുണ്ടായി.

**ചന്ദ നല്കുന്നതിലൂടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുകയും ജനങ്ങളുടെ വിശ്വാസം വർദ്ധിക്കുകയും ചെയ്യുന്നു.**

ആഫ്രിക്കൻ രാജ്യമായ ഗിനി കുനാക്കിരിയിലെ ഒരു മുബല്ലിഗ് എഴുതുന്നു: കോണ്ടിയ റീജിയണിലെ ഒരു ഗ്രാമത്തിൽ താമസിക്കുന്ന ഒരു അഹ്മദി സഹോദരി ഈ വർഷത്തെ തന്റെ വഖ്ഫെ ജദീദ് വാഗ്ദാനമായി ഒരു ലക്ഷത്തി അമ്പതിനായിരം ഗിനി ഫ്രാങ്ക് നിശ്ചയിച്ചിരുന്നു. സംഖ്യ കേൾക്കുമ്പോൾ ലക്ഷങ്ങൾ എന്ന് തോന്നുമെങ്കിലും അവിടെ പണത്തിന് വലിയ മൂല്യമില്ലാത്തതിനാൽ ഇതൊരു നിസ്സാര തുകയാണ്. വർഷാവസാനം പ്രാദേശിക മിഷണറി ചന്ദ പിരിക്കാൻ ചെന്നപ്പോൾ അവർ ചന്തയിൽ പച്ചക്കറി വിൽക്കാൻ പോയിരിക്കുകയായിരുന്നു. സമയം കുറവായതിനാൽ അദ്ദേഹം ചന്തയിൽ ചെന്ന് അവരെ കണ്ടു ബാക്കിയുള്ള തുകയെക്കുറിച്ച് ഓർമ്മിപ്പിച്ചു. ആ സമയത്ത് തന്റെ പക്കൽ പണമൊന്നുമില്ലെന്ന് അവർ വിഷമത്തോടെ പറഞ്ഞു. കുറച്ചു കഴിഞ്ഞ് വരാനും എങ്ങനെയെങ്കിലും ഇൻശാ അല്ലാഹ് തുക എത്തിക്കാമെന്നും അവർ അറിയിച്ചു. ഇസ്‌ലാമും അഹ്മദിയ്യത്തും സ്വീകരിച്ച ആ സഹോദരിയുടെ വിശ്വാസത്തിലുള്ള പുരോഗതി നോക്കൂ; അവർ നിങ്ങൾ പോയ്ക്കൊള്ളുക എനിക്കു ഇപ്പോൾ എനിക്ക് തരാനാകില്ല എന്നു പറഞ്ഞ് ഒഴിവാക്കിയില്ല, മറിച്ച് എന്റെ പക്കൽ ഒന്നുമില്ല ഞാൻ പെട്ടന്ന് എങ്ങനെയെങ്കിലും സൗകര്യപ്പെടുത്തി താങ്കൾക്ക് എത്തിക്കാമെന്ന് ഉറപ്പുനല്കി. എന്തായാലും മുബല്ലിഗ് സാഹിബ് അവിടെ നിന്നും അടുത്ത ഗ്രാമത്തിലേക്കു പോയി. തിരിച്ച് അതേ ഗ്രാമത്തിലേക്ക് വന്ന് ആ സ്ത്രീയുടെ അടുത്തു പോയപ്പോൾ അവർ ഒരു ലക്ഷം ഫ്രാങ്ക് അദ്ദേഹത്തെ ഏൽപ്പിച്ചു. തന്റെ അന്നത്തെ മുഴുവൻ വരുമാനവും ഇതാണെന്നും ഇത് ഞാൻ ദൈവമാർഗത്തിൽ സമർപ്പിക്കുന്നുവെന്നും പറഞ്ഞു.

കുട്ടികൾക്ക് നല്ല ഭക്ഷണം നല്കാനായി കരുതിയതായിരുന്നു ഇതെന്നും അവർ പറഞ്ഞു. 'കുറെ ദിവസങ്ങളായി വീട്ടിൽ നല്ല ഭക്ഷണം പാകം ചെയ്തിട്ട്. കുട്ടികൾക്ക് നല്ലത് നല്കണമെന്ന് കരുതിയതാണ്, പക്ഷേ താങ്കൾ പറഞ്ഞതുപോലെ അല്ലാഹുവിന്റെ മാർഗത്തിൽ നല്കുന്ന പ്രിയപ്പെട്ട ധനം ഒരിക്കലും പാഴാകില്ലെന്ന് തന്നെയാണ് എന്റെയും അനുഭവം. മനുഷ്യന് ചിന്തിക്കാൻ പോലുമാകാത്ത ഭാഗത്തുനിന്നും അല്ലാഹു സൗകര്യമൊരുക്കുന്നു. അതുകൊണ്ടു എന്റെ ത്യാഗം ഒരിക്കലും പാഴാകില്ലെന്നു ഞാൻ കരുതിക്കൊണ്ട് ഞാൻ മുഴുവൻ സംഖ്യയും ചന്ദ നല്കി.' പറയുന്നു: മിഷണറി അവിടെ നിൽക്കുമ്പോൾ തന്നെ ആ സഹോദരിക്ക് മകന്റെ ഫോൺ കോൾ വന്നു. എന്റെ പക്കൽ നിങ്ങൾക്കു തരാൻ ഒരു സംഖ്യയുണ്ട്. ഇന്നയിടത്ത് വന്ന് അത് കൊണ്ടുപോയ്ക്കൊള്ളുക. മകനെ ചെന്ന് കണ്ടപ്പോൾ അവൻ അവർക്ക് അഞ്ച് ലക്ഷം ഫ്രാങ്ക് നൽകിക്കൊണ്ടു പറഞ്ഞു ഇത് വീട്ടുചിലവിനുള്ളതാണ്. സന്തോഷത്തോടെ അവർ മടങ്ങി വന്ന് ഇക്കാര്യം പറയാൻ തുടങ്ങിയപ്പോഴേക്കും വീണ്ടും കോൾ വന്നു. വേറെ ഒരു പട്ടണത്തിൽ താമസിക്കുന്ന മറ്റൊരു മകൻ വിളിക്കുകയും ഞാൻ ഇവിടെ അടുത്തുതന്നെയുണ്ട് ഒരിടത്തേക്കുള്ള യാത്രയിലാണ് എനിക്ക് അങ്ങോട്ടുവരാനാകില്ല. എന്റെയടുത്ത് വന്നാലും ഒരുസമ്മാനം തരാനുണ്ട്. അദ്ദേഹവും മൂന്ന് ലക്ഷം ഫ്രാങ്ക് നൽകിക്കൊണ്ടു പറഞ്ഞു ഇത് വീട്ടുചിലവിനുള്ളതാണ്. അവർ തിരിച്ചു വന്നിട്ട്, ജമാഅത്തിനുവേണ്ടി ത്യാഗം ചെയ്തപ്പോൾ അല്ലാഹു എപ്രകാരമാണ് എനിക്കുമേൽ അനുഗ്രഹം ചെയ്തതെന്നു കണ്ടപ്പോൾ എന്റെ ഈമാൻ വർദ്ധിച്ചെന്നും ജമാഅത്ത് സത്യമാണെന്നും ദൈവമാർഗത്തിൽ നമ്മൾ ത്യാഗം ചെയ്യുമ്പോൾ ദൈവദൃഷ്ടിയിൽ അതു സ്വീകരിക്കപ്പെടുമെന്നും എനിക്കുമനസ്സിലായെന്നും സാക്ഷ്യപ്പെടുത്തി. പറയുന്നു, ഞാൻ ഒരുലക്ഷം നല്കിയപ്പോൾ അല്ലാഹു അത് പലമടങ്ങ് വർദ്ധിപ്പിച്ചുതന്നു.

മറ്റൊരു സംഭവം കസാക്കിസ്ഥാനിലെ അക്തൗ നഗരത്തിൽ നിന്നുള്ള അലി ബേക് സാഹിബിന്റേതാണ്. കൃത്യമായി ചന്ദ നല്കുന്ന അദ്ദേഹത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കുറച്ചു കാലമായി അത് സാധിച്ചിരുന്നില്ല. ഏതുവരെയെന്നാൽ നിർബന്ധ ചന്ദയും സാമ്പത്തികവർഷം അവസാനിച്ചിട്ടും വഖ്ഫെ ജദീദ് ചന്ദയും അടക്കാനായിരുന്നില്ല. വളരെ പ്രയാസത്തിലായിരുന്നു. ഒരിക്കൽ ജുമുഅ നമസ്ക്കാരാനന്തരം പറഞ്ഞു, കടബാധ്യതകൂടിയിട്ട് ബാങ്ക് അക്കൗണ്ട് വരെ ബ്ലോക്ക് ആയ അവസ്ഥയായി. അക്കാരണത്താൽ ചന്ദപോലും കൊടുക്കാനാകുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്തിനായി ദുആ ചെയ്യുകയായിരുന്നു. ഇതിനിടയിൽ ജോലി ചെയ്യുന്ന കമ്പനിയുടെ ബോസ് ഞങ്ങൾക്ക്

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സ്വബ്റു രിളൻ."**
**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYAJAMA-ATHVANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമത്ബ്ഊനു ശഹീദുൻ."**
**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ഒരുനല്ല സംഖ്യ ബോണസായി നല്കി. അതിനായി കഴിഞ്ഞ ഒരു വർഷമായി കാത്തിരുന്നിട്ടും കിട്ടാൻ ഒരുസാധ്യതയുമുണ്ടായിരുന്നില്ല. എന്തായാലും പണം ലഭിക്കുകയും ദൈവാനുഗ്രഹത്താൽ കടങ്ങൾ വീട്ടാനും ചന്ദ കുടിശ്ശിക തീർക്കാനും അദ്ദേഹത്തിന് സാധിച്ചു. തന്റെ ചന്ദ നല്കാനുള്ള ആഗ്രഹം കാരണമാണ് അല്ലാഹു ഈ അനുഗ്രഹം നല്കിയതെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നുവെന്നു അദ്ദേഹം പറയുകയുണ്ടായി.

അല്ലാഹു ഒരിക്കലും കടം വയ്ക്കില്ലെന്നും അപ്രതീക്ഷിതമായ നിലയിൽ നല്കുമെന്നും തെളിയിക്കുന്ന മറ്റൊരു സംഭവം ഇപ്രകാരമാണ്.

ഓസ്ട്രേലിയയിലെ അമീർ സാഹിബ് റിപ്പോർട്ട് ചെയ്യുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുള്ളതാണെങ്കിലും സംഭവങ്ങൾ സാമ്യതയുള്ളവയാണ്. ഗോൾഡ് കോസ്റ്റിലെ ഒരു സുഹൃത്ത് തന്റെ വഖ്□ഫെ ജദീദ് ചന്ദയായി 1000 ഡോളർ നല്കിയിരുന്നു. അമീർ സാഹിബ് ഈ പദ്ധതിക്ക് കൂടുതൽ ധനത്യാഗം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. പൊതുവെ ധനത്യാഗം തചെയ്യുന്നവർ വലിയ ധനാഢ്യരൊന്നുമല്ല. ചില മധ്യനിലയിലുള്ളവരും ഇവർ ചെയ്യുന്നത്ര നല്കാറില്ല. ചിലർ നല്കാറുമുണ്ട്. ദരിദ്രരുടെ ത്യാഗത്തിന്റെ നിലവാരത്തിലെത്താൻ ആകില്ലെങ്കിലും നല്ലത്യാഗങ്ങൾ ധനികരും ചെയ്യുന്നു. താരതമ്യേന നല്ല സാമ്പത്തികശേഷിയുള്ളവരുടെ ജമാഅത്തിനായുള്ള ത്യാഗങ്ങളുടെ ഉദാഹരണങ്ങളും ഞാൻ സമർപ്പിക്കാം. ആ സഹോദരൻ ആയിരം ഡോളർ വാഗ്ദാനം ചെയ്തിരുന്നു. അതുപൂർത്തിയാക്കുകയും ചെയ്തു. അദ്ദേഹത്തെ ഉണർത്തിയപ്പോൾ അദ്ദേഹം 6000 ഡോളർ കൂടി നല്കി. ആറുമടങ്ങ് അധികം നല്കി. ആകെ 7000 ഡോളർ പൂർത്തിയാക്കി. അടുത്ത ദിവസം തന്നെ ഇൻഷുറൻസ് കമ്പനിയിൽ നിന്ന് അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ഒരു കോൾ വരികയും അവർ പോലുമറിയാത്ത ഒരു ക്ലെയിം പ്രോസസ്സിലായിരുന്നെന്നും അതെക്കുറിച്ച് ഞങ്ങൾക്കും അറിവില്ലായിരുന്നെന്നും അതുവഴി 12,000 ഡോളർ റീഫണ്ട് ആയി ലഭിക്കുകയും ചെയ്തുവെന്ന് അദ്ദേഹം ഫോൺചെയ്ത് അറിയിച്ചു. അദ്ദേഹം പറഞ്ഞു ഞാൻ 6000 ത്യാഗം നല്കിയപ്പോൾ അല്ലാഹു അത് രണ്ടുദിവസം കൊണ്ടു തന്നെ ഒരുപ്രതീക്ഷയുമില്ലാത്ത ഭാഗത്തുനിന്നുംഇരട്ടിയായി തിരിച്ചുനല്കി.

ഗിനി ബസാഉവിലെ മുബല്ലിഗ് അപ്രതീക്ഷിതമായി ദൈവസഹായത്തിന്റെ ദൃശ്യം കണ്ട സംഭവത്തെക്കുറിച്ച് ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു: അബു സാനിയ സാഹിബ് എന്ന സുഹൃത്ത് വിദേശത്തായിരുന്നു. ഉചിതമായ ജോലികിട്ടാതെ സാമ്പത്തിക പ്രയാസത്തിലായിരുന്നു. ഒരാൾ പ്രവാസിയായിരിക്കെ ജോലിയും കൂലിയുമില്ലാതെ നടക്കുമ്പോൾ ഉള്ള അവസ്ഥ ഊഹിക്കാവുന്നതെയുള്ളൂ. അപ്പോൾ കയ്യിൽ എന്തെങ്കിലും കാശുണ്ടായാൽ അത് ഏറ്റവും പ്രിയപ്പെട്ടതായിരിക്കും. അത് സ്വന്തംകാര്യത്തിനായിരിക്കും ചെലവഴിക്കുക. എന്നാൽ ആ ആത്മാർഥഅഹ്മദിയുടെ അവസ്ഥ നേക്കുക. പറയുന്നു, ആ സമയത്ത് ജമാഅത്തിന്റെ ഭാഗത്തുനിന്ന് ചന്ദയുടെ ആഹ്വാനം വന്നപ്പോൾ അദ്ദേഹത്തിന്റെ പക്കൽ ആകെയുണ്ടായിരുന്ന ചെറിയ തുക അദ്ദേഹം നല്കി. അദ്ദേഹത്തിന്റെ പക്കൽ കാര്യമായി ഒന്നുമുണ്ടായിരുന്നില്ല. ആകെ ഉള്ളത് വളരെ പ്രിയപ്പെട്ടതായിരുന്നു. എന്നാൽ അതും ദൈവമാർഗത്തിൽ വ്യയംചെയ്തു. എന്നാൽ ഒരാഴ്ചയ്ക്കകം ഒരു കമ്പനിയിൽ നിന്ന് ഫോൺ വന്നു. ഇന്റർവ്യൂ പോലും ഇല്ലാതെ അദ്ദേഹത്തിന് ജോലി ലഭിച്ചു. അദ്ദേഹം അവിടെ അപേക്ഷ നല്കിയിരുന്നു. അവർ പറഞ്ഞു ഇന്റർവ്യൂവിന്റെ ആവശ്യമില്ല. വന്നു ജോലിയിൽ ചേർന്നുകൊള്ളുക. അദ്ദേഹം പറഞ്ഞു, ഇത് ദൈവമാർഗത്തിൽ ചെയ്ത ത്യാഗത്തിന്റെ അനുഗ്രഹഫലമാണ്. അല്ലാഹു വളരെയധികം വർദ്ധിപ്പിച്ചു നല്കുമെന്ന അവന്റെ സഹായവാഗ്ദാന പൂർത്തീകരണമാണ്. അദ്ദേഹത്തിന് യാതൊരുപ്രതീക്ഷയുമില്ലാത്തിടത്തു നിന്നും അല്ലാഹു അനുഗ്രഹിച്ചുനല്കി.

റഷ്യയിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: ഇക്രാം ജാൻ സാഹിബ് എന്ന മുഖ്‌ലിസായ അഹ്മദി കഴിഞ്ഞ മാസം ചന്ദ അയച്ചുകൊണ്ട് വികാരഭരിതനായി എഴുതി, കഴിഞ്ഞ രണ്ട് മാസമായി ചന്ദ നല്കാൻ കഴിയാത്തതിൽ താൻ ദൈവമാർഗത്തിൽ ത്യാഗം ചെയ്യുന്നതിൽ ഹതഭാഗ്യനാണെന്ന് ചിന്തിച്ച് വലിയ വിഷമത്തിലായിരുന്നു. നോക്കുക, ഇവർ നവഅഹ്മദികളാണ്. ദൂരദിക്കുകളിൽ വസിക്കുന്നവരാണ്. എന്നാൽ ധനത്യാഗം ചെയ്യാൻ എത്രമാത്രം ഉത്കണ്ഠാകുലരാണ. കാരണം അപ്രകാരമാണ് തങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകുകയെന്ന അവർക്ക് വിശ്വാസമുണ്ട്. പറയുന്നു, ഞാൻ ഒരുപാടു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ജനങ്ങൾ തങ്ങളുടെ ബിസിനസ്സിനായി ദുആ ചെയ്യുന്നു. എന്നാൽ ഇദ്ദേഹത്തിന് ധനത്തെകുറിച്ച് ചിന്തയുണ്ടായിരുന്നത് ചന്ദ നൽകാൻ വേണ്ടിയായിരുന്നു. പറയുന്നു, താൻ ഈ സൗഭാഗ്യത്തിൽ നിന്നും പിറകിലാകാതിരിക്കാൻ ദൈവാനുഗ്രഹമുണ്ടാകാൻ ഒരുപാടു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഒരുദിവസം ഒഫീസിലേക്കുപോകുന്ന വഴിക്ക് ചന്ദ നല്കാനായി ശമ്പളം പെട്ടന്നു ലഭിക്കാൻ അദ്ദേഹം ഒരുപാടു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അവിടെയുള്ള സാഹചര്യത്തിൽ ശമ്പളം മുടങ്ങിപ്പോകാറുണ്ട്. പറയുന്നു ഒഫീസിലെത്തിയതും അപ്രതീക്ഷിതമായി അന്ന് തന്നെ അദ്ദേഹത്തിന് ശമ്പളം ലഭിക്കുകയും അദ്ദേഹം ഉടനടി ചന്ദ നല്കുകയും അല്ലാഹു അദ്ദേഹത്തെ ഈ ത്യാഗത്തിൽ നിന്നും അകറ്റിനിർത്താത്തതിന് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

ഇന്ത്യയിലെ വഖ്ഫെ ജദീദ് ഇൻസ്പെക്ടർ എഴുതുന്നു: ഒരു ജമാഅത്തിലെ സഹോദരനെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ വഖ്ഫെ ജദീദ് ചന്ദ 16,000 രൂപ കുടിശ്ശികയായിരുന്നു. അദ്ദേഹം അത്യാവശ്യാമായി ഒരു ലോണിന്റെ ഗഡു അടക്കാനായി അത്രയും പണം നീക്കിവച്ചതായിരുന്നു. അദ്ദേഹം പറഞ്ഞു: ലോണിന്റെ ഇ.എം.ഐ അടയ്ക്കാൻ കരുതിയ തുകയാണിത്. അതിനി പിന്നെ അടയ്ക്കാം. എനിക്ക് കുടിശ്ശികയുള്ളതുകൊണ്ടും നിങ്ങൾ വന്നതുകൊണ്ടും ഞാൻ ആദ്യം ചന്ദ അടച്ചു തീർക്കാം. ഞങ്ങൾ അദ്ദേഹത്തോടു പറഞ്ഞു, താങ്കൾ ഇപ്പോൾ ബുദ്ധിമുട്ടിലായതു കൊണ്ട് പകുതി ഇപ്പോഴും ബാക്കി പിന്നെയും തന്നാൽ മതിയാകും. അപ്പോൾ അദ്ദേഹം പറഞ്ഞു, ആദ്യം അല്ലാഹുവിനുവേണ്ടിയാണ് ചെലവഴിക്കേണ്ടത്. ഇൻശാ അല്ലാഹ്, ബാക്കി കാര്യങ്ങൾ അല്ലാഹു നോക്കിക്കൊള്ളും. ഞാൻ ദൈവത്തെ ഭയക്കുകയും അല്ലാഹുവിൽ ഭരമേല്പിക്കുകയും ചെയ്യുന്നതുകൊണ്ട് അല്ലാഹു നല്ല നിലയിൽ എനിക്കു വേണ്ടി സംവിധാനമൊരുക്കുന്നതാണ്. വൈകാതെ തന്നെ പണ്ട് കിട്ടാനുള്ള കുടുങ്ങിക്കിടന്ന ഇത്ര പെട്ടന്ന് തിരികെ ലഭിക്കുമെന്ന് കരുതാത്ത ഒരു സംഖ്യ അദ്ദേഹത്തിന് അപ്രതീക്ഷിതമായി ലഭിച്ചുവെന്ന് അദ്ദേഹം ഫോൺ വിളിച്ചു പറഞ്ഞു. അപ്രകാരം അല്ലാഹു ചന്ദയുടെ ബർക്കത്തായി എല്ലാകാര്യങ്ങളും നടത്തിക്കൊടുത്തെന്നും അതുമുഖേന തന്റെ ഈമാൻ വർദ്ധിച്ചെന്നും ത്യാഗം ചെയ്യുന്നവരോട് അല്ലാഹുവിന്റെ പെരുമാറ്റമെങ്ങനെയാണെന്ന് തനിക്ക് കാണാൻ സാധിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അടുത്തത് തെക്കേ അമേരിക്കയിലെ ഗ്വാഡലൂപ്പിൽ നിന്നുള്ള 28 വയസ്സുള്ള ജർമൻസൻ എന്ന വിദ്യാർത്ഥിയുടെ അനുഭവമാണ്. പഠനത്തോടൊപ്പം പാർട്ട് ടൈം


**• ഹദീഥുന്നബ്‌വി ﷺ •**

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി ﷺ •**

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ജോലിയും ചെയ്യുന്നുണ്ട്. ദരിദ്ര രാഷ്ട്രമാണ്. വഖ്ഫെ ജദീദിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുഗ്രഹത്തെക്കുറിച്ചും അദ്ദേഹത്തെ ഉണർത്തി. പൊതുവെ പറയാറുള്ളത് നവഅഹ്മദികളെ ചന്ദയുടെ ശീലം വളർത്തിയെടുക്കാൻ വഖ്ഫെ ജദീദിലും തഹ് രീക്കെ ജദീദിലും ഉൾപ്പെടുത്തി ശ്രദ്ധ ചെലുത്താനാണ്. അദ്ദേഹത്തോട് ഉണർത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, എനിക്ക് ഇതിൽ പങ്കെടുക്കാൻ അതിയായ ആഗ്രഹമുണ്ട്. എന്നാൽ ഇപ്പോൾ എന്റെ പക്കൽ ഒന്നുമില്ല. ഈ മാസം എങ്ങനെ കടന്നപോകുമെന്നും ധാരണയില്ല. തന്റെ പക്കൽ ഒന്നുമില്ലാതെയും ഈ മാസം എങ്ങനെ കടന്നപോകുമെന്നും ധാരണയില്ലാതെയും ആയിട്ടും ത്യാഗത്തിന് ആഗ്രഹമുണ്ടാകുക വലിയകാര്യമാണ്. ആളുകളുടെ കയ്യിൽ പണംകിട്ടിയാൽ ആദ്യം സ്വന്തം ചെലവാണു നടത്തുക. എന്നാൽ വിശ്വാസം സ്വീകരിച്ചശേഷം ആളുകളുടെ അവസ്ഥമാറുന്നു. മുബല്ലിഗ് പറഞ്ഞു, താങ്കൾ വിദ്യാർഥിയാണ് വലിയത്യാഗത്തിന്റെ ആവശ്യമില്ല തൗഫീഖനുസരിച്ച് ഒന്നോ രണ്ടോ രൂപ നല്കുക. അല്ലാഹു നിയ്യത്ത് നോക്കിയാണ് പ്രതിഫലം നല്കുന്നത്. പറയുന്നു, ഒരാഴ്ചയ്ക്ക് ശേഷം അദ്ദേഹം മിഷൻ ഹൗസിൽ വരികയും 160 യൂറോ വഖ്ഫെ ജദീദ് ചന്ദാ (വിഹിതം) ആയി അടക്കുകയും ചെയ്തു. വഖ്ഫെ ജദീദിനായി സാമ്പത്തിക ത്യാഗം ചെയ്യാൻ തീരുമാനിച്ച അതേ ആഴ്ച്ചയിൽ തന്നെ അല്ലാഹു തന്റെ സമ്പത്തിൽ ബർക്കത്ത് (അനുഗ്രഹം) നല്കിയെന്ന് അദ്ദേഹം പറഞ്ഞു. താൻ പാർട്ട് ടൈം ജോലി ചെയ്യുന്ന സ്ഥലത്ത് നിന്ന്, വിഹിതം നല്കുന്നതിന് മുമ്പ് തന്നെ അവർ ശമ്പളം നല്കുകയും സാധാരണയേക്കാൾ കൂടുതൽ തുക നല്കുകയും ചെയ്തു. യാതൊരു കാരണവുമില്ലാതെയാണ് അവർ അധിക തുക നല്കിയത്. എന്തുകൊണ്ടാണ് അവർ ഇത്രയും തുക അധികം നല്കിയതെന്ന് തനിക്ക് മനസ്സിലാകുന്നില്ലെന്ന് അദ്ദേഹം പറയുന്നു.

പിന്നീട് കുറച്ചു ദിവസങ്ങൾക്ക് ശേഷം മറ്റൊരു അത്ഭുതം കൂടി നടന്നതായി അദ്ദേഹം അറിയിച്ചു. 160 യൂറോ നല്കിയപ്പോൾ കൂടുതൽ നല്കണമെന്ന് ആഗ്രഹമുണ്ടായിരുന്നുവെങ്കിലും അതിനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. എന്നാൽ ചന്ദ നല്കി കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ അപ്രതീക്ഷിതമായി നല്ലൊരു തുക ലഭിച്ചു. ഒരു ട്രെയിനിംഗ് സെന്ററിൽ നിന്ന് തനിക്ക് കുറച്ച് പണം ലഭിക്കാനുണ്ടായിരുന്നു, പലതവണ ആവശ്യപ്പെട്ടിട്ടും അത് ലഭിച്ചിരുന്നില്ല. എന്നാൽ ചന്ദ നല്കിയതിന്റെ ബർക്കത്താൽ അല്ലാഹു ആ തുകയും ലഭ്യമാക്കി. അങ്ങനെ അദ്ദേഹം 140 യൂറോ കൂടി വഖ്ഫെ ജദീദിലേക്ക് നല്കി. പട്ടിണിയിൽ കഴിഞ്ഞിരുന്ന അവസ്ഥയിൽ നിന്ന് 300 യൂറോ ചന്ദ നല്കാൻ സാധിക്കുന്ന അവസ്ഥയിലേക്ക് അദ്ദേഹം മാറി.

**ഇതുപോലെ മറ്റു പല സംഭവങ്ങളുമുണ്ട്. ചില ആളുകൾക്ക് അസാധാരണമായ രീതിയിൽ പണം ലഭിക്കുകയുണ്ടായി.**

കിർഗിസ്ഥാനിലെ ജമാഅത്തിൽ നിന്നുള്ള യൂലിയ ഗോർനോവ സാഹിബ പറയുന്നു: 'ഞാൻ ജോലി ചെയ്യുന്നിടത്ത് ശമ്പളം വർദ്ധിപ്പിക്കാൻ സാധിക്കുമോ എന്ന് ചോദിച്ചപ്പോൾ, ബോണസ് ആയി മാത്രമേ അത് സാധ്യമാകൂ എന്നും എത്ര ലഭിക്കുമെന്ന് അറിയില്ലെന്നുമാണ് അവർ പറഞ്ഞത്. ഒക്ടോബർ മാസത്തിൽ ശമ്പളത്തിന്റെ ഒരു ഭാഗം ലഭിച്ചപ്പോൾ തന്നെ, വീട്ടിൽ വലിയ ചെലവുകൾ ഉണ്ടായിരുന്നിട്ടും ഞാൻ ആദ്യം വഖ്ഫെ ജദീദ് ചന്ദ അടച്ചു.

ഇവിടെയാണ് അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ അടയാളം കാണുന്നത്. താൻ ഏറ്റവും ഇഷ്ടപ്പെടുന്ന കാര്യം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക എന്നതാണ് യഥാർത്ഥ ത്യാഗം. ആ സമയത്ത് അവർക്ക് ആ പണം വളരെ ആവശ്യമായിരുന്നു, എങ്കിലും ജമാഅത്തിനോട് ചെയ്ത വാഗ്ദാനം നിറവേറ്റുന്നതിനാണ് അവർ മുൻഗണന നല്കിയത്. ആ മാസാവസാനം ശമ്പളത്തിൽ 40 ശതമാനം വർദ്ധനവ് ഉണ്ടായതായും ജോലിയുടെ നിലവാരം അനുസരിച്ച് അധിക ബോണസ് ലഭിക്കുമെന്നും അവർക്ക് വിവരം ലഭിച്ചു. ശമ്പളത്തിൽ ഇത്രയും വലിയ വർദ്ധനവ് അവർ പ്രതീക്ഷിച്ചിരുന്നില്ല. തന്റെ ചെലവുകൾക്ക് എത്ര തുകയാണോ കുറവുണ്ടായിരുന്നത് കൃത്യം അത്രയും തുക തന്നെ വർദ്ധനവായി ലഭിച്ചു. താൻ നടത്തിയ ത്യാഗത്തിന് അല്ലാഹു നല്കിയ അപ്രതീക്ഷിത അനുഗ്രഹമാണിതെന്ന് അവർ ഉറച്ചു വിശ്വസിക്കുന്നു. കൂടാതെ, ലാഭമില്ലാതെ നടന്നിരുന്ന അവരുടെ മറ്റൊരു ബിസിനസ്സിൽ ഡിസംബർ മാസത്തോടെ ലാഭം ഇരട്ടിയാവുകയും ചെയ്തു.

സമാനമായ മറ്റൊരു സംഭവം ഇന്തോനേഷ്യയിലെ മെൻഡോംഗ് ജമാഅത്തിലെ അംഗമായ രാമ സാഹിബയുടേതാണ്. അവർ ഇന്തോനേഷ്യയിലെ നാഷണൽ മീഡിയയിൽ ഫ്രീലാൻസ് എഴുത്തുകാരിയാണ്. വിദ്യാസമ്പന്നയാണ്. എഴുത്തിലൂടെയാണ് നിത്യവൃത്തിക്കുള്ള വകയുണ്ടാകുന്നത്. തന്റെ ലേഖനങ്ങൾ നിരസിക്കപ്പെട്ടതും പുസ്തകങ്ങളുടെ വില്പന കുറഞ്ഞതും കാരണം വഖ്ഫെ ജദീദ് വാഗ്ദാനം നിറവേറ്റാൻ കഴിയാത്തതിൽ അവർ അതീവ ദുഃഖിതയായിരുന്നു. അല്ലാഹുവിൽ തവക്കുൽ (ഭരമേല്പിക്കൽ) ചെയ്തുകൊണ്ട് തന്റെ സമ്പാദ്യത്തിൽ നിന്ന് കുറച്ചു തുക അവർ അടച്ചു. പ്രാർത്ഥന കഴിഞ്ഞ് നിസ്കാരപ്പായ മടക്കുന്നതിന് മുമ്പ് തന്നെ ഒരു സുഹൃത്തിന്റെ ഫോൺ കോൾ വന്നു. ഒരു അടിയന്തര വിവർത്തനത്തിന് സഹായം വേണമെന്നായിരുന്നു ആവശ്യം. ജോലി പൂർത്തിയായപ്പോൾ സുഹൃത്ത് നല്കിയ കവറിൽ വഖ്ഫെ ജദീദ് പൂർത്തിയാക്കാൻ ആവശ്യമായ കൃത്യം തുക ഉണ്ടായിരുന്നു. അപ്പോൾ തന്നെ ഞാൻ അതെടുത്ത് വഖ്ഫെ ജദീദ് ചന്ദ പൂർത്തിയാക്കി.

പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹം ഇങ്ങനെയായിരുന്നു: അവരുടെ ഒരു പുസ്തകം അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടുവെന്നും റോയൽറ്റി 10 ശതമാനത്തിൽ നിന്ന് 30 ശതമാനമായി വർദ്ധിപ്പിച്ചുവെന്നും എഡിറ്ററുടെ സന്ദേശം ലഭിച്ചു. മാത്രമല്ല, അസാധ്യമെന്ന് കരുതിയിരുന്ന മകന്റെ മെഡിക്കൽ കോളേജ് പ്രവേശനവും ഇതിന്റെ അനുഗ്രഹത്താൽ എളുപ്പമായി. **വരുമാനത്തിൽ നിന്ന് ആദ്യം ചന്ദ മാറ്റിവെക്കാൻ തുടങ്ങിയത് മുതൽ തന്റെ ഐഹികമായ എല്ലാ പ്രശ്നങ്ങളും അല്ലാഹു തന്നെ പരിഹരിക്കുന്നു എന്നത് തന്റെ വ്യക്തിപരമായ അനുഭവമാണെന്ന് അവർ പറയുന്നു. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അല്ലാഹു അത് പൂർത്തിയാക്കുന്നു.**

ബാക്കി സംഭവങ്ങൾ വിടുകയാണ്. ഈ വർഷത്തെ വഖ്ഫെ ജദീദിന്റെ പ്രവർത്തന റിപ്പോർട്ടുകളെക്കുറിച്ച് പറയുകയാണെങ്കിൽ, ആഫ്രിക്ക പോലെയുള്ള സ്ഥലങ്ങളിൽ നിലവിലെ സാഹചര്യം കാരണം പൂർണ്ണമായ റിപ്പോർട്ടുകൾ ലഭ്യമല്ലെങ്കിലും, ലഭിച്ച വിവരങ്ങൾ ഞാൻ കേൾപ്പിക്കാം.

**വഖ്ഫെ ജദീദിന്റെ 68-ാം വർഷം പൂർത്തിയായി. 69-ാം വർഷത്തിന് തുടക്കം കുറിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം ലോകമെമ്പാടുമുള്ള അഹ്മദി കൾ ഏകദേശം 14.97 മില്യൺ പൗണ്ട് (ഏകദേശം 15 മില്യൺ പൗണ്ട്) സാമ്പത്തിക ത്യാഗമായി സമർപ്പിച്ചു.** ഇത് കഴിഞ്ഞ വർഷത്തേക്കാൾ 1.3 മില്യൺ പൗണ്ട് അധികമാണ്. അൽഹംദുലില്ലാഹ്.

**കാനഡയും ബ്രിട്ടനുമാണ് ഒന്ന്, രണ്ട് സ്ഥാനങ്ങളിൽ. ബ്രിട്ടൻ**

ശേഷം പേജ് 15 ൽ

• ഹദീഥുന്നബ്വി ﷺ •

"സ്വൂമൂ തസ്വിഹ്ഹു'
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYAJAMA-ATHKARULAI, KERALA

• ഹദീഥുന്നബ്വി ﷺ •

"അൽ അയ്നു ഹഖ്ഖുൻ."
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDULAMEER
AHMADIYYAJAMA-ATHMANJERY, KERALA

# ഖുത്വ്ബ ജുമുഅ

**2026 ജനുവരി 2, 1405 സുൽഹ് 2 മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

## തിരുനബി(സ)യുടെ അല്ലാഹുവിനോടുള്ള സ്നേഹം: ഹൃദയസ്പർശിയായ വിവരണം

**തിരുനബി(സ) അല്ലാഹുവിൽ എത്രത്തോളം ലയിച്ചുചേർന്നിരുന്നുവെന്നാൽ, തിരുനബി(സ)യുടെ ജീവിതത്തിലെ ഓരോ ശ്വാസവും മരണവും അല്ലാഹുവിന് വേണ്ടി മാത്രമായിരുന്നു. തിരുനബി(സ)യുടെ അസ്തിത്വത്തിൽ സ്വന്തം താല്പര്യങ്ങൾക്കോ സൃഷ്ടികൾക്കോ ഭൗതിക കാരണങ്ങൾക്കോ യാതൊരു പങ്കും ബാക്കിയുണ്ടായിരുന്നില്ല. തിരുനബി(സ)യുടെ ആത്മാവ് അല്ലാഹുവിന്റെ സന്നിധിയിൽ അത്രമേൽ ആത്മാർത്ഥതയോടെയാണ് സമർപ്പിക്കപ്പെട്ടത്, അതിൽ അന്യമായ ഒന്നിന്റെ പോലും അംശം കലർന്നിരുന്നില്ല. (ഹദ്റത്ത് മസീഹ് മൗഊദ്(അ))**

**യൗവനത്തിലും പ്രവാചകത്വ ലബ്ധിക്ക് മുൻപും തിരുനബി(സ)ന് അല്ലാഹുവിനോടുള്ള സ്നേഹം എത്രത്തോളം ശക്തമായിരുന്നുവെന്നാൽ, അതിന്റെ തീവ്രതയിൽ അസ്വസ്ഥനായി തിരുനബി(സ) ഗുഹയിൽ പോയി തന്റെ പ്രിയപ്പെട്ടവനായ അല്ലാഹുവുമായി സംഭാഷണങ്ങളിൽ ഏർപ്പെടുമായിരുന്നു.**

**തിരുനബി(സ)ക്ക് അല്ലാഹുവുമായി ഉണ്ടായിരുന്ന ബന്ധം എങ്ങനെയായിരുന്നുവെന്നാൽ അല്ലാഹുവിനെക്കുറിച്ച് പരാമർശിക്കുമ്പോൾ തന്നെ തിരുനബി(സ)യിൽ ഒരു ആവേശം ഉടലെടുക്കുമായിരുന്നു. ആരോഗ്യത്തിലായാലും രോഗാവസ്ഥയിലായാലും ദൈവസ്മരണയായിരുന്നു തിരുനബി(സ)യുടെ ആഹാരം. ഇതേ ശീലം തന്റെ ഉമ്മത്തിലും ജനങ്ങളിലും ഉണ്ടാകണമെന്നാണ് തിരുനബി(സ) ആഗ്രഹിച്ചത്.**

**എങ്ങനെയൊക്കെ സാധിക്കുമോ അങ്ങനെയൊക്കെ ജനങ്ങളുടെ നാവുകളിൽ അല്ലാഹുവിന്റെ നാമം നിലനിർത്താനായിരുന്നു തിരുനബി(സ) ജീവിതകാലം മുഴുവൻ പരിശ്രമിച്ചത്.**

**ഇപ്പോൾ നമ്മൾ സ്വയം പരിശോധിക്കേണ്ടതുണ്ട്; തിരുനബി(സ) തന്റെ ഉമ്മത്തിൽ നിന്നും ആഗ്രഹിച്ചതുപോലെ അല്ലാഹുവിനെക്കുറിച്ചുള്ള ചിന്ത എപ്പോഴും നമ്മുടെ ഹൃദയത്തിലുണ്ടോ? നമ്മുടെ ഹൃദയത്തിൽ അത്രത്തോളം വേദനയുണ്ടോ, അതോ ഭൗതിക ലക്ഷ്യങ്ങൾക്കായി മാത്രമാണോ നമ്മൾ നമസ്കാരത്തിലേക്കും അല്ലാഹുവിന്റെ സ്മരണയിലേക്കും തിരിയുന്നത്? സാധാരണ സാഹചര്യങ്ങളിൽ നമ്മൾ അല്ലാഹുവിനെ മറന്നുപോകാറുണ്ടോ?**

**ഭൂരിഭാഗം പ്രവൃത്തികളിലും അല്ലാഹുവിനെ സ്മരിക്കാനാണ് തിരുനബി(സ) ജനങ്ങളെ പ്രേരിപ്പിച്ചത്. തിരുനബി(സ) സ്വയം അല്ലാഹുവിന്റെ സ്മരണയിൽ മുഴുകിയിരുന്നു മാത്രമല്ല, മറ്റുള്ളവരും അതിൽ വ്യാപൃതരാകണമെന്ന് തിരുനബി(സ) ആഗ്രഹിച്ചിരുന്നു. ഇത് തിരുനബി(സ)യുടെ ദൈവസ്നേഹത്തിന്റെ പൂർണ്ണതയെയാണ് കാണിക്കുന്നത്**

**തിരുനബി(സ) നമസ്കാരത്തിനായി നിൽക്കുമ്പോൾ കാലുകളോ കണങ്കാലുകളോ വീങ്ങുന്നത് വരെ ദീർഘനേരം നിൽക്കുമായിരുന്നു. ആളുകൾ ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ, ഞാൻ ഒരു നന്ദിയുള്ള ദാസനാകേണ്ടതില്ലേ? എന്നാണ് തിരുനബി(സ) മറുപടി നൽകിയത്. അല്ലാഹു അക്ബർ! എന്തൊരു അനുരാഗമാണത്, എന്തൊരു സ്നേഹമാണത്! അല്ലാഹുവിന്റെ സ്മരണയിൽ നിൽക്കുമ്പോൾ സ്വന്തം ശരീരത്തെക്കുറിച്ച് പോലും ശ്രദ്ധയില്ലാത്ത അവസ്ഥ.**

قُرَّةُ عَيْنِي فِي الصَّلٰوةِ

**നമസ്കാരത്തിൽ എന്റെ കണ്ണുകൾക്ക് കുളിർമ നൽകപ്പെട്ടിരിക്കുന്നു. ഇത് ഇസ്ലാമിന് മറ്റ് മതങ്ങൾക്ക് മേലുള്ള ഒരു സവിശേഷതയാണ്... തിരുനബി(സ) പറയുന്നു: എനിക്ക് നൽകപ്പെട്ടിരിക്കുന്ന ആരാധനയിൽ ഒരു ലഹരിയുണ്ട്, മറ്റൊരു മതത്തിനും തത്തുല്യമായി നിൽക്കാൻ കഴിയാത്തത്ര ലഹരിയാണത്.' (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ))**

**ആരാധനയുടെ നിലവാരവും അല്ലാഹുവിനോടുള്ള സ്നേഹവും വർദ്ധിപ്പിക്കുമ്പോൾ മാത്രമേ നമ്മുടെ തൂലികാപരമായ ജിഹാദിലും തബ്‌ലീഗിലും അനുഗ്രഹം ഉണ്ടാവുകയുള്ളു. ഈ ജിഹാദിൽ പങ്കുചേരാൻ നമ്മൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിലേക്കും പ്രാർത്ഥനകളിലേക്കും നമ്മൾ ശ്രദ്ധ തിരിക്കണം. തിരുനബി(സ)യുടെ മാതൃക പിന്തുടർന്ന് നമ്മുടെ ആരാധനകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മാത്രമേ നമ്മുടെ പ്രവൃത്തികളിൽ അനുഗ്രഹം ഉണ്ടാവുകയുള്ളു.**

**ഇന്ന് ബംഗ്ലാദേശിലെ ജമാഅത്തിന്റെ ജൽസ നടക്കുകയാണ്. അവിടെ വലിയ എതിർപ്പുകളും ഉണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു അവരെയെല്ലാം തന്റെ സംരക്ഷണയിൽ നിലനിർത്തട്ടെ, അവരുടെ ജൽസ സമംഗളം നടക്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഒരു ഖുതുബയിൽ **തിരുനബി(സ)യുടെ സീറത്തുമായി ബന്ധപ്പെട്ട് അല്ലാഹുവിനോടുള്ളതിരുനബി(സ)യുടെ സ്നേഹത്തെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു.**

അതിനെക്കുറിച്ച് ചില കാര്യങ്ങൾ കൂടി ഇന്ന് വിവരിക്കാം.

**യൗവനത്തിലും പ്രവാചകത്വ ലബ്ധിക്ക് മുൻപും തിരുനബി(സ)യിൽ അല്ലാഹുവി നോടുള്ള സ്നേഹം എത്രത്തോളം ശക്തമായിരുന്നുവെന്നാൽ, അതിന്റെ ആധിക്യത്താൽ അസ്വസ്ഥനായി തിരുനബി(സ) ഗുഹയിൽ പോയി തന്റെ പ്രിയപ്പെട്ടവനായ അല്ലാഹുവുമായി രഹസ്യ സംഭാഷണങ്ങളിൽ ഏർപ്പെടുമായിരുന്നു.**

ഈ സ്നേഹത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു:

'വേനൽക്കാലത്തിന് ആത്മീയ പുരോഗതിയുമായി ഒരു പ്രത്യേക ബന്ധമുള്ളതായി ഞാൻ കാണുന്നു. തിരുനബി(സ)യെ നോക്കൂ, മക്കയെപ്പോലൊരു നഗരത്തിലാണ് അല്ലാഹു തിരുനബി(സ)യെ ജനിപ്പിച്ചത്. ആ ഉഷ്ണകാലത്ത് തിരുനബി(സ) ഹിറാ ഗുഹയിൽ ഏകനായി പോയി അല്ലാഹുവിനെ ആരാധിക്കുമായിരുന്നു. അത് എത്രമാത്രം കൗതുകകരമായ ഒരു കാലമായിരിക്കും! തിരുനബി(സ) ഒരു തോൽപാത്രത്തിൽ സ്വയം വെള്ളവും ചുമന്നായിരിക്കുമല്ലോ അവിടെ പോയിട്ടുണ്ടാവുക.

**യഥാർത്ഥത്തിൽ അല്ലാഹുവുമായി ഒരു അടുപ്പവും ആത്മീയ അനുഭൂതിയും (ﷺ) ഉണ്ടായിക്കഴിഞ്ഞാൽ, പിന്നെ ദുനിയാവിനോടും ദുനിയാവിലുള്ളവരോടും ഒരുതരം വിരക്തിയും വെറുപ്പും അനുഭവപ്പെടും. സ്വാഭാവികമായും ഏകാന്തതയും നിശബ്ദതയും ഇഷ്ടപ്പെടും. തിരുനബി(സ)യുടെ അവസ്ഥയും ഇതുതന്നെയായിരുന്നു. അല്ലാഹുവിനോടുള്ള സ്നേഹത്തിൽ തിരുനബി(സ) അത്രമേൽ ലീനനായി രുന്നു. ആ ഏകാന്തതയിൽ മാത്രമാണ് തിരുനബി(സ)ക്ക് പൂർണ്ണമായ ആനന്ദവും അനുഭൂതിയും ലഭിച്ചിരുന്നത്.**

യാതൊരു വിശ്രമ സൗകര്യങ്ങളുമില്ലാത്ത, പോകാൻ പോലും ഭയം തോന്നുന്ന അത്തരമൊരു സ്ഥലത്ത് തിരുനബി(സ) രാത്രികൾ ഏകനായി ചെലവഴിച്ചിരുന്നു. തിരുനബി(സ) എത്രത്തോളം ധീരനും സാഹസികനുമായിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാണ്. അല്ലാഹുവുമായുള്ള ബന്ധം ശക്തമാകുമ്പോൾ ധീരതയും കൈവരുന്നു. അതുകൊണ്ട് ഒരു മുഅ്മിൻ ഒരിക്കലും ഭീരു വായിരിക്കില്ല. ദുനിയാവിനെ സ്നേഹിക്കുന്നവരാണ് ഭീരുക്കൾ; അവരിൽ യഥാർത്ഥ ധീരത ഉണ്ടാകില്ല.

അല്ലാഹുവുമായുള്ള ബന്ധം ശക്തമാകുമ്പോൾ അത്തരക്കാർ ഏകാന്തത ഇഷ്ട പ്പെടും എന്ന് കേൾക്കുമ്പോൾ, ചിലർ ചോദിക്കുന്നു; ഈ പ്രവാചകന്മാർക്ക് എന്തിനാണ് ഭാര്യയും കുട്ടികളും? 'ഇത്രയധികം ഏകാന്തത ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ എന്തിനാണ് അവർ വിവാഹം കഴിക്കുന്നത്?'

അവർ അങ്ങാടികളിലൂടെ നടക്കുന്നു, ഭക്ഷണം കഴിക്കുന്നു. *'ഖുർആൻ ശരീഫിലും ഇതിനെക്കുറിച്ച് പരാമർശമുണ്ട്.'*

എന്നാൽ അത്തരമൊരു ആക്ഷേപം ഉന്നയിക്കുന്നവർ ചിന്തിക്കുന്നില്ല; ഇത്തരക്കാരുടെ ഉദാഹരണം ഇങ്ങനെയാണ്; ഒരാൾ ഒരു വീട്ടുവാതിൽക്കൽ ഭിക്ഷ ചോദിക്കാൻ പോകുന്നു, മറ്റൊരാൾ ആ വീട്ടുകാരന്റെ സുഹൃത്താണ്, അയാൾ സുഹൃത്തിനെ കാണാൻ വേണ്ടി മാത്രം പോയതാണ്. ഇപ്പോൾ ആ വീട്ടുകാരൻ തന്റെ സുഹൃത്തിന്റെ മുന്നിൽ മികച്ച ഭക്ഷണങ്ങൾ (പലാവു തുടങ്ങിയവ) കൊണ്ടുവെച്ചാൽ അതിൽ ആ സുഹൃത്തിന്റെ കുറ്റം എന്താണ്? *'രണ്ട് പേർ പോകുന്നു, ഒരാൾ ഭിക്ഷ യാചിക്കാനും മറ്റൊരാൾ സുഹൃത്തായും. വീട്ടുകാരൻ സുഹൃത്തിനെ ആദരിക്കുകയും സൽക്കരിക്കുകയും ചെയ്താൽ അതിൽ ആ സുഹൃത്തിന് കുറ്റമില്ല.'* അതായത് തന്റെ സുഹൃത്തിനെ കാണാൻ പോയ ആൾക്ക് ആ ഭക്ഷണത്തിൽ ആനന്ദം ലഭിക്കുന്നു. എന്നാൽ ആ ഭിക്ഷക്കാരന് ഒരു കഷ്ണം ഉണക്ക റൊട്ടിയാണ് നൽകുന്നത്. അവൻ അവിടെ കൂടുതൽ നേരം നിന്നാൽ തള്ളിപ്പുറത്താക്കുകയും ചെയ്യും. 'യാചകനോടുള്ള പെരുമാറ്റവും സുഹൃത്തിനോടുള്ള പെരുമാറ്റവും വ്യത്യസ്തമാണ്.' സുഹൃത്തിനോട് അങ്ങനെ ചെയ്യില്ല. 'ആരും തള്ളിപ്പുറത്താക്കില്ല' മറിച്ച് അവൻ കൂടുതൽ സമയം അവിടെ നിൽക്കുന്നതിലും ഭക്ഷണം കഴിക്കുന്നതിലും വീട്ടുകാരന് സന്തോഷമേയുള്ളൂ. ഭിക്ഷക്കാരനെ എന്തെങ്കിലും നൽകി ഒഴിവാക്കുന്നു.

ആ മഹാത്മാവ് പറയുന്നു: ഇതാണ് പ്രവാചകന്മാരുടെയും നിയോഗിതരുടെയും അവസ്ഥ. അവരുടെ മുന്നിൽ വരുന്നത് അവരുടെ ഭൗതികേച്ഛകളുടെ ഫലമല്ല. അവർ യഥാർത്ഥ ആനന്ദവും സമാധാനവും കണ്ടെത്തുന്നത് അല്ലാഹുവിന്റെ സ്മരണയിലും ആരാധനയിലുമാണ്. യഥാർത്ഥത്തിൽ അവർ ഏകാന്തതയെയാണ് ഇഷ്ടപ്പെടുന്നത്. അവിടെ അവർ തങ്ങളുടെ പ്രിയപ്പെട്ടവന്റെ (അല്ലാഹുവിന്റെ) മുന്നിൽ ഹൃദയത്തിലെ ആഗ്രഹങ്ങളും പ്രാർത്ഥനകളും സമർപ്പിക്കുന്നു. ആ അവസ്ഥയിൽ ആരും തങ്ങളെ കാണാതിരിക്കാൻ അവർ ആഗ്രഹിക്കുന്നു. കൂടാതെ, ഈ ഭൗതിക ബന്ധങ്ങൾ (വിവാഹം തുടങ്ങിയവ) അവരുടെ പൂർണ്ണതയ്ക്ക് വേണ്ടിയുള്ളതാണ്.

*(മൽഫൂസാത്ത്, വാല്യം 7, പേജ് 407408, എഡിഷൻ 1984)*

അതായത്, അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ബന്ധങ്ങളിൽ ഒരു ഉന്നത നിലവാരം കൈവരിക്കുന്നതിന് വേണ്ടിയാണ് ഇതെല്ലാം.

**ഹിറാ ഗുഹയിൽ തിരുനബി(സ) നടത്തിയ ദൈവികാരാധന**യെക്കുറിച്ച് ഹദ്റത്ത് ആഇശ(റ) ഒരു ഹദീസിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. അവർ വിവരിക്കുന്നതനുസരിച്ച്, തിരുനബി(സ)ക്ക് ആദ്യമായി വെളിപാടുകൾ (വഹി) ആരംഭിച്ചത് ഉറക്കത്തിൽ കാണുന്ന സത്യസന്ധമായ സ്വപ്നങ്ങളിലൂടെയായിരുന്നു. തിരുനബി(സ) കാണുന്ന ഓരോ സ്വപ്നവും പ്രഭാതം പോലെ വ്യക്തമായി പുലരുമായിരുന്നു. ഇതിനുശേഷം തിരുനബി(സ)ക്ക് ഏകാന്തതയോട് താല്പര്യം ജനിക്കുകയും ഹിറാ ഗുഹയിൽ ഏകനായിരുന്ന് ആരാധനകളിൽ മുഴുകുകയും ചെയ്തു. തന്റെ കുടുംബത്തിന്റെ അടുത്തേക്ക് മടങ്ങാൻ ആഗ്രഹം തോന്നുന്നത് വരെ ഏതാനും രാത്രികൾ തിരുനബി(സ) അവിടെ ചെലവഴിക്കും. ഇതിനായി ആവശ്യമായ ഭക്ഷണപാനീയങ്ങൾ കൂടെ കരുതുമായിരുന്നു. കുറച്ചു കാലത്തിന് ശേഷം ഹദ്റത്ത് ഖദീജ(റ)യുടെ അടുക്കൽ തിരിച്ചെത്തുകയും വീണ്ടും അതേ രാത്രികളിലേക്ക് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുകയും ചെയ്യും.

ഒടുവിൽ തിരുനബി(സ) ഹിറാ ഗുഹയിലായിരിക്കെ അവിടുത്തെ അടുക്കൽ സത്യം (ഹഖ്) എത്തിച്ചേർന്നു. ഒരു മലക്ക് വന്ന് തിരുനബി(സ)യോട് **'വായിക്കുക'** എന്ന് പറഞ്ഞു. തിരുനബി(സ) പറഞ്ഞു: **'എനിക്ക് വായിക്കാൻ അറിയില്ല'.**

ആ മലക്ക് തന്നെ പിടിച്ചു ചേർത്തു നിർത്തുകയും തന്റെ ശക്തിയുടെ അങ്ങേയറ്റം വരെ തന്നെ അമർത്തുകയും ചെയ്തുവെന്ന് തിരുനബി(സ) വിവരിച്ചതായി ഹദ്റത്ത് ആഇശ(റ) റിപ്പോർട്ട് ചെയ്യുന്നു. പിന്നീട് മലക്ക് വിട്ടയച്ചിട്ട് വീണ്ടും **'വായിക്കുക'** എന്ന് പറഞ്ഞു. **'എനിക്ക് വായിക്കാൻ അറിയില്ല'** എന്ന് തിരുനബി(സ) ആവർത്തിച്ചു. രണ്ടാമതും മലക്ക് തന്നെ പിടിച്ചു അമർത്തുകയും പിന്നീട് വിട്ടയച്ചിട്ട് **'വായിക്കുക'** എന്ന് പറയുകയും ചെയ്തു. മൂന്നാമതും മലക്ക് ഇപ്രകാരം ആവർത്തിച്ച ശേഷം പറഞ്ഞു:

اِقْرَاْ بِاسْمِ رَبِّكَ الَّذِيْ خَلَقَ ۝ خَلَقَ الْاِنْسَانَ مِنْ عَلَقٍ ۝ اِقْرَاْ وَرَبُّكَ الْاَكْرَمُ ۝ (العلق:2-4)

സ്രഷ്ടാവായ നിന്റെ റബ്ബിന്റെ നാമത്തിൽ വായിക്കുക. അവൻ മനുഷ്യനെ ഒട്ടിപ്പിടിക്കുന്ന ഒന്നിൽ (അലഖ്) നിന്ന് സൃഷ്ടിച്ചു. വായിക്കുക, നിന്റെ റബ്ബ് അത്യധികം ഔദാര്യവാനാകുന്നു (സൂറ: അൽഅലഖ്: 2,4)

ഈ വചനങ്ങളുമായി തിരുനബി(സ) ഗുഹയിൽ നിന്നും മടങ്ങി. ഹദ്റത്ത് ഖദീജ(റ)യുടെ അടുത്തെത്തിയപ്പോൾ തിരുനബി(സ)യുടെ ഹൃദയം പടപടപ്പോടെ മിടിക്കുന്നുണ്ടായിരുന്നു. തിരുനബി(സ) ഹദ്റത്ത് ഖദീജ(റ)യോട് പറഞ്ഞു: 'എന്നെ പുതപ്പിക്കൂ, എന്നെ പുതപ്പിക്കൂ'. അവിടുത്തെ പരിഭ്രമം മാറുന്നത് വരെ അവർ പുതപ്പിച്ചു. പിന്നീട് നടന്ന കാര്യങ്ങളെല്ലാം വിവരിച്ചുകൊണ്ട് തിരുനബി(സ) പറഞ്ഞു: 'എനിക്ക് എന്റെ ജീവനിൽ തന്നെ ആശങ്ക തോന്നിയിരിക്കുന്നു'. അപ്പോൾ ഹദ്റത്ത് ഖദീജ(റ) പറഞ്ഞു: 'ഒരിക്കലുമില്ല, അല്ലാഹുവാണെ സത്യം! അല്ലാഹു നിങ്ങളെ ഒരിക്കലും നിന്ദിക്കില്ല. അങ്ങ് കുടുംബബന്ധങ്ങൾ ചേർക്കുന്നു, അവശരുടെ ഭാരം ചുമക്കുന്നു, ഇല്ലാതായിപ്പോയ നന്മകൾ ചെയ്യുന്നു, അതിഥികളെ സൽക്കരിക്കുന്നു, സത്യത്തിന്റെ മാർഗ്ഗത്തിലുള്ള പ്രയാസങ്ങളിൽ സഹായിക്കുന്നു, എത്ര പ്രയാസങ്ങൾക്കിടയിലും അങ്ങ് സത്യത്തെ മുറുകെ പിടിക്കുന്നു'.

തുടർന്ന് ഹദ്റത്ത് ഖദീജ(റ) തിരുനബി(സ)യെ തന്റെ പിതൃസഹോദര പുത്രനായ വറഖതു ബിൻ നൗഫലിന്റെ അടുക്കലേക്ക് കൊണ്ടുപോയി. അസദ് ബിൻ അബ്ദുൽ ഉസ്സയുടെ മകനായിരുന്നു അദ്ദേഹം. ജാഹിലിയ്യാ കാലത്ത് ക്രിസ്തുമതം സ്വീകരിച്ച വറഖക്ക് ഹീബ്രു ഭാഷയിൽ എഴുതാനും വായിക്കാനും അറിയാമായിരുന്നു. അല്ലാഹു ഉദ്ദേശിക്കുന്നതനുസരിച്ച് ഇഞ്ചീൽ അദ്ദേഹം ഹീബ്രു ഭാഷയിൽ എഴുതാറുണ്ടായിരുന്നു. അക്കാലത്ത് അദ്ദേഹം പ്രായാധിക്യത്താൽ അന്ധനായി മാറിയിരുന്നു. ഹദ്റത്ത് ഖദീജ(റ) അദ്ദേഹത്തോട് പറഞ്ഞു: 'എന്റെ സഹോദരപുത്രാ, അങ്ങയുടെ ഈ അനന്തരവൻ പറയുന്നത് കേൾക്കൂ.' വറഖ: ചോദിച്ചു: 'എന്റെ അനന്തരവൻ എന്താണ് കണ്ടത്?'. താൻ കണ്ട കാര്യങ്ങൾ തിരുനബി(സ) വിശദീകരിച്ചു. വറഖ പറഞ്ഞു: 'ഇത് അല്ലാഹു ഹദ്റത്ത് മൂസാ(അ)യുടെ മേൽ ഇറക്കിയ അതേ നിയമസംഹിതയുമായി വന്ന മലക്കാണ്. നിന്റെ ജനം നിന്നെ പുറത്താക്കുന്ന കാലത്ത് ഞാൻ ജീവനോടെ ഇരിക്കുകയും യുവാവായിരിക്കുകയും ചെയ്തിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു പോകുന്നു. തിരുനബി(സ) ചോദിച്ചു: 'അവർ എന്നെ പുറത്താക്കുമോ?'. അദ്ദേ

ഹം പറഞ്ഞു: 'അതെ, നീ കൊണ്ടുവന്നതുപോലുള്ള ഒരു സന്ദേശവുമായി വന്ന ഒരാളോടും ശത്രുത കാണിക്കപ്പെടാതിരുന്നിട്ടില്ല. നിന്റെ ആ കാലം എനിക്ക് ലഭിക്കുകയാണെങ്കിൽ ഞാൻ സർവ്വശക്തിയുമെടുത്ത് നിന്നെ സഹായിക്കും'.

ഇതിനുശേഷം അധികം വൈകാതെ വറഖ അന്തരിച്ചു, വെളിപാടുകൾ (വഹ്‌യ്) കുറച്ചു കാലത്തേക്ക് നിലയ്ക്കുകയും ചെയ്തു.

*(അവ: സഹീഹ് ബുഖാരി (ഉർദു) ഭാഗം: 1, പേജ്: 5...7, കിതാബ് ബദ്ഉൽ വഹ്‌യ്, ബാബ്: കൈഫ കാന ബദ്ഉൽ വഹ്‌യ് ഇലാ റസൂലുല്ലാഹി(സ), ഹദീസ് 3, നസാറത് ഇശാഅത്ത്, റബ്‌വ)*

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു:

'യഥാർത്ഥ വസ്തുത എന്തെന്നാൽ, ഖുർആൻ ശരീഫിന്റെ അധ്യാപനമനുസരിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, ഒരു വശത്ത് അല്ലാഹു ഖുർആൻ ശരീഫിൽ തന്റെ ഔദാര്യം, കരുണ, കൃപ, ദയ എന്നീ ഗുണവിശേഷങ്ങളെക്കുറിച്ച് വിവരിക്കുകയും താൻ 'റഹ്മാൻ' ആണെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു എന്നതാണ്. എന്നാൽ മറുവശത്ത് അവൻ ഇപ്രകാരം അരുളുന്നു: اَنْ لَّيْسَ لِلْاِنْسَانِ اِلَّا مَا سَعٰى അതായത് മനുഷ്യന് അവൻ പരിശ്രമിച്ചതല്ലാതെ മറ്റൊന്നുമില്ല. (അൽനജ്മ്: 40) കൂടാതെ وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا നമ്മുടെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവർക്ക് നാം തീർച്ചയായും നമ്മുടെ വഴികൾ കാട്ടിക്കൊടുക്കും (അൽഅൻകബൂത്ത്: 70) എന്നും അല്ലാഹു പറയുന്നു. നമ്മുടെ മാർഗ്ഗത്തിൽ വരാൻ ശ്രമിക്കുകയും അത്യധ്വാനം (മുജാഹദ) നടത്തുകയും ചെയ്യുന്നവർക്ക് നാം തീർച്ചയായും അതിനുള്ള തൗഫീഖ് നൽകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു:

'ഇപ്രകാരം അല്ലാഹു തന്റെ അനുഗ്രഹങ്ങളെ പരിശ്രമത്തിലും മുജാഹദയിലും അധിഷ്ഠിതമാക്കിയിരിക്കുന്നു. അതായത്, നിങ്ങൾ പരിശ്രമിക്കുകയും അത്യധ്വാനം നടത്തുകയും ചെയ്താൽ മാത്രമേ ആ അനുഗ്രഹം ലഭിക്കുകയുള്ളൂ. കൂടാതെ സ്വഹാബികളുടെ(റ) ജീവിതരീതി നമുക്ക് ഉത്തമമായ മാതൃകയാണ്. സ്വഹാബികളുടെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചുനോക്കൂ; കേവലം സാധാരണമായ നമസ്കാരങ്ങൾ കൊണ്ടാണോ അവർ ആ പദവികൾ കൈവരിച്ചത്? അല്ല, മറിച്ച് അല്ലാഹുവിന്റെ പ്രീതി നേടുന്നതിനായി അവർ സ്വന്തം ജീവൻ പോലും പണയപ്പെടുത്തുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ആടുകളെപ്പോലെ ബലിയർപ്പിക്കപ്പെടുകയും ചെയ്തു. അതിനുശേഷമാണ് അവർക്ക് ആ പദവി ലഭിച്ചത്.

**തിരുനബി(സ)യുടെ സഹവാസത്തിലൂടെ അല്ലാഹുവിനോടുള്ള സ്നേഹം നേടിയെടുക്കാൻ സ്വഹാബികൾ(റ) പരിശ്രമിക്കുകയും അതിനായി ഏതൊരു ത്യാഗത്തിനും തയ്യാറാവുകയും ചെയ്തു. അങ്ങനെ അല്ലാഹു അവരിൽ പ്രീതനാകുന്ന ഒരു പദവി അവർക്ക് ലഭിക്കുകയും ചെയ്തു.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) വീണ്ടും പറയുന്നു: 'ഒരു ഊത്തു (മന്ത്രം) കൊണ്ട് തങ്ങളെ അത്തരം പദവികളിലേക്ക് എത്തിക്കണമെന്നും അർശോളം തങ്ങൾക്ക് പ്രവേശനമുണ്ടാവണമെന്നും ആഗ്രഹിക്കുന്ന അനേകം ആളുകളെ ഞാൻ കണ്ടിട്ടുണ്ട്.

അദ്ദേഹം തുടരുന്നു: നമ്മുടെ തിരുനബി(സ)യെക്കാൾ വലിയവർ ആരാണുള്ളത്? തിരുനബി(സ) അഫ്ദലുൽ ബശ്റും അഫ്ദലുൽ റുസലും (മനുഷ്യകുലോത്തമനും പ്രവാചക ശ്രേഷ്ഠനും) ആകുന്നു. തിരുനബി(സ) പോലും ഒരു ഊത്തു കൊണ്ട് അത്തരം കാര്യങ്ങൾ ചെയ്തിട്ടില്ലെങ്കിൽ പിന്നെ മറ്റാർക്കാണ് അത് ചെയ്യാൻ കഴിയുക? നോക്കൂ, ഹിറാ ഗുഹയിൽ തിരുനബി(സ) എത്രത്തോളം കഠിനമായ ആരാധനകൾ (റിയാദത്ത്) ചെയ്തു. എത്ര കാലത്തോളം തിരുനബി(സ) അല്ലാഹുവിന്റെ മുൻപിൽ കരഞ്ഞു പ്രാർത്ഥിച്ചിട്ടുണ്ടാകും എന്ന് അല്ലാഹുവിനു മാത്രമേ അറിയൂ. ആത്മശുദ്ധീകരണത്തിനായി (തസ്കിയ) തിരുനബി(സ) എത്രത്തോളം പ്രയത്നവും കഠിനാധ്വാനവുമാണ് നടത്തിയത്! അതിനുശേഷമാണ് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ വർഷിക്കാൻ തുടങ്ങിയത്.'

'യഥാർത്ഥത്തിൽ, ഒരു മനുഷ്യൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വയം ഒരു മരണാവസ്ഥയോ അല്ലെങ്കിൽ സമർപ്പണത്തിന്റെ (ഫനാ) അവസ്ഥയോ സ്വീകരിക്കുന്നത് വരെ അല്ലാഹുവിൽ നിന്നും യാതൊരു പരിഗണനയും ലഭിക്കുകയില്ല. എന്നാൽ ഒരു മനുഷ്യൻ തന്റെ ഭാഗത്തുനിന്നും പരമാവധി പരിശ്രമിച്ചിട്ടുണ്ടെന്നും എന്നെ കണ്ടെത്തുന്നതിനായി അവൻ മരണത്തിന് തുല്യമായ അവസ്ഥ സ്വീകരിച്ചിട്ടുണ്ടെന്നും അല്ലാഹു കാണുമ്പോൾ, അല്ലാഹു അവനിൽ വെളിപ്പെടുകയും അവനെ അനുഗ്രഹിക്കുകയും തന്റെ ശക്തിവിശേഷങ്ങൾ കൊണ്ട് അവനെ ഉന്നതനാക്കുകയും ചെയ്യുന്നു.' *(മൽഫൂസാത്ത്, വാല്യം 10, പേജ് 205,206, എഡിഷൻ 1984)*

മറ്റൊരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു: 'പ്രവാചകന്മാരുടെ പ്രകൃതം എങ്ങനെയുള്ളതാണെന്നാൽ അവർ പ്രശസ്തി ഒട്ടും ആഗ്രഹിക്കില്ല. ഒരു പ്രവാചകനും ഒരിക്കലും പ്രശസ്തി ആഗ്രഹിച്ചിട്ടില്ല. നമ്മുടെ തിരുനബി(സ)യും ഏകാന്തതയെയും നിശബ്ദതയെയും ഇഷ്ടപ്പെട്ടിരുന്നു. ആരാധനകൾക്കായി ആളുകളിൽ നിന്ന് അകന്ന് ഹിറാ ഗുഹ എന്ന ഏകാന്തമായ ഇടത്തിലേക്ക് തിരുനബി(സ) പോകുമായിരുന്നു. ആ ഗുഹയാകട്ടെ, ഒരാൾക്കും അവിടെ പ്രവേശിക്കാൻ ധൈര്യം വരാത്ത വിധം അത്രമേൽ പേടിപ്പെടുത്തുന്ന ഒന്നായിരുന്നു. എന്നാൽ തിരുനബി(സ) ആ സ്ഥലം തിരഞ്ഞെടുത്തത്, ഭയം കാരണം അവിടെ ആരും എത്തിച്ചേരില്ല എന്നത് കൊണ്ടാണ്. തിരുനബി(സ) അത്രത്തോളം ഏകാന്തത ആഗ്രഹിച്ചിരുന്നു. പ്രശസ്തിയെ ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ കല്പനയുണ്ടായി: يَا أَيُّهَا الْمُدَّثِّرُ ۝ قُمْ فَأَنْذِرْ (അൽമുദ്ദസിർ: 2, 3) അതായത്, അല്ലയോ പുതപ്പിനുള്ളിൽ ഇരിക്കുന്നവനേ, എഴുന്നേൽക്കൂ, എന്നിട്ട് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകൂ. ഈ കല്പനയിൽ ഒരു നിർബന്ധിക്കുന്ന ഭാവം കാണാം. തിരുനബി(സ)ക്ക് ഏറെ പ്രിയപ്പെട്ട ഏകാന്തത ഇപ്പോൾ വെടിയണമെന്നതിനാലാണ് ഇത്തരമൊരു കല്പന നൽകപ്പെട്ടത്.' *(മല്ഫൂസാത്ത് വാല്യം 7, പേജ് 44, എഡിഷൻ 1984)*

ചുരുക്കത്തിൽ, **അല്ലാഹുവിനോടുള്ള സ്നേഹവും തിരുനബി(സ)യുടെ ആത്മസമരവും (മുജാഹദ) അതിന്റെ ഉന്നതിയിൽ എത്തിയപ്പോൾ, അല്ലാഹുവിന്റെ അവസാനത്തെ നിയമസംഹിത പ്രചരിപ്പിക്കുന്നതിനായി അവിടുത്തെ ലോകത്തേക്ക് നിയോഗിച്ചു.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ഇത് അല്ലാഹുവിനോടുള്ള സ്നേഹവും അനുരാഗവുമായിരുന്നു, അതോടൊപ്പം അതൊരു മുജാഹദയുമായിരുന്നു. അതിന്റെ ഫലമായി അല്ലാഹു തിരുനബി(സ)ക്ക് എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകി. ഓരോ മനുഷ്യനും അവനവന്റെ പദവിക്ക് അനുസരിച്ച് പരിശ്രമം നടത്താത്ത പക്ഷം അല്ലാഹുവിങ്കലേക്ക് എത്തിച്ചേരുക എന്നത് പ്രയാസകരമാണ്.'

**അല്ലാഹുവിനോടുള്ള സ്നേഹത്തിൽ തിരുനബി(സ)യുടെ നമസ്കാരങ്ങളുടെ അവസ്ഥ ഇപ്രകാരമായിരുന്നു:**

മുത്വർറിഫ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: **ഞാൻ തിരുനബി(സ)യുടെ അരികിൽ ചെന്നപ്പോൾ തിരുനബി(സ) നമസ്കരിക്കുകയായിരുന്നു. തിരുനബി(സ)യുടെ നെഞ്ചിൽ നിന്നും കലത്തിൽ വെള്ളം തിളയ്ക്കുന്നതിന് സമാനമായ ശബ്ദം പുറപ്പെടുന്നുണ്ടായിരുന്നു.** *(സുനൻ നസാഈ, കിതാബുസ്സഹ്‌വ്, ബാബുൽ ബുക്കാഇ ഫിസ്സലാത്ത്, ഹദീസ് 1215).*

തിരുനബി(സ) അത്രത്തോളം തീവ്രമായി കരഞ്ഞും വിലപിച്ചും പ്രാർത്ഥിക്കുകയായിരുന്നു, ആ ശബ്ദം ഒരു കലത്തിൽ വെള്ളം തിളയ്ക്കുന്നത് പോലെ തോന്നിക്കുമായിരുന്നു.

അതുപോലെ ഹദ്റത്ത് ആഇശ(റ) വിവരിക്കുന്ന ഒരു നിവേദനം കഴിഞ്ഞ ഒരു ഖുതുബയിൽ ഞാൻ സൂചിപ്പിച്ചിരുന്നു: **തിരുനബി(സ) എത്രത്തോളം ആരാധനകളിൽ മുഴുകുകയും അതിനായി നിൽക്കുകയും ചെയ്യുമായിരുന്നുവെന്നാൽ, തിരുനബി(സ)യുടെ പാദങ്ങൾ വീങ്ങുമായിരുന്നു.** *(സ്വഹീഹ് ബുഖാരി, കിതാബുത്തഫ്സീർ, ഹദീസ് 4837).*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തിരുനബി(സ)യുടെ സ്നേഹത്തെയും ആരാധനകളെയും കുറിച്ച് വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു:

സീറത്തിനെ കുറിച്ച് പ്രതിപാദിച്ച ഒരു മുൻ ഖുതുബയിൽ ഈ ഭാഗം ഞാൻ ലഘുവായി വിവ

രിച്ചിരുന്നു. എന്നാൽ ഇതിന്റെ കൂടുതൽ വിശദാംശങ്ങൾ കൂടി ഞാൻ ഇവിടെ വിവരിക്കാം. ഇതിലൂടെ തിരുനബി(സ)ക്ക് അല്ലാഹുവോടുള്ള സ്നേഹവും അനുരാഗവും കൂടുതൽ വ്യക്തമാകും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു:

ഹദ്റത്ത് ആഇശ(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) തന്റെ വഫാത്തിനോടനുബന്ധിച്ച് രോഗശയ്യയിലായിരുന്നപ്പോൾ, ശാരീരികമായ അവശത കാരണം നമസ്കാരത്തിന് നേതൃത്വം നൽകാൻ സാധിച്ചിരുന്നില്ല. അതിനാൽ നമസ്കാരത്തിന് നേതൃത്വം നൽകാൻ ഹദ്റത്ത് അബൂബക്കർ(റ)വിനോട് തിരുനബി(സ) കൽപ്പിച്ചു. ഹദ്റത്ത് അബൂബക്കർ(റ) നമസ്കാരം ആരംഭിച്ചപ്പോൾ തിരുനബി(സ)ക്ക് അല്പം ആശ്വാസം അനുഭവപ്പെടുകയും നമസ്കാരത്തിനായി പുറപ്പെടുകയും ചെയ്തു. ഹദ്റത്ത് ആഇശ(റ) പറയുന്നു: ഹദ്റത്ത് അബൂബക്കർ(റ)വിനോട് നമസ്കാരത്തിന് നേതൃത്വം നൽകാൻ കൽപ്പിച്ച ശേഷം രോഗത്തിന് അല്പം കുറവ് അനുഭവപ്പെട്ടപ്പോൾ രണ്ട് പേരുടെ സഹായത്തോടെ തിരുനബി(സ) നമസ്കാരത്തിനായി പുറപ്പെട്ടു. ആ കാഴ്ച ഇപ്പോഴും എന്റെ കണ്ണുകൾക്ക് മുന്നിലുണ്ട്; കഠിനമായ വേദന കാരണം തിരുനബി(സ)യുടെ പരിശുദ്ധ പാദങ്ങൾ ഭൂമിയിൽ ഇഴയുകയായിരുന്നു.

തിരുനബി(സ) പള്ളിയിൽ എത്തിയപ്പോൾ താൻ പിന്നോട്ട് മാറാൻ ഹദ്റത്ത് അബൂബക്കർ(റ) ഉദ്ദേശിച്ചെങ്കിലും തിരുനബി(സ) അത് മനസ്സിലാക്കുകയും തന്റെ സ്ഥാനത്ത് തന്നെ തുടരാൻ ആംഗ്യം കാണിക്കുകയും ചെയ്തു. ശേഷം തിരുനബി(സ)യെ ഹദ്റത്ത് അബൂബക്കർ(റ)വിനടുത്ത് ഇരുത്തി. തുടർന്ന് തിരുനബി(സ) നമസ്കാരം ആരംഭിച്ചു. ഹദ്റത്ത് അബൂബക്കർ(റ) തിരുനബി(സ)യെ പിന്തുടർന്ന് നമസ്കരിച്ചു, ബാക്കിയുള്ളവർ ഹദ്റത്ത് അബൂബക്കർ(റ)വിനെ പിന്തുടർന്നും നമസ്കരിച്ചു.

എത്രത്തോളം അപകടകരമായ രോഗാവസ്ഥയിലാണെങ്കിലും തിരുനബി(സ) അല്ലാഹുവിന്റെ സ്മരണയെ വിസ്മരിച്ചിരുന്നില്ല എന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാക്കാം. സാധാരണയായി ചെറിയൊരു പ്രയാസം വരുമ്പോഴേക്കും സകല ആരാധനകളും മറന്നുപോകുന്ന മനുഷ്യരെ നാം കാണാറുണ്ട്. ജമാഅത്ത് നമസ്കാരത്തിലും മറ്റ് നിബന്ധനകൾ പാലിക്കുന്നതിലും പലപ്പോഴും വീഴ്ച സംഭവിക്കാറുണ്ട്. എന്നാൽ തിരുനബി(സ)യുടെ അവസ്ഥ നോക്കൂ; ചെറിയ അസുഖങ്ങൾ പോയിട്ട്, മരണാതുരമായ രോഗാവസ്ഥയിൽ പോലും, ഇടയ്ക്കിടെ ബോധക്ഷയമുണ്ടാകുകയും എഴുന്നേൽക്കാൻ പ്രയാസപ്പെടുകയും ചെയ്തിരുന്നിട്ടും നമസ്കാരം ആരംഭിച്ചപ്പോൾ വീട്ടിൽ അടങ്ങിയിരിക്കാൻ തിരുനബി(സ)ക്ക് സാധിച്ചില്ല. ആ തളർച്ചയിലും പാദങ്ങൾ നിലത്ത് തട്ടി നീങ്ങുന്ന അവസ്ഥയിലായിട്ടും രണ്ട് പേരുടെ ചുമലിൽ താങ്ങി തിരുനബി(സ) ജമാഅത്ത് നമസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെട്ടു.

ബാഹ്യമായി നോക്കുമ്പോൾ ഇത് ഒരു ചെറിയ കാര്യമായി തോന്നിയേക്കാം. എന്നാൽ തിരുനബി(സ) അന്ന് അനുഭവിച്ചിരുന്ന ആ പ്രയാസകരമായ അവസ്ഥയെ ഒന്ന് ചിന്തിച്ചു നോക്കൂ. എന്നിട്ടും അല്ലാഹുനിനെ സ്മരിക്കാനുള്ള ആ ആഗ്രഹം നോക്കൂ! ആ സ്നേഹത്തിന് വഴങ്ങിയാണ് രണ്ട് പേരുടെ തോളിൽ കൈ വെച്ച് തിരുനബി(സ) നമസ്കാരത്തിന് വന്നത്.

**ഈ സംഭവം ഒരു സാധാരണ സംഭവമല്ല, മറിച്ച് തിരുനബി(സ)യുടെ ഹൃദയത്തിൽ അല്ലാഹുവിന്റെ സ്മരണയോടുള്ള താല്പര്യത്തിന്റെ പ്രതിഫലനമാണ്. അല്ലാഹുവിന്റെ സ്മരണ തിരുനബി(സ)യുടെ ആഹാരമായിരുന്നുവെന്നും അതുകൂടാതെ തിരുനബി(സ)യുടെ ജീവിതത്തിന് ഒരു ആനന്ദവുമില്ലായിരുന്നുവെന്നും ഏതൊരു ഉൾക്കാഴ്ചയുള്ളവനും മനസ്സിലാക്കാൻ സാധിക്കും. ഇതിലേക്ക് സൂചിപ്പിച്ചുകൊണ്ട് തിരുനബി(സ) പറയുന്നു:**

قُرَّةُ عَيْنِيْ فِي الصَّلٰوةِ۔

**നമസ്കാരത്തിലാണ് എന്റെ കണ്ണിന്റെ കുളിർമ.**

ശരീഅത്ത് അനുസരിച്ച് അത്തരമൊരു രോഗാവസ്ഥയിൽ പള്ളിയിൽ വന്ന് ജമാഅത്തായി നമസ്കരിക്കുക എന്നത് നിർബന്ധമായ ഒരു കാര്യമായിരുന്നില്ല. കാരണം രോഗാവസ്ഥയിൽ ഈ നിബന്ധനകൾ പാലിക്കാൻ ഇസ്‌ലാമിക ശരീഅത്ത് ആരെയും നിർബന്ധിക്കുന്നില്ല. രോഗമാണെങ്കിൽ വീട്ടിൽ വെച്ച് നമസ്കരിക്കാവുന്നതാണ്. എന്നാൽ ഇത് **ഇശ്കിന്റെ** (അനുരാഗത്തിന്റെ) ശരീഅത്തായിരുന്നു. ഒരു വശത്ത് ശരീഅത്തിന്റെ അനുമതി ഉായിരുന്നുവെങ്കിലും തിരുനബി(സ) പ്രാവർത്തികമാക്കിയത് അനുരാഗത്തിന്റെ ശരീഅത്തായിരുന്നു. അത് തിരുനബി(സ)യുടെ സ്നേഹപ്രകടനമായിരുന്നു. അതൊക്കെ ശരീഅത്തിലെ വിധികൾ മാത്രമായിരുന്നു, എന്നാൽ ഇത് അനുരാഗത്തിന്റെ കാര്യങ്ങളായിരുന്നു. അത് സാധാരണ നിയമങ്ങൾക്കും മുകളിലുള്ള അനുരാഗത്തിന്റെ നിയമങ്ങളായിരുന്നു. ഇതിൽ സ്നേഹവും അനുരാഗവും തുളുമ്പി നിൽക്കുന്നു.

തീർച്ചയായും അത്തരം ഘട്ടത്തിൽ വീട്ടിൽ വെച്ച് നമസ്കരിക്കാൻ ശരീഅത്ത് അനുവാദം നൽകുന്നു. എങ്കിലും അല്ലാഹുവിന്റെ സ്മരണയോടുള്ള സ്നേഹം തിരുനബി(സ)യെ എന്ത് തന്നെ സംഭവിച്ചാലും എല്ലാ പ്രയാസങ്ങളും സഹിച്ചു കൊണ്ട് പൂർണ്ണമായ നിബന്ധനകളോടെ അല്ലാഹുവിനെ സ്മരിക്കാനും തന്റെ പ്രിയപ്പെട്ടവനെ ഓർക്കാനും തിരുനബി(സ)യെ പ്രേരിപ്പിക്കുകയായിരുന്നു.

അത്രയും കഠിനമായ രോഗാവസ്ഥയിൽ തിരുനബി(സ)ക്ക് അല്ലാഹുവിന്റെ സ്മരണയോട് ഇത്രയധികം ആത്മബന്ധമുണ്ടായിരുന്നെങ്കിൽ, ആരോഗ്യവാനായിരുന്ന കാലത്തെ അവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. തന്റെ പ്രിയപ്പെട്ടവന്റെ സ്മരണയിൽ തിരുനബി(സ) എത്രത്തോളം ആവേശത്തോടെയായിരിക്കും മുഴുകിയിട്ടുണ്ടാവുക എന്ന് ആർക്കും ചിന്തിക്കാവുന്നതാണ്.

അല്ലാഹുവുമായി തിരുനബി(സ)ക്ക് ബന്ധം എങ്ങനെയായിരുന്നുവെന്നാൽ അല്ലാഹുവിന്റെ സ്മരണ വരുമ്പോഴേക്കും തിരുനബി(സ)യിൽ ഒരു പ്രത്യേക ആവേശം പ്രകടമാകുമായിരുന്നു. ആരോഗ്യത്തിലായാലും രോഗത്തിലായാലും അല്ലാഹുവിന്റെ സ്മരണയായിരുന്നു തിരുനബി(സ)യുടെ ആഹാരം. ഇതേ സ്വഭാവം തന്റെ ഉമ്മത്തിലും ജനങ്ങളിലും ഉണ്ടാകണമെന്നും അവർക്കിത് ഒരു ശീലമായി മാറണമെന്നും തിരുനബി(സ) ആഗ്രഹിച്ചു.

മുൻ ഖുതുബയിൽ വിവരിച്ചത് പോലെ സീറത്തിനെ കുറിച്ചുള്ള ചില കാര്യങ്ങൾ കൂടി ഇവിടെ വിശദീകരിക്കാം. നേരത്തെ പറഞ്ഞ ഹദീസിലെ ചില വശങ്ങൾ വീണ്ടും പറയേണ്ടതുണ്ട്.

ഒരിക്കൽ തിരുനബി(സ) ബനീ അംറ് ബിൻ ഔഫ് ഗോത്രക്കാർക്കിടയിലെ ഒരു തർക്കം പരിഹരിക്കാനും അവർക്കിടയിൽ സന്ധി ഉണ്ടാക്കാനുമായി പോയി. ആ സമയത്ത് നമസ്കാരത്തിന് സമയമായപ്പോൾ പള്ളിയിലെ മുഅദ്ദിൻ ബാങ്ക് വിളിച്ച ശേഷം ഹദ്റത്ത് അബൂബക്കർ(റ)വിനടുത്ത് വന്ന് ചോദിച്ചു: താങ്കൾ ജനങ്ങൾക്ക് നമസ്കാരത്തിന് നേതൃത്വം നൽകുമോ? ഞാൻ ഇഖാമത്ത് കൊടുക്കാം. ഹദ്റത്ത് അബൂബക്കർ(റ) സമ്മതിച്ചു. അങ്ങനെ അദ്ദേഹം നമസ്കാരത്തിന് നേതൃത്വം നൽകാൻ നിൽക്കുമ്പോൾ തിരുനബി(സ) അവിടെ ആഗതരായി. ജനങ്ങൾ

• ഹദീഥുന്നബവി •
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL. :9744366004, 8086399638

• ഹദീഥുന്നബവി •
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

നമസ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു. തിരുനബി(സ) വരികൾക്കിടയിലൂടെ നടന്ന് ഒന്നാം വരിയിലെത്തി നിന്നു. തിരുനബി(സ) വന്ന വിവരം ഹദ്റത്ത് അബൂബക്കർ(റ)വിനെ അറിയിക്കാൻ വേണ്ടി ജനങ്ങൾ കൈകൾ തട്ടി ശബ്ദമുണ്ടാക്കി. എന്നാൽ ഹദ്റത്ത് അബൂബക്കർ(റ) നമസ്കാരത്തിൽ മറ്റൊന്നിയിലേക്കും ശ്രദ്ധ കൊടുക്കാത്ത ഒരാളായിരുന്നു. ഇബാദത്തിൽ അദ്ദേഹത്തിന് അത്രയധികം താല്പര്യമുണ്ടായിരുന്നു. കൈ കൊട്ടുന്നത് കൂടിയപ്പോൾ അദ്ദേഹം ശ്രദ്ധിക്കുകയും തിരുനബി(സ) വന്ന വിവരം മനസ്സിലാക്കുകയും ചെയ്തു. തന്റെ സ്ഥാനത്ത് തന്നെ തുടരാൻ തിരുനബി(സ) അദ്ദേഹത്തോട് ആംഗ്യം കാണിച്ചു. ഈ ബഹുമതിയിൽ ഹദ്റത്ത് അബൂബക്കർ(റ) അല്ലാഹുവിനെ സ്തുതിച്ചു കൊണ്ട് കൈകൾ ഉയർത്തി നന്ദി പ്രകടിപ്പിച്ചു. ശേഷം അദ്ദേഹം പിന്നോട്ട് മാറി വരിയിൽ ചേർന്നു. തിരുനബി(സ) മുന്നോട്ട് വന്ന് നമസ്കാരം പൂർത്തിയാക്കി.

സലാം വീട്ടിയ ശേഷം തിരുനബി(സ) ചോദിച്ചു: 'അബൂബക്കർ, ഞാൻ കൽപ്പിച്ചിട്ടും നമസ്കാരം പൂർത്തിയാക്കാൻ താങ്കളെ തടഞ്ഞത് എന്താണ്?' ഹദ്റത്ത് അബൂബക്കർ(റ) മറുപടി നൽകി : **അബൂഖുഹാഫയുടെ മകന് (എനിക്ക്) തിരുനബി(സ)യുടെ മുന്നിൽ നിന്ന് നമസ്കാരത്തിന് നേതൃത്വം നൽകാൻ എന്ത് യോഗ്യതയാണുള്ളത്?** തുടർന്ന് തിരുനബി(സ) ജനങ്ങളിലേക്ക് തിരിഞ്ഞ് ഇപ്രകാരം പറഞ്ഞു: നിങ്ങൾ എന്തിനാണ് ഇത്രയധികം കൈ കൊട്ടിയത്? നമസ്കാരത്തിനിടയിൽ എന്തെങ്കിലും സംഭവിച്ചാൽ സുബ്ഹാനല്ലാഹ് എന്നാണ് പറയേണ്ടത്. ഒരാൾ സുബ്ഹാനല്ലാഹ് എന്ന് പറയുമ്പോൾ ഇമാം അങ്ങോട്ട് ശ്രദ്ധിക്കും. കൈ കൊട്ടുക എന്നത് സ്ത്രീകൾ ചെയ്യുന്ന കാര്യമാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: ഈ ഹദീസിൽ നിന്നും മറ്റ് അനേകം പാഠങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും, ഇവിടെ ഞാൻ ഒരു കാര്യത്തിലേക്ക് മാത്രമാണ് ശ്രദ്ധതിരിക്കുന്നത്. അതായത്, **ഏതുവിധേനയും ജനങ്ങളുടെ നാവുകളിൽ അല്ലാഹുവിന്റെ നാമം നിലനിർത്തുക എന്നതായിരുന്നു തിരുനബി(സ)യുടെ ജീവിതകാലം മുഴുവനുമുള്ള പരിശ്രമം.**

തിരുനബി(സ) സ്വയം എങ്ങനെയാണ് അല്ലാഹുവിന്റെ സ്മരണയിൽ മുഴുകിയിരുന്നത് എന്ന കാര്യം വിവരിക്കപ്പെട്ടുവല്ലോ. എന്നാൽ ഓരോരുത്തരുടെയും നാവുകളിൽ ഈ വാക്കുകൾ (അല്ലാഹുവിന്റെ സ്മരണ) ഉണ്ടാകണമെന്ന് തിരുനബി(സ) ആഗ്രഹിച്ചിരുന്നുവെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.

**ഇനി നാം നമ്മെത്തന്നെ ഒന്ന് പരിശോധിച്ചു നോക്കേണ്ടതുണ്ട്; തിരുനബി(സ) തന്റെ ഉമ്മത്തിൽ നിന്നും ആഗ്രഹിച്ചത് പോലെ അല്ലാഹുവിനെക്കുറിച്ചുള്ള ചിന്ത എപ്പോഴും നമ്മുടെ ഹൃദയത്തിലുണ്ടോ? അത്രത്തോളം ആത്മീയമായ വേദന നമ്മുടെ ഉള്ളിലുണ്ടോ? അതോ നമ്മുടെ ലൗകികമായ ആവശ്യങ്ങൾക്കായി മാത്രമാണോ നാം നമസ്കാരങ്ങളിലേക്കും അല്ലാഹുവിന്റെ സ്മരണയിലേക്കും ശ്രദ്ധ തിരിക്കുന്നത്? സാധാരണ സാഹചര്യങ്ങളിൽ നാം അല്ലാഹുവിനെ മറന്നുപോകുന്നുണ്ടോ?**

തുടർന്ന് അദ്ദേഹം എഴുതുന്നു: **അല്ലാഹുവിനെ അധികമായി സ്മരിക്കണമെന്ന് തിരുനബി(സ) ആഗ്രഹിച്ചിരുന്നു എന്ന് വ്യക്തമാക്കുന്ന നിരവധി സംഭവങ്ങളുണ്ട്.** തുമ്മുമ്പോഴും, ഭക്ഷണം കഴിച്ചു തുടങ്ങുമ്പോഴും, അത് കഴിഞ്ഞ ശേഷവും, ഉറങ്ങുമ്പോഴും, ഉണരുമ്പോഴും, നമസ്കാരങ്ങൾക്ക് ശേഷവും, ഏതെങ്കിലും വലിയ കാര്യം ചെയ്യുമ്പോഴും, വുളൂ ചെയ്യുമ്പോഴും എന്ന് വേണ്ട, ഭൂരിഭാഗം പ്രവൃത്തികളിലും അല്ലാഹുവിനെ സ്മരിക്കാൻ തിരുനബി(സ) ജനങ്ങളെ ഉണർത്തിയിരുന്നു. ഇതിൽ നിന്നും തിരുനബി(സ) സ്വയം സ്മരണയിൽ മുഴുകുക മാത്രമല്ല, മറ്റുള്ളവരും ആ സ്മരണയിൽ ഏർപ്പെടണമെന്ന് ആഗ്രഹിച്ചിരുന്നുവെന്നും വ്യക്തമാകുന്നു. ഇത് തിരുനബി(സ)ക്ക് അല്ലാഹുവോടുള്ള സ്നേഹത്തിന്റെ പൂർണ്ണതയ്ക്കുള്ള തെളിവാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: അല്പം ആരാധനകൾ ചെയ്യുമ്പോഴേക്കും അഹങ്കാരികളായി മാറുന്ന ഒട്ടനവധി ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. കുറച്ചു ദിവസത്തെ നമസ്കാരങ്ങൾക്കോ ആരാധനകൾക്കോ ശേഷം അവർ തങ്ങളെ ത്തന്നെ വലിയ ആത്മീയ ഔന്നത്യമുള്ളവരായി കരുതാൻ തുടങ്ങുന്നു. ദുനിയാവും അതിലുള്ളതും അവരുടെ കണ്ണിൽ നിസ്സാരമായി മാറുന്നു. വലിയ വ്യക്തികളെ പോലും അവർ ഗൗനിക്കാതാകുന്നു. മനുഷ്യരുടെ കാര്യം പോട്ടെ, അവർ അല്ലാഹുവിനോട് പോലും തങ്ങൾ ചെയ്ത ആരാധനയുടെ പേരിൽ അഹങ്കരിക്കുകയും, തങ്ങൾ ആരാധന നടത്തിയത് വഴി അല്ലാഹുവിനോട് ഔദാര്യം ചെയ്തുവെന്നും അല്ലാഹു തങ്ങളോട് കടപ്പെട്ടിരിക്കുന്നുവെന്നും نعوذباللہ കരുതുകയും ചെയ്യുന്നു.

ഇത്രത്തോളം ഇല്ലെങ്കിൽ പോലും, ആരാധനകൾ ചെയ്യുമ്പോൾ മനസ്സിൽ അല്പം അഹങ്കാരം വന്നുപോകുന്നവരാണ് ഭൂരിഭാഗം പേരും. ആരാധനകൾക്ക് ശേഷവും വിനയത്തോടെ നിലകൊള്ളുന്നവർ വളരെ കുറവാണ്. ആരാധനകൾക്ക് ശേഷവും വിനയത്തോടെ കഴിയുന്നവരാണ് യഥാർത്ഥ പുണ്യവാന്മാർ. അവർ വിനയാന്വിതരായി ജീവിക്കുകയും തങ്ങളുടെ ആരാധനകളെ മറച്ചുപിടിക്കുകയും ചെയ്യുന്നു. അല്ലാഹുവിനോടുള്ള സ്നേഹത്തെയും അവർ മറച്ചുവെക്കുന്നു. തങ്ങൾക്ക് ആരാധന ചെയ്യാൻ തൗഫീഖ് നൽകിയത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് അവർ കരുതുന്നു. ഇതാണ് യഥാർത്ഥത്തിൽ പുണ്യവാന്മാരുടെ വിഭാഗം.

പുണ്യപ്രവൃത്തികൾ എന്നാൽ എന്താണെന്ന് ആളുകൾ ചോദിക്കാറുണ്ട്. ഇന്നത്തെ കാലത്തെ കുട്ടികളും യുവാക്കളും, അല്ലാഹു നമ്മിൽ പ്രീതനാണെന്ന് എങ്ങനെ മനസ്സിലാക്കാം എന്ന് പലപ്പോഴും ചോദിക്കാറുണ്ട്. അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മാത്രം നന്മകൾ ചെയ്യുമ്പോഴാണ് അല്ലാഹു പ്രീതനാവുന്നത്. മനുഷ്യന് തന്നെത്തന്നെ സ്വയം വിലയിരുത്താവുന്നതാണ്. അതിന് പുറത്തുനിന്നൊരാളെ ജഡ്ജിയായി വെക്കേണ്ടതില്ല. താൻ ചെയ്യുന്ന നന്മകൾ അല്ലാഹുവിന് വേണ്ടിയാണോ എന്ന് മനുഷ്യന് സ്വയം മനസ്സിലാക്കാൻ സാധിക്കും. അത് അല്ലാഹുവിന് വേണ്ടിയാണെങ്കിൽ തീർച്ചയായും അല്ലാഹുവിന് അത് ഇഷ്ടപ്പെട്ടതുമാണ്.

അദ്ദേഹം(റ) എഴുതുന്നു: എങ്കിൽ പിന്നെ പുണ്യവാന്മാരുടെ നേതാവും പ്രവാചകശ്രേഷ്ഠനുമാ

• ഹദീഥുന്നബ്‌വി ﷺ •




**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വി ﷺ •

**"അന്നദമു തൗബത്തുൻ."**
**ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി ﷺ •

**"ലാ തതമന്നഉൽമൗത്ത."**
**മരണം ആഗ്രഹിക്കരുത്.**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

യ തിരുനബി(സ)യുടെ അവസ്ഥ എന്തായിരിക്കുമെന്ന് നിങ്ങൾക്ക് ചിന്തിക്കാവുന്നതേയുള്ളൂ. തിരുനബി(സ) സകല ഗുണങ്ങളുടെയും കേദാരവും സർവ്വ നന്മകളുടെയും ഉറവിടവുമായിരുന്നു. അഹങ്കാരത്തിനോ പ്രശസ്തിക്കോ വേണ്ടി ആരാധന നടത്തുക എന്നത് പോയിട്ട്, എത്രത്തോളം ദൈവദാസ്യത്തിൽ മുഴുകുന്നുവോ അത്രത്തോളം തിരുനബി(സ)യുടെ ആത്മീയമായ അനുരാഗാഗ്നി ആളിപ്പടരുകയായിരുന്നു ചെയ്തിരുന്നത്. ആരാധനകൾ ചെയ്തുകൊണ്ട് അല്ലാഹുവിനെ തന്നോട് കടപ്പെട്ടവനാക്കുന്നതിന് പകരം, 'അല്ലാഹുവേ! ഈ ആരാധനകൾ ചെയ്യാൻ എനിക്ക് ലഭിക്കുന്ന തൗഫീഖ് നിന്റെ മാത്രം അനുഗ്രഹമാണ്' എന്ന് കരുതി തിരുനബി(സ) അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് മുന്നിൽ വിനീതനാവുകയായിരുന്നു.

തിരുനബി(സ)യുടെ ആരാധനകൾ ഒരു തടസ്സമില്ലാത്ത പ്രവാഹം പോലെയായിരുന്നു. കുറച്ചു സമയം ആരാധനയിൽ ചെലവഴിക്കുമ്പോൾ, ഈയൊരു സൽപ്രവൃത്തിക്ക് തൗഫീഖ് നൽകിയത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണെന്നും അതിന് നന്ദി കാണിക്കേണ്ടത് അനിവാര്യമാണെന്നും തിരുനബി(സ) കരുതിയിരുന്നു. ആ നന്ദി പ്രകടിപ്പിക്കാനുള്ള ആവേശത്തിൽ വീണ്ടും ആരാധനകളിൽ മുഴുകും. അപ്പോഴും അതിനെ അല്ലാഹുവിന്റെ മറ്റൊരു അനുഗ്രഹമായിട്ടാണ് തിരുനബി(സ) കണ്ടിരുന്നത്. കാരണം അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ നന്ദി പ്രകടിപ്പിക്കാൻ പോലും ആർക്കും സാധ്യമല്ല. അതായത്, നന്ദി പറയാൻ ലഭിച്ച തൗഫീഖും അല്ലാഹുവിന്റെ അനുഗ്രഹം തന്നെ. ഇത്തരത്തിൽ ആ ആത്മീയ ദാഹം വർദ്ധിക്കുകയും തിരുനബി(സ) വീണ്ടും തന്റെ റബ്ബിന്റെ ആരാധനയിൽ നിമഗ്നനാവുകയും ചെയ്യുമായിരുന്നു. ഈ രഹസ്യ പ്രാർത്ഥനകളുടെയും പരമ്പര എത്രത്തോളം നീളുമായിരുന്നുവെന്നാൽ, പല പ്പോഴും ദീർഘനേരം നിന്നുള്ള നമസ്കാരം കാരണം തിരുനബി(സ)യുടെ പവിത്രമായ പാദങ്ങൾ വീർത്തുപോകുമായിരുന്നു.

സ്വഹാബികൾ(റ) ചോദിക്കുമായിരുന്നു: 'അല്ലാഹുവിന്റെ തിരുദൂതരേ(സ)! അങ്ങയുടെ പാപങ്ങളെല്ലാം പൊറുക്കപ്പെട്ടതാണല്ലോ, എന്നിട്ടും എന്തിനാണ് അങ്ങ് ഇത്രയധികം കഠിനാധ്വാനം ചെയ്യുന്നത്?' അപ്പോൾ തിരുനബി(സ) നൽകുന്ന മറുപടി 'എങ്കിൽ പിന്നെ ഞാൻ ഒരു നന്ദിയുള്ള ദാസനാകേണ്ടതില്ലേ?' എന്നായിരുന്നു.

ഹദ്റത്ത് മുഗീറ ബിൻ ശുഅ്ബ(റ) പ്രസ്താവിക്കുന്നു: **തിരുനബി(സ) നമസ്കാരത്തിനായി നിൽക്കുമ്പോൾ നേരത്തെ സൂചിപ്പിച്ചത് പോലെ കാലുകളോ കണങ്കാലുകളോ വീങ്ങുന്നത് വരെ ദീർഘനേരം നിൽക്കുമായിരുന്നു. ആളുകൾ ഇതിനെ ക്കുറിച്ച് ചോദിച്ചപ്പോൾ, ഞാൻ ഒരു നന്ദിയുള്ള ദാസനാകേണ്ടതില്ലേ? എന്നാണ് തിരുനബി(സ) മറുപടി നൽകിയത്. അല്ലാഹ്! അല്ലാഹ്! എന്തൊരു അനുരാഗം, എന്തൊരു സ്നേഹം! അല്ലാഹുവിന്റെ സ്മരണയിൽ നിൽക്കുമ്പോൾ സ്വന്തം ശരീരത്തെക്കുറിച്ച് പോലും ശ്രദ്ധയില്ലാത്ത അവസ്ഥ.**

രക്തയോട്ടം താഴേക്ക് കേന്ദ്രീകരിച്ച് പാദങ്ങളിൽ നീര് വരുന്നു, എങ്കിലും ആ ദിവ്യാനുരാഗം ആ വേദനയിലേക്ക് ശ്രദ്ധ തിരിക്കാൻ അനുവദിക്കുന്നില്ല. ചുറ്റുമുള്ളവർ ഇത് കണ്ട് അത്ഭുതപ്പെടുകയും വേദന അനുഭവിക്കുകയും ചെയ്യുമായിരുന്നു. അവർ തിരുനബി(സ)യെ ഇതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിക്കുമായിരുന്നു: 'എന്തിനാണ് അങ്ങ് സ്വയം ഇത്രത്തോളം പ്രയാസപ്പെടുത്തുന്നത്? അങ്ങയുടെ ആരോഗ്യത്തെയും വിശ്രമത്തെയും കുറിച്ച് അല്പം ചിന്തിക്കണ്ടേ?' മറ്റുള്ളവരെ അസ്വസ്ഥരാക്കുന്ന ആ വേദന തിരുനബി(സ)യെ ഒട്ടും ബാധിച്ചിരുന്നില്ല. ആരാധനകളിൽ അല്പം പോലും ഇളവ് വരുത്തുന്നതിനോ റബ്ബിന്റെ സ്മരണയിൽ ദീർഘനേരം നിൽക്കുന്നത് ഒഴിവാക്കുന്നതിനോ പകരം, അവരുടെ ആ ഉപദേശത്തെ തിരുനബി(സ) ഇഷ്ടപ്പെട്ടില്ല. പകരം തിരുനബി(സ) ചോദിച്ചു: 'ഞാൻ അല്ലാഹുവിന്റെ നന്ദിയുള്ള ദാസനാകേണ്ടതില്ലേ? അവൻ എന്നോട് ഇത്രയധികം കരുണ കാണിക്കുന്നു, ഇത്രയേറെ അനുഗ്രഹങ്ങൾ ചൊരിയുന്നു, ഇത്രയും വാത്സല്യത്തോടെ എന്നോട് പെരുമാറുന്നു. എങ്കിൽ അവന്റെ ആ സ്നേഹത്തിന് പകരമായി ഞാൻ അവന്റെ നാമം സദാ ഉരുവിടുകയും അവന്റെ ദാസ്യത്തിൽ മുഴുകുകയും വേണ്ടേ?'

**എത്രത്തോളം ആത്മാർത്ഥതയും നന്ദിയും നിറഞ്ഞ മറുപടിയാണത്! തിരുനബി(സ)യുടെ പവിത്രമായ ഹൃദയത്തിലെ വികാരങ്ങളെ അത് എത്ര മനോഹരമായി തുറന്നുകാട്ടുന്നു. ദൈവസ്മരണയോടുള്ള ഇത്ര വലിയ താല്പര്യം മറ്റാരുടെയെങ്കിലും ഹൃദയത്തിലുണ്ടോ? ഇതിന് തത്തുല്യമായ ഒരു ഉദാഹരണം കാണിച്ചുതരാൻ മറ്റാർക്കെങ്കിലും സാധിക്കുമോ? മറ്റേതെങ്കിലും ജനതയിലെ ഏതെങ്കിലും നേതാവിന് തിരുനബി(സ)യുടെ ഈ ആത്മാർത്ഥതയുമായി മത്സരിക്കാൻ സാധിക്കുമോ? തിരുനബി(സ) സ്വയം ഇങ്ങനെ പ്രവർത്തിക്കുക മാത്രമല്ല, തന്റെ ഉമ്മത്തും അപ്രകാരം തന്നെയാകണമെന്ന് പ്രതീക്ഷിക്കുകയും ചെയ്തിരുന്നു.**

തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തിരുനബി(സ) തന്റെ കർമ്മങ്ങളിൽ എങ്ങനെയാണ് വ്യാപൃതനായിരുന്നത് എന്ന് വിവരിക്കുന്നു: കേവലം ആരാധനകൾ മാത്രം നിർവ്വഹിച്ച് ബാക്കി കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കുന്ന രീതിയായിരുന്നില്ല തിരുനബി(സ)യുടേത്. തിരുനബി(സ) രാത്രി മുഴുവൻ ആരാധനയ്ക്കായി നിൽക്കുകയും പകൽ മുഴുവൻ ഉറങ്ങുകയും ചെയ്തിരുന്നില്ല. അങ്ങനെയായിരുന്നുവെങ്കിൽ, പകൽ സമയത്തും അല്ലാഹുവിന്റെ നാമം പ്രചരിപ്പിക്കാനും അവന്റെ കൽപ്പനകൾ നടപ്പിലാക്കാനും തിരുനബി(സ) കാണിച്ചിരുന്ന ആ ആവേശവും താല്പര്യവും നമുക്ക് മനസ്സിലാക്കാൻ സാധിക്കുമായിരുന്നില്ല.

അവിടുന്ന് അഞ്ച് നേരവും ഇമാം നിന്ന് നമസ്കാരം നിർവഹിക്കുമായിരുന്നു. ദൂരദേശങ്ങളിൽ നിന്നും വരുന്ന പ്രതിനിധി സംഘങ്ങളെയും നയതന്ത്രജ്ഞരെയും നേരിൽ കണ്ട് ചർച്ചകൾ നടത്തുകയും അവരുടെ ആവശ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുമായിരുന്നു. യുദ്ധങ്ങളിൽ സൈന്യത്തെ നയിച്ചിരുന്നത് തിരുനബി(സ) നേരിട്ടായിരുന്നു. സ്വഹാബികൾക്ക്(റ) ഖുർആൻ പഠിപ്പിച്ചു കൊടുക്കുമായിരുന്നു. ജഡ്ജിയായി സേവനമനുഷ്ഠിക്കുകയും ജനങ്ങൾക്കിടയിലെ തർക്കങ്ങളിൽ തീർപ്പുകല്പിക്കുകയും ചെയ്തിരുന്നു. സമ്പത്തിന്റെ വിനിയോഗം, ബൈത്തുൽമാലിന്റെ (പൊതുഖജനാവ്) മേൽനോട്ടം, രാജ്യഭരണം, ഇസ്‌ലാമിക നിയമങ്ങളുടെ നടപ്പിലാക്കൽ, ഭാര്യമാരുടെ അവകാശങ്ങൾ നിറവേറ്റിക്കൊടുക്കൽ, വീട്ടുജോലികളിൽ സഹായിക്കൽ എന്നിങ്ങനെ എല്ലാ കാര്യങ്ങളും പകൽ സമയത്ത് തിരുനബി(സ) നിർവ്വഹിക്കുമായിരുന്നു. ഇത്രയധികം ജോലികൾക്ക് ശേഷം ക്ഷീണിതനായി കിടന്നുറങ്ങുന്നതിന് പകരം, തിരുനബി(സ) ഇടയ്ക്കിടെ എഴുന്നേറ്റ് അല്ലാഹുവിനെ സ്തുതിക്കുകയും തസ്ബീഹ് ചൊല്ലുകയും ചെയ്യുമായിരുന്നു. അർദ്ധരാത്രി പിന്നിടുമ്പോൾ വുളൂ ചെയ്ത്, ചുറ്റും നിശബ്ദത പടർന്നിരിക്കുമ്പോൾ തന്റെ റബ്ബിന്റെ സന്നിധിയിൽ അങ്ങേയറ്റത്തെ വിനയത്തോടെ ഖുർആൻ പാരായണം ചെയ്തുകൊണ്ട് ദീർഘനേരം നിൽക്കുമായിരുന്നു. അങ്ങനെ തിരുനബി(സ)യുടെ കാലുകളിൽ നീരുവന്ന് വീർത്തിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: ഒരിക്കൽ ഞാൻ തിരുനബി(സ)യോടൊപ്പം നമസ്കാരത്തിൽ ചേർന്നു. തിരുനബി(സ) എത്രയധികം സമയം നിന്നുകൊണ്ട് നമസ്കരിച്ചുവെന്നാൽ എന്റെ പാദങ്ങൾക്ക് ആ ഭാരം താങ്ങാൻ കഴിയാത്ത അവസ്ഥയായി. നമസ്കാരം നിർത്തി ഓടിപ്പോയാലോ എന്ന് പോലും ഞാൻ ചിന്തിച്ചുപോയി.

തിരുനബി(സ)യെക്കാൾ എത്രയോ പ്രായം കുറഞ്ഞ ഒരു യുവാവിന്റെ വാക്കുകളാണിത്. ഇതിൽ നിന്നും വാർദ്ധക്യത്തിലും പകൽ മുഴുവൻ ജോലികളിൽ വ്യാപൃതനായിട്ടും തിരുനബി(സ) കാണിച്ചിരുന്ന ആത്മീയ വീര്യം നമുക്ക് മനസ്സിലാക്കാം. തിരുനബി(സ)യുമായി താരതമ്യം ചെയ്യുമ്പോൾ ഒന്നുമല്ലാത്ത ജോലികൾ ചെയ്യുന്ന കരുത്തരായ യുവാക്കൾക്ക് പോലും തിരുനബി(സ)യോടൊപ്പം നിൽക്കാൻ സാധിക്കാതെ തളർന്നു പോകുമായിരുന്നു. എന്തിനായിരുന്നു തിരുനബി(സ) ഈ പ്രയാസങ്ങളെല്ലാം സഹിച്ചിരുന്നത്? താൻ നന്ദിയുള്ള ഒരു ദാസനാകണമെന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കാണുമ്പോൾ അവനെ സ്മരിക്കണമെന്നുമുള്ള അതിയായ ആഗ്രഹം കൊണ്ടായിരുന്നു അത്. *(അവ: സീറത്തുന്നബി(സ), ഗ്രന്ഥകർത്താ: ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), വാല്യം 1, പേജ് 131...140).* തിരുനബി(സ)ക്ക് അ

ല്ലാഹുവിനോട് അത്രയധികം സ്നേഹമായിരുന്നു.

അബൂസലമ ബിൻ അബ്ദുറഹ്മാൻ ഒരിക്കൽ ഹദ്റത്ത് ആഇശ(റ)യോട് ചോദിച്ചു: റമദാനിൽ തിരുനബി(സ)യുടെ നമസ്കാരം എങ്ങനെയായിരുന്നു? ഇപ്പോൾ ഒരു മാസത്തിനുള്ളിൽ റമദാൻ ആരംഭിക്കുന്നതാണ്. റമദാനിൽ ഏതായാകലും നമ്മൾ ആരാധനകൾ അധികരിപ്പിക്കാറുണ്ട്, എന്നാൽ അതിന് മുൻപും അത് വേണ്ടതാണ്. ഹദ്റത്ത് ആഇശ(റ) മറുപടി നൽകി: റമദാനിലായാലും അല്ലാത്ത മാസങ്ങളിലായാലും തിരുനബി(സ) പതിനൊന്ന് റക്അത്തിൽ കൂടുതൽ വർദ്ധിപ്പിക്കാറില്ലായിരുന്നു. ആ നമസ്കാരത്തിന്റെ ഭംഗിയെയും ദൈർഘ്യത്തെയും കുറിച്ച് ചോദിക്കേണ്ട! അത്രത്തോളം മനോഹരമായിരുന്നു അത്. ആദ്യം നാല് റക്അത്ത് നമസ്കരിക്കും, പിന്നീട് വീണ്ടും നാല് റക്അത്ത്, ശേഷം മൂന്ന് റക്അത്ത് വിത്ർ നമസ്കരിക്കും. ഹദ്റത്ത് ആഇശ(റ) ചോദിച്ചു: 'യാ റസൂലല്ലാഹ്(സ)! അങ്ങ് വിത്റിന് മുൻപ് ഉറങ്ങാറുണ്ടോ?' (അതായത് നാല് റക്അത്തിന് ശേഷം അല്പം വിശ്രമിക്കാറുണ്ടോ?). തിരുനബി(സ) മറുപടി നൽകി: 'എന്റെ കണ്ണുകൾ മാത്രമാണ് ഉറങ്ങുന്നത്, എന്റെ ഹൃദയം ഉറങ്ങാറില്ല.' (സ്വഹീഹുൽ ബുഖാരി). ആ ഹൃദയം ദൈവസ്നേഹത്താൽ എപ്പോഴും ഉണർന്നിരിക്കുകയായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരുനബി(സ)യുടെ സീറത്ത് വിവരിക്കവെ അവിടുത്തെ ദൈവ സാമീപ്യത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു:

മറ്റൊരു സ്ഥലത്ത് തിരുനബി(സ)യുടെ ദൈവിക സാമീപ്യത്തെക്കുറിച്ച് അല്ലാഹു ഇങ്ങനെ പറയുന്നു:

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ

(അൽഅൻആം: 163)

'നീ പറയുക: തീർച്ചയായും എന്റെ നമസ്കാരവും എന്റെ ത്യാഗങ്ങളും എന്റെ ജീവിതവും എന്റെ മരണവും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു.'

അതായത്, എന്റെ അവസ്ഥ എന്തെന്നാൽ ഞാൻ എന്റെ അസ്തിത്വത്തിൽ നിന്ന് പൂർണ്ണമായും വിമുക്തനായിരിക്കുന്നു; എന്റെ സകല ആരാധനകളും അല്ലാഹുവിനായിത്തീർന്നിരിക്കുന്നു എന്ന് ജനങ്ങളെ അറിയിക്കുക. ഏതൊരു മനുഷ്യനും പരിപൂർണ്ണത പ്രാപിക്കാത്ത പക്ഷം അല്ലാഹുവിനായി നിഷ്കളങ്കമായി ഇബാദത്ത് ചെയ്യാൻ സാധിക്കില്ല എന്നതിലേക്കുള്ള സൂചനയാണിത്. മറിച്ച്, അയാളുടെ ആരാധനയിൽ ഒരു ഭാഗം അല്ലാഹുവിനും മറ്റൊരു ഭാഗം സ്വന്തം നഫ്സിനും (ആത്മാവിനും) വേണ്ടിയായിരിക്കും. കാരണം, അല്ലാഹുവിന്റെ മഹത്വവും ഔന്നത്യവും എപ്രകാരം ആദരിക്കപ്പെടണമോ, അപ്രകാരം തന്നെ അയാൾ സ്വന്തം നഫ്സിന്റെ മഹത്വവും വലിപ്പവും ആഗ്രഹിക്കുന്നു. ഇതാണ് ആരാധനയുടെ യാഥാർത്ഥ്യം.

അതുപോലെ തന്നെ അയാളുടെ ആരാധനയുടെ ഒരു വിഹിതം സൃഷ്ടികൾക്കും വേണ്ടിയുള്ളതായിരിക്കും. കാരണം, അല്ലാഹുവിന് മാത്രം പ്രത്യേകമായുള്ള ആ മഹത്വത്തിലും ഔന്നത്യത്തിലും ശക്തിയിലും അധികാരത്തിലും ഒരു പങ്ക് അയാൾ സൃഷ്ടികൾക്കും നൽകുന്നു. അതിനാൽ അയാൾ അല്ലാഹുവിനെ ആരാധിക്കുന്നതു പോലെ സ്വന്തം നഫ്സിനെയും സൃഷ്ടികളെയും ആരാധിക്കുന്നു; മാത്രമല്ല, ലൗകികമായ സകല ഭൗതിക കാരണങ്ങളെയും (അസ്ബാബ്) തന്റെ ആരാധനയിൽ അയാൾ പങ്കുചേർക്കുന്നു. അതായത് ദുനിയാവിലെ നിസ്സാരമായ കാരണങ്ങൾക്കും അയാൾ അതിൽ വിഹിതം നൽകുന്നു. കാരണം, അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനും വിധിതീർപ്പിനും വിപരീതമായി ഈ കാരണങ്ങൾക്കും കാര്യങ്ങൾ നടത്തുന്നതിൽ പങ്കുണ്ടെന്ന് അയാൾ വിശ്വസിക്കുന്നു. (തുടരും)

പേജ് 2 ൽ നിന്ന്

**ഈ വർഷം മൊത്തത്തിലുള്ള കണക്കിൽ ഒന്നാം സ്ഥാനം നേടിയെങ്കിലും കാനഡ വലിയ പരിശ്രമം നടത്തുകയും ഏകദേശം ബ്രിട്ടന്റെ അടുത്തെത്തുകയും ചെയ്തു, ഈ വർഷം അവർ രണ്ടാം സ്ഥാനത്താണ്. മൂന്നാം സ്ഥാനത്ത് ജർമ്മനിയും നാലാം സ്ഥാനത്ത് അമേരിക്കയുമാണ്. അഞ്ചാം സ്ഥാനം ഇന്ത്യയ്ക്കാണ്. പിന്നെ ഓസ്ട്രേലിയ, തുടർന്ന് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, ഇന്തോനേഷ്യ, വീണ്ടും മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പത്താം സ്ഥാനത്ത് ബെൽജിയം എന്നിങ്ങനെയാണ്.**

ആഫ്രിക്കയിൽ മൊത്തത്തിലുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ പത്ത് സ്ഥാനങ്ങളിലുള്ള രാജ്യങ്ങളുടെ പേരുകൾ ഈ ക്രമത്തിലാണ്: ഘാന ഒന്നാം സ്ഥാനത്ത്, പിന്നീട് മൗറീഷ്യസ്, ബുർക്കിന ഫാസോ, ടാൻസാനിയ, നൈജീരിയ, ലൈബീരിയ, ഗാംബിയ, സിയറ ലിയോൺ, ബെനിൻ, മാലി.

**അല്ലാഹുവിന്റെ കൃപയാൽ ചന്ദ നല്കിയവരുടെ എണ്ണം അഞ്ച് മില്ല്യണിലധികം (50 ലക്ഷം) ആണ്.**

ഇതിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്താൻ പരിശ്രമിച്ചവരിൽ നൈജീരിയ, നൈജർ, ഗാംബിയ, ഗിനിയ ബിസാവു, കോംഗോ ബ്രസാവില്ലെ, ഐവറി കോസ്റ്റ്, സെൻട്രൽ ആഫ്രിക്ക, കോംഗോ കിൻഷാസ എന്നിവർ എടുത്തു പറയേണ്ടവരാണ്. അവർ ജനങ്ങളെ ഇതിൽ ഉൾപ്പെടുത്താൻ വലിയ പരിശ്രമം നടത്തി.

**മൊത്തം തുകയുടെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ പത്ത് വലിയ ജമാഅത്തുകളിൽ** ഒന്നാം സ്ഥാനത്ത് ഇസ്‌ലാമാബാദ് ആണ്. രണ്ട് വൂസ്റ്റർ പാർക്ക്, മൂന്ന് ആഷ്, പിന്നെ വാൾസാൽ, ആൽഡർഷോട്ട് സൗത്ത്, ഫർണാം നോർത്ത്, തുടർന്ന് മോർഡൻ, ഫർണാം സൗത്ത്, ഗില്ലിംഗ്ഹാം, പിന്നെ ആൽഡർഷോട്ട് നോർത്ത്.

**അഞ്ച് റീജിയണുകളിൽ ഒന്നാം സ്ഥാനത്ത്** ഇസ്ലാമാബാദ് ആണ്. പിന്നെ ബൈത്തുൽ ഫുതൂഹ്, ഫസൽ മോസ്ക്, ബൈത്തുൽ ഇഹ്സാൻ, വെസ്റ്റ് മിഡ്ലാൻഡ്സ്.

**ദഫ്തർ അത്ഫാലിന് (കുട്ടികളുടെ രജിസ്റ്റർ)** വഖ്ഫെ ജദീദിൽ പ്രത്യേക കണക്കുള്ളതിനാൽ അതിലെ സ്ഥാനങ്ങൾ ഇവയാണ്: ആൽഡർഷോട്ട് സൗത്ത് ഒന്നാം സ്ഥാനത്ത്, പിന്നെ ആൽഡർഷോട്ട് നോർത്ത്, മോർഡൻ, ആഷ്, ചീം സൗത്ത്, ഫർണാം സൗത്ത്, ഇസ്ലാമാബാദ്, റോഹാംപ്ടൺ വേൽ, വിച്ചൻ പാർക്ക്, വാൾസാൽ.

**മൊത്തം സ്ഥാനങ്ങളിൽ കാനഡ രണ്ടാം സ്ഥാനത്തായിരുന്നു.** കാനഡയിലെ ജമാഅത്തുകളിൽ വോൺ (Vaughan) ഒന്നാം സ്ഥാനത്താണ്. പിന്നെ പീസ് വില്ലേജ്, കാൽഗറി, ബ്രാംപ്ടൺ വെസ്റ്റ്, വാൻകൂവർ, ടൊറന്റോ വെസ്റ്റ്, മിസിസാഗ, ബ്രാംപ്ടൺ ഈസ്റ്റ്, ടൊറന്റോ.

**കാനഡയിലെ പത്ത് വലിയ ജമാഅത്തുകൾ ഇവയാണ്:** ഹാമിൽട്ടൺ ഒന്നാം സ്ഥാനത്ത്, പിന്നീട് എഡ്മണ്ടൻ വെസ്റ്റ്, ഹദീഖ അഹ്മദ്, ഹാമിൽട്ടൺ മൗണ്ടൻ, ഒട്ടാവ വെസ്റ്റ്, റീജൈന, എയർഡ്രി, ഇന്നിസ്ഫിൽ, വുഡ്റീൽ, സഡ്ബറി.

**അത്ഫാലിൽ ഇവരുടെ സ്ഥാനങ്ങൾ:** വോൺ ഒന്നാം സ്ഥാനത്ത്, പിന്നീട് ടൊറന്റോ വെസ്റ്റ്, പീസ് വില്ലേജ്, കാൽഗറി, ബ്രാംപ്ടൺ വെസ്റ്റ്, ബ്രാംപ്ടൺ ഈസ്റ്റ്, വാൻകൂവർ, മിസിസാഗ, ടൊറന്റോ.

**അത്ഫാലിൽ മുൻപന്തിയിലുള്ള മറ്റ് ജമാഅത്തുകൾ:** ഹദീഖ അഹ്മദ് ഒന്നാം സ്ഥാനത്ത്, ലണ്ടൻ സൗത്ത്, ഹാമിൽട്ടൺ (കാനഡയിലും ഒരു ലണ്ടൻ ഉണ്ട്), ഹാമിൽട്ടൺ മൂന്നാം സ്ഥാനം, ഇന്നിസ്ഫിൽ, മോൺട്രിയൽ വെസ്റ്റ്, ബൈത്തുൽ ഇഹ്സാൻ,

• ഹദീഥുന്നബ്‌വി ﷺ •

"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വി ﷺ •

"അസ്സലാമു ഖബ്‌ലൽകലാമി."
സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2026-28 Vol-11 Thursday 19-26 February 2026 Issue: 08-09

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

സാസ്കാറ്റൂൺ വെസ്റ്റ്, സൗത്ത് വെസ്റ്റ്, ഡർഹാം ഈസ്റ്റ്, വുഡ് സ്റ്റോക്ക്, അബോട്ട്സ്ഫോർഡ്, ബർലിംഗ്ടൺ.

**ജർമ്മനിയിലെ അഞ്ച് ലോക്കൽ ജമാഅത്തുകളിൽ** ഹാംബർഗ് ഒന്നാം സ്ഥാനത്തും ഫ്രാങ്ക്ഫർട്ട് രണ്ടാം സ്ഥാനത്തുമാണ്. പിന്നെ വൈസ്ബാഡൻ, റീഡർസ്റ്റാഡ്, ഗ്രോസ്-ഗെറാവു. ഈ പത്ത് ജമാഅത്തുകൾ ഇവയാണ്: റോഡ്ഗാവു, നിദ്ദ, ന്യൂവിഡ്, റോഡർമാർക്ക്, വെയ്ൻഗാർട്ടൻ, ഫ്ലോർഷൈം, ബെർലിൻ, കോബ്ലെൻസ്, മഹ്ദി ആബാദ്, പിന്നബെർഗ്.

**അത്ഫാലിലെ അഞ്ച് റീജിയണുകൾ:** വൈസ്ബാഡൻ ഒന്നാം സ്ഥാനത്ത്, ഹാംബർഗ്, ഹെസ്സൻ സൗത്ത് ഈസ്റ്റ്, മാൻഹൈം, വെസ്റ്റ്ഫാലൻ.

**അമേരിക്കയിലെ പത്ത് ജമാഅത്തുകളിൽ** നോർത്ത് വിർജീനിയ ഒന്നാം സ്ഥാനത്താണ്. പിന്നെ മേരിലാൻഡ്, ലോസ് ഏഞ്ചൽസ്, ചിക്കാഗോ, സിയാറ്റിൽ, സിലിക്കൺ വാലി, ഡാളസ്, ഡിട്രോയിറ്റ്, സൗത്ത് വിർജീനിയ, ജോർജിയ കരോലിന.

**അത്ഫാലിൽ മേരിലാൻഡ് ഒന്നാം സ്ഥാനത്ത്,** പിന്നെ ആൽബനി, ലോസ് ഏഞ്ചൽസ്, നോർത്ത് വിർജീനിയ, സിയാറ്റിൽ, ചിക്കാഗോ, ജോർജിയ കരോലിന, ഡാളസ്, ഓഷ്കോഷ്, ഹൂസ്റ്റൺ.

പാക്കിസ്ഥാന്റെ സ്ഥാനവും ഇതിലുണ്ട്, മൊത്തം കണക്കെടുത്താൽ അത് അഞ്ചാമതാണ്. അവിടെ കറൻസി മൂല്യം കുറഞ്ഞു വെങ്കിലും പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ത്യാഗത്തിന്റെ നിലവാരം അല്ലാഹുവിന്റെ കൃപയാൽ വളരെ ഉയർന്നിട്ടുണ്ട്. പാക്കിസ്ഥാനിൽ ഒന്നാം സ്ഥാനത്ത് ലാഹോറാണ്, രണ്ടാം സ്ഥാനത്ത് റബ്വയും മൂന്നാം സ്ഥാനത്ത് കറാച്ചിയുമാണ്. മുതിർന്നവരുടെ ചന്ദയിൽ ജില്ലകളുടെ ക്രമം ഇപ്രകാരമാണ്:

**ഇസ്ലാമാബാദ് ഒന്നാമത്,** പിന്നെ ഫൈസലാബാദ്, റാവൽപിണ്ടി, ഗുജറാത്ത്, സർഗോദ, ഉമർകോട്ട്, മുൽത്താൻ, നരോവാൾ, മീർപൂർ ഖാസ്, ഡെറ ഗാസി ഖാൻ.

ആദ്യ പത്ത് ജമാഅത്തുകളിൽ ഇസ്ലാമാബാദ് സിറ്റി ഒന്നാം സ്ഥാനത്ത്, പിന്നെ ടൗൺഷിപ്പ് ലാഹോർ, ഡിഫൻസ് ലാഹോർ, ദാറുൽ ദിക്ർ ലാഹോർ, സമനാബാദ് ലാഹോർ, അല്ലാമ ഇഖ്ബാൽ ടൗൺ ലാഹോർ, ബൈത്തുൽ ഫസൽ ഫൈസലാബാദ്, മുഗൾപുര ലാഹോർ, മുൽത്താൻ സിറ്റി, ഡൽഹി ഗേറ്റ് ലാഹോർ.

**അത്ഫാലിൽ പാക്കിസ്ഥാനിലെ ജമാഅത്തുകളിൽ** ഒന്നാം സ്ഥാനത്ത് ലാഹോർ, രണ്ടാം സ്ഥാനത്ത് റബ്വ, മൂന്നാം സ്ഥാനത്ത് കറാച്ചി. ജില്ലകളുടെ സ്ഥാനങ്ങൾ: ഇസ്ലാമാബാദ് ഒന്ന്, ഫൈസലാബാദ് രണ്ട്, നരോവാൾ, റാവൽപിണ്ടി, ഉമർകോട്ട്, സർഗോദ, ഗുജറാത്ത്, മീർപൂർ ഖാസ്, ലയ്യ, ടോബ ടെക് സിംഗ്.

**ഇന്ത്യയിലെ സ്ഥാനങ്ങളിൽ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്.** പിന്നീട് തമിഴ്നാട്, ജമ്മു കശ്മീർ, തെലങ്കാന, കർണാടക, ഒഡീഷ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്.

**ജമാഅത്തുകളിൽ ആദ്യ പത്ത് സ്ഥാനങ്ങൾ ഇവയാണ്:** കോയമ്പത്തൂർ ഒന്നാം സ്ഥാനത്ത്, പിന്നെ ഹൈദരാബാദ്, ഖാദിയാൻ, കാലിക്കറ്റ്, മേലപ്പാളയം, ബാംഗ്ലൂർ, മഞ്ചേരി, കൊൽക്കത്ത, കേരംഗ്, കരുളായി.

ഓസ്ട്രേലിയയിലെ പത്ത് ജമാഅത്തുകൾ ഇവയാണ്: മെൽബൺ ലോംഗ് വാരൻ, മാർസ്ഡൻ പാർക്ക്, കാസിൽ ഹിൽ, മെൽബൺ ബെറിക്, മെൽബൺ ക്ലൈഡ്, പെൻറിത്ത്, പെർത്ത്, മെൽബൺ വെസ്റ്റ്, ലോഗൻ ഈസ്റ്റ്, മെൽബൺ ഈസ്റ്റ്.

**അവരുടെ ജമാഅത്തുകൾ ഇവയാണ്:** മെൽബൺ ലോംഗ് വാരൻ, മാർസ്ഡൻ പാർക്ക്, കാസിൽ ഹിൽ, മെൽബൺ ബെറിക്, മെൽബൺ ക്ലൈഡ്, പെൻറിത്ത്, മെൽബൺ ഈസ്റ്റ്, പെർത്ത്, മെൽബൺ വെസ്റ്റ്, അഡ്ലെയ്ഡ് വെസ്റ്റ്.

**അത്ഫാലിൽ ഇവരുടെ സ്ഥാനങ്ങൾ:** ലോഗൻ ഈസ്റ്റ് ഒന്നാം സ്ഥാനത്ത്, പിന്നീട് മെൽബൺ ലോംഗ് വാരൻ, അഡ്ലെയ്ഡ് സൗത്ത്, മെൽബൺ വെസ്റ്റ്, ലോഗൻ വെസ്റ്റ്, മെൽബൺ ബെറിക്, കാസിൽ ഹിൽ, പെർത്ത്, ലാംപ്ടൺ, പെൻറിത്ത്.

ഈ ത്യാഗങ്ങളിൽ പങ്കുചേർന്ന എല്ലാവരുടെയും സമ്പത്തിലും ജീവിതത്തിലും അല്ലാഹു സമൃദ്ധമായി അനുഗ്രഹങ്ങൾ ചൊരിയട്ടെ.

ചില ജമാഅത്തുകളുടെ പേരുകൾ ഞാൻ വായിക്കുന്നത്, തങ്ങളുടെ സ്ഥാനം എവിടെയാണെന്ന് അറിയാൻ അവർക്ക് ആഗ്രഹമുണ്ടാകും എന്നതിനാലാണ്. നടപ്പു രീതിയനുസരിച്ചാണ് ഇത് വായിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**പിശുക്കും ഈമാനും (വിശ്വാസം) ഒരേ ഹൃദയത്തിൽ ഒന്നിച്ചുനിൽക്കില്ലെന്ന് ഞാൻ തീർച്ചയായും വിശ്വസിക്കുന്നു. സന്നദ്ധമായ ഹൃദയത്തോടെ അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാൾ തന്റെ പെട്ടിയിൽ പൂട്ടിവെച്ചിരിക്കുന്ന സമ്പാദ്യത്തെ മാത്രമല്ല തന്റെ ധനമായി കാണുന്നത്; മറിച്ച് അല്ലാഹുവിന്റെ സകല ഖജനാവുകളെയും അവൻ സ്വന്തം ഖജനാവുകളായി കരുതുന്നു. പ്രകാശം വരുമ്പോൾ ഇരുട്ട് അകലുന്നതുപോലെ അവനിൽ നിന്ന് പിശുക്ക് ഇല്ലാതാകുന്നു.**

(مجموعہ اشتہارات جلد 3 صفحہ 324)

അതിനാൽ ഇത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാകുന്നു.

അല്ലാഹു എങ്ങനെയാണ് ജനങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നത് എന്ന് നമ്മൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. കാരണം എല്ലാ ഖജനാവുകളും അല്ലാഹുവിന്റെ പക്കലാണെന്ന് അവർ മനസ്സിലാക്കുന്നു.

ഹദീസിലും വന്നിട്ടുണ്ട്, എല്ലാ ഖജനാവുകളും അല്ലാഹുവിന്റെ പക്കലാണ്, പരലോകത്ത് അവൻ അത് നല്കി അനുഗ്രഹിക്കും, എന്നാൽ ഈ ലോകത്തും അവൻ അനുഗ്രഹിച്ചു കൊണ്ടേയിരിക്കും. വിശുദ്ധ ഖുർആനിലും അല്ലാഹു ഇത് പറഞ്ഞിട്ടുണ്ട്.

അല്ലാഹു എങ്ങനെയൊക്കെയാണ് അനുഗ്രഹിക്കുന്നതെന്ന് കാണുമ്പോൾ മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു.

ജനങ്ങൾ ഇതിന് അനുഭവസ്ഥരാണ്, ചില സംഭവങ്ങൾ ഞാൻ കേൾപ്പിക്കുകയും ചെയ്തു. ഭാവിയിലും സാമ്പത്തിക ത്യാഗങ്ങൾ ചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ, അതോടൊപ്പം നമ്മുടെ ഈമാനിലും ദൃഢജ്ഞാനത്തിലും വർദ്ധനവ് നല്കുകയും ചെയ്യുമാറാകട്ടെ.

(വിവ. അംനാസ് പി.കെ)

പേജ് 1 ൽ നിന്ന്

അന്ധകാരം ഇല്ലാതാകുന്നതു പോലെ അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

ഈ അവസ്ഥയെക്കുറിച്ച് അല്ലാഹു ഖുർആനിൽ ഇപ്രകാരം പറയുന്നു:

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ

(അൽ ബഖറ: 187)

അതായത്, റമദാൻ മാസം വരുമ്പോൾ എന്റെ ദാസന്മാർ എന്നെ എങ്ങനെ കണ്ടെത്താം എന്ന് നിന്നോട് ചോദിച്ചാൽ, റമദാനും അല്ലാഹുവും തമ്മിൽ വ്യത്യാസമില്ലെന്ന് അവരോട് പറയുക. അല്ലാഹു തന്റെ ദാസന്മാർക്കായി വെളിപ്പെട്ട മാസമാണിത്. ഹബ്ലുല്ലാഹ് (ദൈവിക പാശം) ആയ ഈ കലാം (വിശുദ്ധ ഖുർആൻ) വഴി തന്റെ ദാസന്മാരെ വീണ്ടും തന്നിലേക്ക് വലിച്ചടുപ്പിക്കാൻ അവൻ ആഗ്രഹിച്ചു. ഒരു അറ്റം അല്ലാഹുവിന്റെ കയ്യിലും മറ്റേ അറ്റം സൃഷ്ടികളുടെ കയ്യിലുമുള്ള അല്ലാഹുവിന്റെ കയറാണത്. ഇനി ഈ കയറിലൂടെ വലിഞ്ഞുകയറി അല്ലാഹുവിലേക്ക് എത്തുക എന്നത് ദാസന്മാരുടെ ജോലിയാണ്. *(തഫ്സീറെ കബീർ, വാല്യം 3, പേജ് 191,192)*

പേജ് 2 ൽ നിന്ന്

പ്രാധാന്യം, അതിന്റെ നന്മകൾ, അതിലെ ശോഭനമായ തെളിവുകൾ എന്നിവയെക്കുറിച്ച് വീണ്ടും വീണ്ടും കേൾക്കുകയും വായിക്കുകയും അവയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. *(അവ: ബദ്ർ, 2023 ഏപ്രിൽ 20)*

അല്ലാഹു തആലാ നമ്മൾക്കെല്ലാവർക്കും റമദാൻ മാസത്തിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകാനും നമ്മുടെ മടിത്തട്ടുകൾ അതിന്റെ അനുഗ്രഹങ്ങൾ കൊണ്ട് നിറയ്ക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin